കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

അങ്കമാലി മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.1)63/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 18/03/2026
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
അങ്കമാലി മുനിസിപ്പാലിറ്റി

സർ,

വിഷയം : അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
4. ജോയിന്റ് ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
5. കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.1)63/2026 തീയ്യതി: 18/03/2026

എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 43 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സിനി എം വി	ജോയിന്റ് ഡയറക്ടർ	12-01-2026	28-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-01-2026	28-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പോളി ടി.ഒ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീമതി.ടെസ്സി എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീ.രാമകൃഷ്ണൻ കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.പുഷ്പ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കിരൺ കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അനുരൂപ ടി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ മാത്യു തോമസ്	ചെയർമാൻ	01-04-2024	21-01-2025
ശ്രീമതി സീന ടീച്ചർ	ചെയർപേഴ്സൺ	22-01-2025	05-02-2025
ശ്രീ. ഷിയോ പോൾ	ചെയർമാൻ	06-02-2025	31-03-2025
ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ	സെക്രട്ടറി	01-04-2024	12-06-2024
ശ്രീമതി ശോഭിനി ടി വി	സെക്രട്ടറി-ഇൻ-ചാർജ്ജ്	13-06-2024	15-06-2024
ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ	സെക്രട്ടറി	16-06-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ശോഭിനി ടി വി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ സിജി മത്തായി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-05-2024
ശ്രീമതി സീജ കെ.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-06-2024	23-09-2024
ശ്രീ. പ്രസാദ് വി.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	24-09-2024	31-03-2025
ഡോ. സുനിൽ ജെ. ഇളംതട്ട്	സൂപ്രണ്ട്, താലൂക്ക് ആശുപത്രി	01-04-2024	31-03-2025
ഡോ.പ്രീതി.വി	സീനിയർ വെറ്ററിനറി സർജ്ജൻ	01-04-2024	19-12-2024
സലീം കെ. മാണിക്കാൻ	സീനിയർ വെറ്ററിനറി സർജ്ജൻ	20-12-2024	31-03-2025
ശ്രീ ജോബി ടി വൈ	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി സ്മിത കെ ബി	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി പ്രതിഭ മത്തായി	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2024	07-08-2024
ശ്രീമതി മനീഷ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	08-08-2024	31-03-2025

ടി.എ			
ശ്രീ. ഓമനക്കുട്ടൻ.എൻ.ടി	അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ	01-04-2024	31-03-2025
ശ്രീ അനിൽ ആർ	ഹെൽത്ത് ഓഫീസർ	01-04-2024	31-03-2025
ഡോ ജോബി വർഗ്ഗീസ്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2024	24-01-2025
ഡോ ജയശ്രീ പി.വി.	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	25-01-2025	31-03-2025
ശ്രീമതി അനിത എം.ആർ	ഹെഡ്മിസ്ട്രസ്, എം.ജി.എം.ജി.എച്ച്.എസ്, നായത്തോട്	01-04-2024	20-04-2024
ശ്രീമതി റിജ ജെ.ആർ	ഹെഡ്മിസ്ട്രസ്, എം.ജി.എം.ജി.എച്ച്.എസ്, നായത്തോട്	21-04-2024	17-06-2024
ശ്രീമതി ലീമ പി.ഡി.	ഹെഡ്മിസ്ട്രസ്, എം.ജി.എം.ജി.എച്ച്.എസ്, നായത്തോട്	18-06-2024	31-03-2025
ഡോ റീജ എൽ ജെ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീമതി. അജിതമോൾ.കെ.എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	25-01-2025
ശ്രീമതി മൗറീൻ ജേക്കബ് തോമസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	26-01-2025	31-03-2025
ശ്രീ. പ്രകാശ്	പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ -പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല	1-1-2
4	C.F.C Grant ചെലവ് തുക Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-3
5	AMRUT -പ്രോജക്കുകൾക്ക് ചെലവഴിച്ച 32574566 രൂപ Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-5
7	വികസന ഫണ്ട് (ജനറൽ)ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-6
8	Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരിപ്പ്, മുന്നിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.	1-1-7
9	നീക്കിയിരുപ്പ് തുകകൾ, B4, B17 എന്നീ ഷെഡ്യൂളുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല	1-1-8
10	സ്ഥിര നിക്ഷേപങ്ങൾ നീക്കിയിരിപ്പ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-9
11	ഹെൽത്ത് ഗ്രാന്റ് ചെലവ് തുക Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-10
12	Secured Loans വിശദാംശങ്ങൾ ലഭ്യമല്ല	1-1-11
13	PMAY വിഹിതം ചെലവ് തുക Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-12
14	വാടക കുടിശ്ശിക നീക്കിയിരിപ്പ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-13
15	ലൈസൻസ് കുടിശ്ശിക നീക്കിയിരിപ്പ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-14
16	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ് - രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല	1-1-15
17	ബജറ്റ്	1-2
18	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
19	ഫണ്ട് വിനിയോഗം	1-4
20	പദ്ധതി അവലോകനം	1-5
21	ക്ഷേമ പദ്ധതികൾ	1-6
22	തൊഴിലുറപ്പ് പദ്ധതി	1-7

23	ക്യാഷ് ബാലൻസ് പരിശോധന	1-8
24	ആഭ്യന്തര നിയന്ത്രണം	1-9
25	കുറവ് ലൈസൻസ് ഫീസ് ഈടാക്കി	1-10
26	നഗരസഭ വക കെട്ടിട മുറികളിൽ നിന്ന് വാടകയിനത്തിലുള്ള വരവ് - ഓഡിറ്റ് നിരീക്ഷണങ്ങൾ	1-11
27	ലൈസൻസ് അപേക്ഷ- കെസ്മാർട്ടിലെ നടപടിക്രമങ്ങളിൽ അപാകത-ഫീസ് അടവാക്കാതെ തന്നെ ഫയൽ തീർപ്പാകുന്നു	1-12
28	കെ സ്മാർട്ട് സോഫ്റ്റ്വെയർ ഓഡിറ്റർ ലോഗിൻ - പരിമിതികൾ	1-13
29	ധനകാര്യ കമ്മീഷൻ ഗ്രാന്റിനങ്ങളിലെ ട്രഷറി വരവ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-14
30	നമ്പറിംഗിനു ശേഷം കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങൾ നടത്തി	1-15
31	നഗരസഭ പരിധിയിലെ സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല	1-16
32	ഒറ്റ തവണ കെട്ടിട നികുതി - സർക്കാർ ഉത്തരവിനു വിരുദ്ധമായി കെട്ടിടനമ്പർ അനുവദിച്ചു	1-17
33	റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-18
34	കെട്ടിടത്തിലെ അനധികൃത നിർമ്മാണം WP(C)No.768/2024 കേസിന്റെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്	1-19
35	ആംബുലൻസ് വാടക വൈകി അടവാക്കി	1-20
36	വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-21
37	വിവിധ സ്കൂളുകളുടെ നവീകരണം	1-22
38	ആറ് സെന്റ് കോളനി ഡ്രെയിൻ കവർ സ്ലാബ്- കമ്പി അധികം ഉപയോഗിച്ചത്	1-23
39	വയോമിത്രം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്	1-24
40	വീട് വാസയോഗ്യമാക്കൽ -സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.	1-25
41	ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല	1-26
42	പി എം എ വൈ പദ്ധതിയുടെ പുരോഗതി	1-27
43	മുൻകൂർ തുക നൽകിയത് - ക്രമീകരിച്ചിട്ടില്ല	1-28
44	പി.എം.എ.വൈ ഭവന നിർമ്മാണം- -സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.	1-29
45	കോക്ലീയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ റിപ്പയറിംഗ്- വിനിയോഗ സാക്ഷപത്രം ലഭ്യമാക്കേണ്ടതാണ്.	1-30
46	സ്ഥിര നിക്ഷേപങ്ങൾ നീക്കിയിരിപ്പ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-31
47	പീച്ചാനിക്കാട് സ്ത്രീ വികസന കേന്ദ്രത്തിന് സ്ഥലം വാങ്ങൽ - സൊലേഷ്യം തുക അധികം നൽകി	1-32
48	താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിലേക്ക് ഫയർ	1-33

	എക്സ്റ്റിംഗ്ഗ്യൂഷറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ അപാകത	
49	വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം വ്യക്തിഗതം - അപാകത	1-34
50	സ്റ്റാറ്റ്യൂട്ടറി പെൻഷൻ -അവലോകനം	1-35
51	റഗുലർ പെൻഷൻ	1-35-1
52	കണ്ടിജന്റ് പെൻഷൻ	1-35-2
53	മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടില്ല	1-36
54	അമൃത് 2.0- ജലക്ഷാമം പരിഹരിക്കുന്നതിനുളള പദ്ധതിക്ക് പകരം 7336920 രൂപ ചെലവിൽ അമ്പലക്കുളം പുനരുദ്ധാരണം നടത്തി.	1-37
55	അമൃത് 2.0 പദ്ധതിയിൽ 20889126 രൂപ വാട്ടർ അതോറിറ്റിക്ക് നൽകി- പ്രവൃത്തികൾ നടത്തിയ രേഖകൾ ഇല്ല	1-38
56	മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല-392550 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.	1-39
57	അമൃത് 2.0 പദ്ധതിയിൽ നൽകിയത് കൂടാതെ വീണ്ടും പൈപ്പ് ലൈനുകൾ നീട്ടുന്നതിന് വാട്ടർ അതോറ്റിക്ക് നൽകിയ 3591061 രൂപയുടെ ചെലവ് ചെലവ് തടസ്സപ്പെടുത്തുന്നു	1-40
58	മിനി എം സി എഫ് നിർമ്മാണം - അപാകതകൾ	1-41
59	നഗരസഞ്ചയ പ്രവർത്തനങ്ങൾ ഐക്കാട്ട് കടവ് ചിറ പുനരുദ്ധാരണം- അപാകതകൾ	1-42
60	വിവിധ ജലസേചന പദ്ധതികളുടെ നിർമ്മാണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ	1-43
61	പ്ലാൻ ഫണ്ടുകൾ സമയ ബന്ധിതമായി ചെലവവഴിച്ചില്ല 12237375 രൂപ നഷ്ടമായി	1-44
62	ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-45
63	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-46
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	ഓഡിറ്റ് റിക്കവറി	4-7

8	സ്ഥിര നിക്ഷേപങ്ങൾ.	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-9
10	ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. അങ്കമാലി നഗരസഭയുടെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28.11.2025 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.11.2025 -ാം തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അങ്കമാലി നഗരസഭയുടെ 2024-25 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 18.03.2026

ജോയിന്റ് ഡയറക്ടർ

1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007, ചട്ടം 58 (ഇഎഫ്)).

1-1-2 ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ -പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല

അക്കൗണ്ട്സിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയ ബാങ്ക് റിക്കൺസിലിയേഷൻ പത്രികകളിൽ (കെ സ്മാർട്ടിലെ ഫിനാൻസ് റിപ്പോർട്ടിൽ നിന്ന് ലഭിക്കുന്നത്), ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് ബുക്കും പാസ്സ് ബുക്കും തമ്മിലുള്ള വ്യത്യാസം റീക്കൺസിൽ ചെയ്ത് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, Uncredited Cheques, Uncashed Cheques എന്നിവയുടെ വിശദാംശം (ചെക്ക് നമ്പർ, തീയതി എന്നീ വിവരങ്ങൾ) ഉൾപ്പെടുത്തിയിട്ടില്ല. ചെക്കുകളുടെ ആകെ തുക മാത്രമാണുൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ റീക്കൺസിലിയേഷൻ എൻട്രികളുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനാവുന്നില്ല.

വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	അക്കൌണ്ട്	ബാങ്ക്ബുക്ക് ബാലൻസ്	പാസ്സ് ബുക്ക് ബാലൻസ്	വ്യത്യാസം റീക്കൺസിലിയേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയത്.
1	സിറ്റി യൂണിയൻ ബാങ്ക് CUB 500101012698884-92740100009981	9236098	19131960	Cheques Issued But Not Presented Into Bank= 9895862
2	ഫെഡറൽ ബാങ്ക് – 10020100540661	45394981	48092722.88	Cheques Issued But Not Presented Into Bank= 5411394 Cheques Issued But Not Presented Into Bank (Old) = 32408 Directly Credited By Bank =4.88 Cheques Deposited But Not Collected = 2706671 Cheques Deposited But Not Collected(Old) = 39394
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ SBoI - 57060213121	8991726	9655864.8	Cheques Issued But Not Presented Into Bank = 665389 Cheques Issued But Not Presented Into Bank (Old) = 10587 Cheques Deposited But Not Collected(Old) =118371

ചെക്ക് നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 38 തീയതി. 24.01.2026) ലഭ്യമാക്കിയ മറുപടിയിൽ കെ സ്മാർട്ടിൽ നിന്ന് ജനറേറ്റ് ചെയ്യുന്ന ബാങ്ക് റിക്കൺസിലിയേഷൻ റിപ്പോർട്ടിൽ Unreconcile ആയി നിൽക്കുന്ന ചെക്കുകളുടെ വിവരങ്ങൾ ലഭ്യമല്ലെന്നും (Internal Server Error എന്ന് കാണിക്കുന്നു). പ്രസ്തുത സോഫ്റ്റ്‌വെയർ അപാകത പരിഹരിക്കാൻ ഐ.കെ.എം നെ അറിയിച്ച് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-1-3 C.F.C Grant ചെലവ് തുക Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

സുലേഖ ചെലവ് പത്രിക പ്രകാരം Central Finance Commission Grant- Basic Tax Grant, Tied Fund ഇനത്തിൽ 32935488 രൂപ ചെലവ് ഉണ്ട്. പ്രസ്തുത ചെലവ് തുകകൾ Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies (160)- I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 AMRUT -പ്രോജക്ടുകൾക്ക് ചെലവഴിച്ച 32574566 രൂപ Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

AMRUT ((Atal Mission For Rejuvanation Of UrbanTransformation) പദ്ധതികൾക്കായി 21698296 രൂപ തൻവർഷം ലഭിച്ചിട്ടുണ്ട്. ആയതിൽ നിന്നും വിവിധ പ്രോജക്റ്റുകൾക്ക് ചെലവഴിച്ച 32574566 രൂപ Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പിൽ (B-4) 21698296 രൂപ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-5 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9- Fixed Assets, B-10 - Accumulated Depreciation, B-11 Capital Work In Progress എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-6 വികസന ഫണ്ട് (ജനറൽ)ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് (ജനറൽ) ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

AFS പ്രകാരം ചെലവ് (₹) (I-6+ Capital Contribution)	സുലേഖ പത്രിക പ്രകാരം ചെലവ് (₹)	വ്യത്യാസം (₹)
20751371	20655371	96000

1-1-7 Excess Of Income Over Expenditure ശീർഷകത്തിലെ നീക്കിയിരിപ്പ്, മുന്നിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

2023-24 ലെ Excess Of Income Over Expenditure പ്രകാരം (ഹെഡ് കോഡ് 310900100) നീക്കിയിരിപ്പ് 210,870,815.94 രൂപയാണ് എന്നാൽ 2024-25 ലെ ട്രയൽ ബാലൻസ് പ്രകാരം Excess Of Income Over Expenditure എന്ന ശീർഷകത്തിൽ (ഹെഡ് കോഡ് 3109001) മുന്നിരിപ്പ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 449,056,98.00 രൂപയാണ്. 165,965,117.94 രൂപ കുറവായാണ് മുന്നിരിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-8 നീക്കിയിരുപ്പ് തുകകൾ, B4, B17 എന്നീ ഷെഡ്യൂളുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല

താഴെപ്പറയുന്ന ശീർഷകങ്ങളിലെ നീക്കിയിരുപ്പ് തുകകൾ ബാലൻസ് ഷീറ്റിലെ B4, B17 എന്നീ ഷെഡ്യൂളുകൾ പ്രകാരം പൊരുത്തപ്പെടുന്നില്ല.

ക്രമ നം	ഫണ്ടിനം	B4 പ്രകാരം നീക്കിയിരുപ്പ്	B17 പ്രകാരം നീക്കിയിരുപ്പ്	വ്യത്യാസം
1	Central Finance Commission Grant - Basic Tax Grant	29873524	9236098	35720792
2	Central Finance Commission Grant – Tied Fund	15083366		
	ആകെ	44956890	9236098	35720792
3	HEALTH GRANT	2251000	4128054	1877054

1-1-9 സ്ഥിര നിക്ഷേപങ്ങൾ നീക്കിയിരിപ്പ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (AFS B-12 Schedule പ്രകാരം)	104074834.00
സ്ഥിര നിക്ഷേപ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 31.03.2025 ലെ നീക്കിയിരിപ്പ്	105521553.00
വ്യത്യാസം	1446719.00

സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിലും, സ്ഥിര നിക്ഷേപ രജിസ്റ്ററിലും 1446719.00 രൂപയുടെ വ്യത്യാസം ഉണ്ട്.

1-1-10 ഹെൽത്ത് ഗ്രാന്റ് ചെലവ് തുക Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

സുലേഖ ചെലവ് പത്രിക പ്രകാരം ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റുകളിൽ 9275917 രൂപ ചെലവ് ഉണ്ട്. പ്രസ്തുത ചെലവ് തുകകൾ Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies - I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-11 Secured Loans വിശദാംശങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂളിൽ Secured Loans എന്ന ശീർഷകത്തിൽ Loan From Banks ഇനത്തിൽ 15000 രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-1-12 PMAY വിഹിതം ചെലവ് തുക Revenue Grants, Contributions And Subsidies I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

പി എം എ വൈ ഭവന നിർമ്മാണ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ നിന്നും 2480000 രൂപ പ്രോജക്റ്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ചിട്ടുണ്ട്. ആയത് Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies (160)- I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 വാടക കുടിശ്ശിക നീക്കിയിരിപ്പ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാടക ഇനത്തിലെ രജിസ്റ്റർ പ്രകാരമുള്ള ഡി. സി ബി പത്രികയിലെ നീക്കിയിരിപ്പും വാർഷിക കണക്കിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ഇനം	രജിസ്റ്റർ പ്രകാരം	വാർഷിക കണക്ക് പ്രകാരം
Rent (Arrear)	36194	1038785
Rent (Current)	1195808	1155934

1-1-14 ലൈസൻസ് കുടിശ്ശിക നീക്കിയിരിപ്പ് - വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് 29,26,500/- രൂപയും കളക്ഷൻ 28,66,500/- രൂപയും ബാലൻസ് കിട്ടാനുള്ളത് 60,000/- രൂപയുമാണ്. എന്നാൽ 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് പ്രകാരം 1152000/- രൂപയാണ് കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-15 തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ് - രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

2024-25 വർഷത്തെ തൊഴിൽ നികുതി(സ്ഥാപനങ്ങൾ/ട്രേഡേഴ്സ്) രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ്(9,82,160/- രൂപ) വാർഷിക ധനകാര്യപത്രികയിലെ B-14 പ്രകാരമുള്ള തുകയുമായി (7,18,211/-) പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

08.02.2024 തീയതിയിലെ തീരുമാനം 1(1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. 19.03.2025 ലെ 1(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഇനം	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
1	മുന്നിരിപ്പ്	98851223.00	66632754.00

2	വരവ്	411860013.00	424800310.00
3	ആകെ	510711236.00	491433064.00
4	ചെലവ്	447221398.00	420242375.00
5	നീക്കിയിരുപ്പ്	63489838.00	71190689.00

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	66632754.00
വരവ്	221602670.00
ആകെ	288235424.00
ചെലവ്	200327341.00
നീക്കിയിരിപ്പ്	87908083.00

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ് പ്രകാരം വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)	ചെലവഴിക്കാതെ ലാപ്സായ തുക (₹)
വികസന ഫണ്ട് (ജനറൽ)	0	26239000 - 262390 =25976610 -227201 = 25749409	25749409	20655371	0	5094038
വികസന ഫണ്ട് (എസ്.സി.പി)	0	5826000 +227201 (ജനറൽ ഫണ്ടിൽ നിന്നും ക്രമീകരിച്ച തുക)	6053201	6026609	0	26592
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	25616000	25616000	25270540	0	345460
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	0	22565000	22565000	15767123	0	6797877
ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ് ബാങ്ക്)	5465117	9296530+ (പലിശ)321719 =9618249	15083366	32935488*	10650695	
ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്)	14557513	13945304	28502817			
ധനകാര്യ കമ്മീഷൻ	0	88984582	88984582	0	-	88984582

അവാർഡ് (അൺടൈഡ് ട്രഷറി)						
ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ട്രഷറി)	0	3749115	3749115	0		3749115
PMAY - General	0	3890000	3890000	0	3890000	
NULM	0	308530	308530	0	308530	
Swaccha Bharat Mission - IEC	0	20010	20010	0	20010	
Swaccha Bharat Mission - Solid Waste Management	0	26500	26500	0	26500	
Member Of Parliament L A D	20000	433918	453918	0	453918	
Amrut	0	21698296	21698296	0	21698296	
Flood Relief Grant	0	200000	200000	0	200000	
Other Grants & Contributions For Specific Purpose	14461967	0	14461967	0	14461967	
Grants Contributions For Specific Purposes – Central Government	19532194	1738735	21270929	0	21270929	
സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs (3201002)	₹2274245	₹63997 (പലിശ ഉൾപ്പെടെ)	₹2338242	₹23,33407	₹4835	
അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs	₹39,08,926	₹23,89,743 (പലിശ ഉൾപ്പെടെ)	₹62,98,669	₹21,70,615	₹41,28,054	

(3201001)						

കുറിപ്പ്- സ.ഉ (കൈ) 1625/25/20.02.25 പ്രകാരം 2023-24 വർഷത്തിൽ തനതു നികുതി പിരിവ് 90% ത്തിൽ കുറവായതിനാൽ 262390 രൂപ വികസന ഫണ്ടിൽനിന്നും കുറവ് ചെയ്തതിട്ടുണ്ട്. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ജി.ഒ പ്രോജക്ട് തുക 1357800 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

* CFC ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ്, PMAY എന്നിവയുടെ ചെലവ് വിവരങ്ങൾ I – 6 Revenue Grants, Contributions And Subsidies (160) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം 32935488* രൂപ CFC യിൽ ചെലവ് ഉണ്ട് ആയത് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

CFC ഗ്രാന്റ് ട്രഷറി വരവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ ചെലവ് വിവരങ്ങളും ലഭ്യമായിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
326	335535904*	173	141558445	35	118	42.18

*ജി.ഒ പ്രോജക്ട്സ് കുറവ് ചെയ്ത 1357890രൂപ അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭയിൽ വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	9243200	383
വിധവാപെൻഷൻ	27294200	1209
വാർദ്ധക്യകാല പെൻഷൻ	64823700	3315
വികലാംഗപെൻഷൻ	8229900	359
അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	1633400	74
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	0	0

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ആകെ	52,223	9999769	10051992	10051780	212

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2026തീയതിയിൽ ഉച്ചയ്ക്ക് 3.00 സമയത്ത് സ്ഥാപന മേധാവിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹39,168 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

റവന്യൂ പിരിവ്-കാര്യക്ഷമമല്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.14 ഷെഡ്യൂൾ പ്രകാരം വിവിധ റവന്യൂ വരുമാന ഇനങ്ങളിലായി 95483196 രൂപ കുടിശ്ശികയുണ്ട്. റവന്യൂ പിരിവിനായി ബിൽ കളക്ടർമാരെ ചുമതലപ്പെടുത്തി പിരിച്ചെടുക്കേണ്ട തുക നിശ്ചയിച്ച് നൽകിയിട്ടുള്ളതായോ നിശ്ചിത ഇടവേളകളിൽ റവന്യൂ പിരിവിന്റെ പുരോഗതി അധികാരികൾ വിലയിരുത്തിയിരുത്തി തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായോ കാണുന്നില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 22 (D)(1) പ്രകാരം നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതി, ഫീസുകൾ, വാടക, മറ്റ് വരവുകൾ എന്നിവയുടെ പിരിവ് ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്നതിനും 22 (D) (4) പ്രകാരം വരവിനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ബാലൻസ് പ്രതിമാസം പരിശോധിക്കുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ചുമതലയുണ്ട്. ഇപ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ വരവിനങ്ങളുടെ പിരിവിന്റെ കാര്യക്ഷമത സൂക്ഷ്മമായി യഥാകാലം നിരീക്ഷിച്ചിട്ടുള്ളതായി സ്റ്റാന്റിങ്ങ് കമ്മിറ്റി മിനുട്ട്സ് പരിശോധിച്ചതിൽ കാണുന്നില്ല. റവന്യൂ പിരിവ് സംബന്ധിച്ചുള്ള അഭ്യന്തര നിയന്ത്രണ ഉപാധികൾ കൃത്യമായി നടപ്പിലാക്കി റവന്യൂ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

തൊഴിൽ നികുതി - രേഖകളുടെ സൂക്ഷിപ്പ്

നഗരസഭയുടെ പ്രധാന റവന്യൂവരുമാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതി. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രേഖകളൊന്നും തന്നെ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വരുമാന സ്റ്റേറ്റ്മെന്റുകളിൽ ക്ലർക്ക് തലത്തിലോ സൂപ്പർവൈസറി തലത്തിലോ ഭരണതലത്തിലോ സൂക്ഷ്മപരിശോധനകൾ നടത്തപ്പെടുന്നില്ല. പല സ്റ്റേറ്റ്മെന്റിലും ജീവനക്കാരുടെ പ്രതിമാസ വരുമാനമോ ആറുമാസത്തെ ആകെ വരുമാനമോ രേഖപ്പെടുത്താതെ സമർപ്പിക്കപ്പെട്ടവയാണ്. ഇത് ലഭിക്കേണ്ട വരുമാനം തന്നെയാണോ ലഭിച്ചിരിക്കുന്നത് എന്ന് ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. നഗരസഭയിൽ തൊഴിൽ നികുതി അടക്കേണ്ടുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് പോലും ഉറപ്പാക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടങ്ങൾ 3(1),(2), 4(1),(2), 5,6, 7, 8 9,10,11 എന്നിവ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നെണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

പ്രത്യേക ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ ചട്ടപ്രകാരം ക്രമീകരിക്കുന്നില്ല .

ഓഡിറ്റിനായി ലഭ്യമാക്കിയ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകളിൽ 10,34571 രൂപ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഈ ചട്ടം പാലിച്ചുകാണുന്നില്ല. നൽകിയ മുൻകൂറുകൾ ചട്ടപ്രകാരം ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് വീണ്ടും മുൻകൂറുകൾ നൽകുന്ന രീതിയും നഗരസഭയിൽ നിലനിൽക്കുന്നുണ്ട്.

പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി നഗരസഭാ കൗൺസിലിൽ അവതരിപ്പിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ .

അങ്കമാലി നഗരസഭയുടെ 1966-67 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. നഗരസഭയ്ക്ക് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം നഗരസഭ പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്ററുകൾ ഇല്ല

ഉപകരണങ്ങൾ, വാഹനങ്ങൾ മുതലായവയ്ക്ക് സ്റ്റോക്ക് രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എല്ലാ വാങ്ങലുകളും സ്റ്റോക്ക് രജിസ്റ്ററുകളിൽ തുടർച്ചയായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ല.

സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഓരോ കേസിനും നൽകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രാവശ്യവും നൽകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിക്ക് നൽകുന്ന തുകകളുടെയും ചെയ്യുന്ന പ്രവൃത്തികളുടെയും വിവരങ്ങൾ ഇല്ല.

വാട്ടർ അതോറിറ്റിക്ക് കാലങ്ങളായി ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ തുകകൾ നൽകുന്നുണ്ടെങ്കിലും ഇതുവരെ എത്ര രൂപ നൽകിയെന്നോ ഏതൊക്കെ പ്രവൃത്തികൾ എവിടെയൊക്കെ നടത്തി എന്നോ ഉള്ള കണക്കുകൾ നഗരസഭയിൽ ഇല്ല. ഓഡിറ്റ് വർഷത്തിലും നഗരസഭാ ഫണ്ടും അമൃത് പദ്ധതിപ്രകാരവും വൻ തുകകൾ കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ഓരോ ടാപ്പിനും നിശ്ചിത തുക വാടകയായി ഈടാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അനുബന്ധപ്രവൃത്തികൾ നടത്തേണ്ടതും ജല വിതരണം നടത്തേണ്ടതും ആ സ്ഥാപനത്തിന്റെ ഉത്തരവാദിത്തവും ചുമതലയുമാണ്. പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് തുകകൾ ചെലവാക്കുന്നത്. എന്നാൽ ടാപ്പിന്റെ വാടക വരുമാനം വാട്ടർ അതോറിറ്റി ഈടാക്കുകയും ചെയ്യുന്നു. നഗരസഭയിൽനിന്നും ചെലവാക്കുന്ന തുകകൾക്ക് ആനുപാതികമായ കുറവുകൾ പൊതുജനങ്ങൾക്ക്/ നഗരസഭക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-10 കുറവ് ലൈസൻസ് ഫീസ് ഈടാക്കി

അങ്കമാലി നഗരസഭയുടെ 2024-25 കാലയളവിലെ ലൈസൻസ് രജിസ്റ്റർ (കെ സ്മാർട്ടിൽ നിന്ന് ലഭ്യമാകുന്നത്) പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് കുറവ് ഈടാക്കിയതായി കാണുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപവും, അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപവും വ്യത്യസ്തമാണ്. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധന നിക്ഷേപത്തുകയനുസരിച്ച് കുറവ് ലൈസൻസ് ഫീസാണ് നഗരസഭ ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

Application Number	Ward No/ Buliding No.	Name & Address Of Licensee	Name Of Institution	Capital Investment		License Fees Actually Collected	Licence Fees To Be Collected
				As Per Application	As Per Pollution Control Board Consent		
BFIF-00279691 -2024	4/492	DR Kurian K John, Kokkattu (H)	K G Hospital, Angamaly	78 Lakhs	394.45 Lakhs	5000	10000
BFIF-00085320 -2024	8/84	Rev.Fr.(Dr.) Joy Ainiyadan, Major Archbishops House	L F Hospital, Angamaly	500 Lakhs	11707.91 Lakhs	10000	15000
BFIF-00258905 -2024	5/840/ F1, F2, F3, F4	Sreejith K., Inchora (H)	My Cinemas Cafe,	70 Lakhs	2803.54 Lakhs	5000	15000

			Anthapilly Plantations				
BFIF-00015462 -2024	25/163, 163A	Joseph K. J. Also Known As Fr. Joy Kilikunnel	Rajagiri Medical Centre Angamaly	50 Lakhs	234.4 Lakhs	5000	10000

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18, തീയതി. 20.01.2026) ലഭ്യമാക്കിയ മറുപടിയിൽ, കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രത്തിൽ രേഖപ്പെടുത്തിരിക്കുന്ന മൂലധന നിക്ഷേപത്തിന് ആനുപാതികമായി അടവാക്കേണ്ട അധിക ലൈസൻസ് ഫീസ് ഈടാക്കുന്നതിന് 23.01.2026 ൽ മേൽ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും, ടി തുക നഗരസഭയിൽ ഒടുക്കുന്ന മുറയ്ക്ക് ആയത് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലൈസൻസിനുള്ള അപേക്ഷ കെ സ്മാർട്ടിൽ സമർപ്പിക്കുമ്പോൾ, അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്തിട്ടുള്ള ബന്ധപ്പെട്ട രേഖകളും കൂടി പരിശോധിച്ച് മൂലധന നിക്ഷേപത്തുകക്കാനുപാതികമായിട്ടുള്ള ഫീസ് ഈടാക്കാൻ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

1-11 നഗരസഭ വക കെട്ടിട മുറികളിൽ നിന്ന് വാടകയിനത്തിലുള്ള വരവ് - ഓഡിറ്റ് നിരീക്ഷണങ്ങൾ

അങ്കമാലി നഗരസഭയുടെ 2024-25 ലെ വാടകയിനത്തിലുള്ള വരവ്, കിസ്ത് ലേലം എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നിരീക്ഷണങ്ങൾ ഉൾപ്പെടുത്തുന്നു.

1. നഗരസഭ മാർക്കറ്റ് ബിൽഡിങ്ങിൽ P11 മുതൽ P20 വരെയുള്ള ഒഴിവായിക്കിടക്കുന്ന കടമുറികൾ നഗരസഭ കൗൺസിലിന്റെ (03.02.2023 ലെ 7-ാം നമ്പർ) തീരുമാന പ്രകാരം ബിവറേജ് കോർപ്പറേഷന് അനുവദിച്ചിട്ടുള്ളതിനാൽ, ടി മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നൽകുന്നതിനുള്ള 7.02.2024 ലെ ലേലത്തിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് തീരുമാനിച്ചു. എന്നാൽ ടി മുറികൾ നാളിതു വരെയായും ബിവറേജ് കോർപ്പറേഷൻ എഗ്രിമെന്റ് വച്ച് ഏറ്റെടുക്കാത്തതിനാൽ, 2024-25 കാലയളവിൽ ടി മുറികൾ (10എണ്ണം) ഒഴിഞ്ഞുതന്നെ കിടക്കുകയാണ്. കൂടാതെ 17.02.2024 ന് നഗരസഭ കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ലേലത്തിൽ ഒഴിഞ്ഞുകിടന്നിരുന്ന (F26 മുതൽ F29 വരെ, FFv31) 5 കടമുറികൾ കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിലും ടി മുറികളും ലേലത്തിൽ പോയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പരാമർശിത കെട്ടിടമുറികളുടെ നിലവിലെ അവസ്ഥ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.33, തീയതി. 24.01.2026) ലഭ്യമാക്കിയ മറുപടിയിൽ, ടി മുറികളെല്ലാം പിന്നീടുള്ള ലേലത്തിലും ഉൾപ്പെടുത്തിയെങ്കിലും ഒന്നും തന്നെ ലേലത്തിൽ പോയിട്ടില്ലെന്നും, നിലവിൽ ഒഴിഞ്ഞുകിടക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. മുറികൾക്ക് സൗകര്യക്കുറവായതിനാലാണോ, വാടക കൂടുതലായതിനാലാണോ ലേലത്തിൽ പ്രസ്തുത മുറികൾ പോകാത്തതെന്ന് പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. 2024-25 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പരാമർശിച്ച മുറികൾ കൂടാതെ ചുവടെ കൊടുത്തിരിക്കുന്ന കടമുറികളിൽ നിന്നും തൻ വർഷം വാടക ലഭ്യമായിട്ടില്ല. ടി മുറികൾ ഒഴിഞ്ഞു കിടക്കുന്നതിനാലാണോ, അതോ വാടക അടവാക്കാത്തതിനാലാണോ ഇത്തരത്തിൽ വാടക ലഭ്യമാകാത്തത് എന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.33, തീയതി. 24.01.2026) ലഭ്യമാക്കിയ മറുപടിയിൽ, പട്ടികയിലെ ക്രമ നം. 4, 5, 6 എന്നീ കെട്ടിട മുറികളുടെ 2024-25 ലെ വാടക 2025-26 സാമ്പത്തിക വർഷത്തിൽ ഈടാക്കിയിട്ടുണ്ടെന്നും,ആദ്യത്തെ മൂന്ന് ക്രമ നമ്പറുകളിലുള്ള കെട്ടിട മുറികളുടെ 2024-25 ലെ വാടക കുടിശ്ശിക ഈടാക്കുന്നതിന് നോട്ടിസ് നൽകിയിട്ടുണ്ടെന്നും ആയത് ഒടുക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നം.	കട മുറിയുടെ വിവരം (വാർഡ്/കെട്ടിട നം. എന്നിവ)	നഗരസഭ കെട്ടിടം	വാടകക്കാരന്റെ പേര്
1	XXV/343	ബസ് സ്റ്റാന്റ് കോംപ്ലക്സ്	സെക്രട്ടറി, പ്രസ്സ് ക്ലബ്
2	160c	ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്	ഡാർവിൻ ജോസഫ്, വല്ലൂരാൻ
3	162	ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്	പി.ജെ വർഗീസ്, പാറണിക്കുളങ്ങര
4	M11/IV/296	മാർക്കറ്റ് ബിൽഡിംഗ്സ്	ലോനപ്പൻ, കുറിയാശ്ശേരി
5	M19/IV/288	മാർക്കറ്റ് ബിൽഡിംഗ്സ്	എം.ഡി മാർട്ടിൻ, മേനാച്ചേരി

6	F9/IV/272	മാർക്കറ്റ് ബിൽഡിംഗ്സ്	കെ.കെ ശ്രീധരൻ, കോച്ചാപ്പിള്ളി

3. 2024-25 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ, കോട്ടയ്ക്കൽ അസ്സോസിയേറ്റ്സ് (484/C /ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്)എന്ന സ്ഥാപനം 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക R-M070300-24003078/10.06.2024 രസീതു പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കെ സ്മാർട്ടിൽ ടി രസീതു പരിശോധിച്ചതിൽ 75669/- രൂപ 2023-24 ലെ വാടകയിനത്തിൽ അടവാക്കിയതായിട്ടാണ് കാണുന്നത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.33, തീയതി. 24.01.2026) ലഭ്യമാക്കിയ മറുപടിയിൽ, 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക 2023-24 ലെ വാടകയിനത്തിലേക്ക് തെറ്റായി രസീത് എൻട്രി വരുത്തിയതാണെന്നും, ടി തുക 2024-25 ലെ വാടകയിനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ വാടക ഉൾപ്പെടെയുള്ള വരവിനങ്ങളുടെ രസീത് എൻട്രി നടത്തുമ്പോൾ ശരിയായ ഹെഡിലേക്ക് തന്നെ പോസ്റ്റ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-12 ലൈസൻസ് അപേക്ഷ- കെസ്മാർട്ടിലെ നടപടിക്രമങ്ങളിൽ അപാകത-ഫീസ് അടവാക്കാതെ തന്നെ ഫയൽ തീർപ്പാകുന്നു

അങ്കമാലി നഗരസഭയുടെ 2024-25 കാലയളവിലെ ലൈസൻസ് രജിസ്റ്റർ (കെ സ്മാർട്ടിൽ നിന്ന് ലഭ്യമാകുന്നത്) പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന നിരീക്ഷണങ്ങൾ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കെ സ്മാർട്ട് മുഖേന ലൈസൻസ് അപേക്ഷ സമർപ്പിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിന്മേൽ ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഫീസ് അടവാക്കിയതായി കാണുന്നില്ല. എന്നാൽ ബന്ധപ്പെട്ട ഫയലിന്റെ സ്റ്റേജ് 'Approved' എന്നും, സ്റ്റാറ്റസ് 'Closed' എന്നും കാണുന്നു.

Sl No.	File No.	Ward No	Building No.	Licensee Details	License Validity		License Fees
1	BFIF-00153971-2025	8	Building 324/A	Trillium Foundation, Annie Johny, Thekkineth	01-04-2023	31-03-2026	1500
2	BFIF-00538480-2025	7	Building 541/ A,541/B	Metro Fashions, Mini Jomon, Mundadan House	01-04-2023	31-03-2026	3000
3	BFIF-00052044-2024	15	Building 63/D	Palm Tree, Shameer K C, Al-Ikhlas	01-04-2024	31-03-2025	1000
4	BFIF-00164138-2024	25	Building 745/A	Jenson Joseph, Tharayil House	01-04-2024	31-03-2025	500
5	BFIF-00086616-2024	5	Building 815	J.P. Traders (Shoe Craft), Jaiju Varghese, Parappilly House	01-04-2024	31-03-2025	1000
6	BFIF-00084819-2024	24	Building 400	Cynet Computer, Jaisal K K, Kumbalakunnel	01-04-2024	31-03-2025	500
7	BFIF-00028101-2024	7	Building 558/B5	Modern Electronics, K.T. Shaiju, Kannappilly House,	01-04-2024	31-03-2027	1500
8	BFIF-00047325-2024	5	Building 573/C2	Angamaly Clinical Laboratary, Valsa Chandran, Nadukkekara,	01-04-2024	31-03-2029	25000

9	BFIF-00093769-2024	25	Building 68	Fortune Power Fastening, Jayalakshmi Sampath Kumar,	01-04-2024	31-03-2025	500
10	BFIF-00144816-2024	24	Building 691	Refill Port, Thajudeen, Thottumkarayil House,	01-04-2024	31-03-2025	500
11	BFIF-00218129-2024	7	Building 21/1	K. I. Suresh, Kaitharath House,	01-04-2024	31-03-2025	500
12	BFIF-00114211-2024	16	Building 141/B	St Joseph Collections, Daisy Jacob, Padayattil House,	01-04-2024	31-03-2025	500
13	BFIF-00118505-2024	7	Building 352	Aiswarya Jewellers, M J Johnson, Mulavarickal House	01-04-2024	31-03-2025	1000
14	BFIF-00058442-2024	24	Building 441	Krishna Prasadam, Gopalakrishnan A C, Kanjily Padinjare Veedu	01-04-2024	31-03-2026	1000
15	BFIF-00324132-2025	27	Building 361	Yeobo's Kart (Magical Treats & Toys For Pets), K M Jayasree, Thrippokkulathumana	01-04-2024	31-03-2026	1000
16	BFIF-00163901-2024	24	Building 812/A1	Apk Spices, Anumol Mathew, Ayyampilly House	01-04-2024	31-03-2026	1000
17	BFIF-00163890-2024	4	Building 177/1	Natural Spices, Bineesh Kurian, Ayyampilly	01-04-2024	31-03-2026	1000
18	BFIF-00150396-2024	8	Building 35/E	Baker Street (Cafe), Amar P. Basheer, Heera Hs	01-04-2024	31-03-2025	500
19	BFIF-00043863-2024	7	Building 125	New Style Ladies Tailoring, Antony P. J., Panjikaran	01-04-2024	31-03-2025	500
20	BFIF-00091240-2024	9	Building 199	Kashi Welding Point, Sajith Kumar C S, Cheriyachanassery House	01-04-2024	31-03-2025	500
21	BFIF-00235127-2024	2	Building 155/A	Rose Foods, Louis P V, Paravatty House	01-04-2024	31-03-2026	1000
22	BFIF-00250883-2024	5	Building 785	Moolans Textiles, Margret Varghese Moolan,	01-04-2024	31-03-2029	5000

				Moolan House			
23	BFIF-00113012-2025	25	Building 387/A	Kachappilly Agencies, Jose Augustine, Kachappilly House	01-04-2024	31-03-2027	1500
24	BFIF-00165242-2024	25	Building 578,581	Suhara, Korankunnan House	10-06-2024	09-06-2025	500
25	BFIF-00044998-2024	1	Building 164/A	Prudence Gurukulam, Saju Chacko, Menacheril House	31-07-2024	30-07-2025	500
26	BFIF-00216955-2024	5	Building 584	Varghese V A, Vithayathil House	14-08-2024	13-08-2025	500
27	BFIF-00263404-2024	7	Building 424	Tyanu Stiching Centre, Subal Sarkar, Paschim Jhar	25-09-2024	24-09-2025	500
28	BFIF-00290900-2024	24	Building 461	Mother Home Care & Consultancy, Jolly Jose, Parokkaran House	08-11-2024	07-11-2026	1000
29	BFIF-00274771-2024	6	Building 64/C	Devan & Co., Devadas D, Aliparambil House	25-02-2025	24-02-2026	1000

പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനും, ഇല്ലെങ്കിൽ ഫീസ് അടവാക്കാതെ ലൈസൻസിന് അനുമതി നൽകിയതിന് കാരണം വിശദീകരിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 11, തീയതി. 20.01.2026) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

കെ-സ്മാർട്ട് മുഖേന ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ പുതുക്കി നൽകുന്നതിനാവശ്യമായ രേഖകൾ എല്ലാം അപേക്ഷകൻ അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ ലൈസൻസ് അപേക്ഷ അപ്രൂവർ ലോഗിനിൽ അപ്രൂവ് ചെയ്യുകയുള്ളുവെന്നും, ഫയൽ അപ്രൂവ്ഡ് ആയാൽ മാത്രമേ അപേക്ഷകന് ഫീസ് അടച്ച് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് എടുക്കുവാൻ കഴിയുകയുള്ളുവെന്നും, അപ്രൂവ്ഡ് ആയ അപേക്ഷയുടെ ഫയൽ സ്റ്റാറ്റസ് ക്ലോസ്ഡ് എന്നാണ് കെ-സ്മാർട്ടിൽ കാണിക്കുന്നത് എന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു.

ഇത്തരത്തിൽ കെ-സ്മാർട്ടിലെ നടപടിക്രമങ്ങളിലുള്ള അപാകത മൂലം ഫീസ് ഈടാക്കാതെ തന്നെ അപേക്ഷയുമായി ബന്ധപ്പെട്ട ഫയൽ ക്ലോസ്ഡ് ആകുന്നതിനാൽ നാളിതുവരെയും മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ സോഫ്റ്റ്‌വെയർ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഐ.കെ.എം ന് നിർദേശം കൊടുക്കേണ്ടതാണ്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളുടെ 2024-25 ലെ ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 കെ സ്മാർട്ട് സോഫ്റ്റ്‌വെയർ ഓഡിറ്റർ ലോഗിൻ - പരിമിതികൾ

1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 11 പ്രകാരം നഗരസഭ കേരള മുനിസിപ്പാലിറ്റി ആക്ട് 294(1) -ാം വകുപ്പ് പ്രകാരം പ്രസിദ്ധപ്പെടുത്തിയ ധനകാര്യ സ്റ്റേറ്റ്മെന്റ് സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം, അതായത് ജൂലൈ 31 -ാം തീയതിക്കകം ഓഡിറ്റിനായി നൽകേണ്ടതാണ്. എന്നാൽ അങ്കമാലി നഗരസഭയുടെ 2024-25 ലെ ധനകാര്യ സ്റ്റേറ്റ്മെന്റ് ഓഡിറ്റിനായി സമർപ്പിച്ചത് 30.11.2025 നാണ്.

ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി രൂപീകരിച്ച പുതിയ വിവര കേന്ദ്രീകൃത സേവനപ്രദാന സംവിധാനമായ "കെ- സ്മാർട്ട്"

മുഖേനയാണ്. ഇതിലൂടെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കാനുണ്ടായ കാലതാമസമാണ് ചട്ടപ്രകാരം കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുവാൻ കാലതാമസം വരുത്തിയത് എന്നാണ് വിശദീകരണം ലഭിച്ചിട്ടുള്ളത്.

നിലവിൽ 2024-25 വാർഷിക കണക്കുകളുടെ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഓഡിറ്റർക്കായി അനുവദിച്ചിട്ടുള്ള ലോഗിൻ സംവിധാനത്തിലൂടെയാണ്. ഓഡിറ്റീ സ്ഥാപനം നൽകുന്ന ലോഗിനിൽ ഓഡിറ്റിനാവശ്യമായ എല്ലാ പ്രിവിലേജുകളും ലഭ്യമാക്കിയിട്ടില്ല. ഇത് ഓഡിറ്റിനെ ഓഡിറ്റീ സ്ഥാപനത്തിൽ നിന്നും സ്വതന്ത്രമാക്കി നിർത്തണം എന്ന ഓഡിറ്റിന്റെ അടിസ്ഥാന തത്ത്വത്തിന് വിരുദ്ധമാണ്.

പ്രധാന പരിമിതികൾ

1. റിക്കൺസിലിയേഷൻ റിപ്പോർട്ട്.

കെ-സ്മാർട്ട് പ്രകാരമുള്ള Reconcile Report ൽ പണമാക്കാത്ത ചെക്കുകളുടെയും കളക്ഷൻ ആകാത്ത ചെക്കുകളുടെയും നമ്പർ, തീയതി, തുക തുടങ്ങിയ വിശദമായ വിവരങ്ങൾ ഓഡിറ്റർ ലോഗിനിൽ ലഭ്യമല്ല.

2. വസ്തുനികുതി പരിശോധിക്കുന്നതിന് നഗരസഭ ലഭ്യമാക്കിയ കെ - സ്മാർട്ട് ഓഡിറ്റർ ലോഗിനിലെ പരിമിതികൾ

എ) സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക രേഖപ്പെടുത്തിയിരുന്നെങ്കിലും കെ-സ്മാർട്ടിൽ ബാലൻസ് രേഖപ്പെടുത്തുന്നില്ല. ഡിമാന്റ്, കളക്ഷൻ വിവരങ്ങൾ മാത്രമാണ് പരിശോധിക്കാനാവുന്നത്. പഴയ കെട്ടിടങ്ങളുടെ ബാലൻസ് സഞ്ചയയിൽ രേഖപ്പെടുത്തിയിരുന്നത് കെ-സ്മാർട്ടിലേക്ക് ചേർക്കുകയോ നിലവിലെ ബാലൻസ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ കെട്ടിട നികുതി അടവാക്കാത്ത ഓരോ കെട്ടിടത്തിന്റേയും ആകെ വസ്തുനികുതി കുടിശ്ശിക കണക്കാക്കാനാകുന്നില്ല. സഞ്ചയയിലുണ്ടായിരുന്ന ഓരോ കെട്ടിടത്തിന്റേയും വസ്തുനികുതി കുടിശ്ശിക കെ-സ്മാർട്ടിൽ കൃത്യമായി രേഖപ്പെടുത്തിയോ എന്നത് പരിശോധിക്കാനാകുന്നില്ല.

ബി) സഞ്ചയയിൽ പുതിയതായി സൈൻ ചെയ്യുന്ന കെട്ടിടങ്ങൾ എല്ലാ വാർഡിലേയും പൂർണ്ണമായി വർഷം/ തീയതി തിരിച്ച് Sort ചെയ്യാമായിരുന്നു (REPORT > File Process Report > New Buildings, Supplementery Register). എന്നാൽ കെ-സ്മാർട്ടിൽ ആയത് സാധിക്കുന്നില്ല. വാർഡ് തിരിച്ചുള്ള അസസ്സ്മെന്റ് രജിസ്റ്റർ മാത്രമാണ് ലഭ്യമാവുന്നത്. 30 വാർഡുകളുള്ള നഗരസഭയിലെ ഓരോ വാർഡിന്റെയും അസസ്സ്മെന്റ് രജിസ്റ്റർ പ്രത്യേകം ഡൗൺലോഡ് ചെയ്ത് ആയതിൽ അവസാനത്തെ കോളം Assessment From ഫിൽട്ടർ ചെയ്താണ് പുതിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിക്കാനാവുന്നത്. ഈ ഓപ്ഷനിൽ എല്ലാ പുതിയ കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമല്ല. തൻവർഷം നഗരസഭ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ഒന്നിച്ച് Sort ചെയ്യാനാകുന്നില്ല.

സി) സഞ്ചയയിൽ Search > Building Details > Functionality Option -ൽ കെട്ടിടത്തിന്റെ ഉപയോഗക്രമ പ്രകാരം നഗരസഭയിലെ എല്ലാ വാർഡുകളിലേയും എല്ലാ കെട്ടിടങ്ങളേയും ഒന്നിച്ച് Sort ചെയ്ത് തെരഞ്ഞെടുക്കാമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയതിനുള്ള Option ഇല്ല. Reports > Building Details > Building List Reports> Building Usage ഓപ്ഷനിൽ വാർഡ് നമ്പറും Subusage ഉം സെലക്ട് ചെയ്ത് മാത്രമുള്ളതാണ് കെ-സ്മാർട്ടിലെ ഓപ്ഷൻ. ഓരോ വാർഡിലേയും പ്രത്യേകമായും അതിൽ ഓരോ Building Usage -ന്റേയും Subusage പ്രത്യേകമായുമാണ് Sort ചെയ്യാനാകുന്നത്. നഗരസഭയിലെ ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളെ പൂർണ്ണമായി Sort ചെയ്യാനുള്ള ഓപ്ഷൻ കെ-സ്മാർട്ടിൽ ഇല്ല. ടി തെരഞ്ഞെടുപ്പിന് Reports > Building Details > Building List Reports> Building Usage മാത്രം സെലക്ട് ചെയ്താൽ നഗരസഭയിലെ സെലക്ട് ചെയ്ത ഉപയോഗക്രമത്തിലെ എല്ലാ കെട്ടിടങ്ങളും ലഭിക്കുമായിരുന്ന സെർച്ച് ഓപ്ഷനായിരുന്നു നിലവിലുള്ളതിനേക്കാൾ അഭികാമ്യം.

ഡി) Unauthorised കെട്ടിടങ്ങളുടെ കെട്ടിട നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ സഞ്ചയയിൽ Building Details -ൽ Building Type ൽ Sort ചെയ്ത് ലഭിക്കുമായിരുന്നെങ്കിലും കെ-സ്മാർട്ടിൽ ആയത് ലഭ്യമല്ല.

ഇ) കെ-സ്മാർട്ടിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ ഡൗൺലോഡ് ചെയ്താൽ മാത്രമാണ് പരിശോധിക്കാനാവുന്നത്. ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ കെ-സമാർട്ടിൽ നിന്ന് ഡൗൺലോഡ് ചെയ്ത് പരിശോധിച്ചെങ്കിലും രേഖപ്പെടുത്തലുകൾ വ്യക്തമല്ല. ഇവയുടെ കംപ്ലീഷൻ പ്ലാൻ വ്യക്തമല്ലാത്ത തരത്തിലാണ് കെ-സ്മാർട്ടിൽ അപ് ലോഡ് ചെയ്തിരിക്കുന്നത്. കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റേയും അനുബന്ധ വിവരങ്ങളുടേയും വിവരങ്ങൾ വ്യക്തമല്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ

കൃത്യത പരിശോധിക്കാനായില്ല.

എഫ്) കെ-സ്മാർട്ടിൽ ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ കംപ്ലീഷൻ പ്ലാൻ ചേർത്തിട്ടില്ല. ഇവയുടെ വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കാനായില്ല.

ജി) ചില കെട്ടിടങ്ങളുടെ വസ്തുനികുതി വിവരങ്ങളിൽ ഫോം-6 ഡൗൺലോഡാകുന്നില്ല. Failed To Load Pdf File എന്നാണ് ഫോം - 6 ൽ പ്രവേശിക്കുമ്പോൾ കാണുന്ന നിർദ്ദേശം. ആയതിനാൽ ഇവയുടെ വസ്തുനികുതി നിർണ്ണയം പരിശോധിക്കാനായില്ല. ഉദാഹരണം താഴെ ചേർക്കുന്നു.
10/30 C, 9/145 E

എച്ച്) ചില കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ റോഡ് വിവരം ചേർത്തിട്ടില്ല.

ഐ) സഞ്ചയയിൽ സൈൻ ചെയ്തിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ കെ-സ്മാർട്ടിൽ ലഭ്യമല്ല. ഇവയുടെ കളക്ഷൻ ഡിമാന്റ് വിവരങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയ വിവരങ്ങൾ ലഭ്യമല്ല. കെ-സ്മാർട്ടിൽ പുതിയതായി ചേർക്കുന്ന കെട്ടിടങ്ങളുടെ മാത്രം വസ്തുനികുതി നിർണ്ണയ വിവരങ്ങളാണ് പരിശോധിക്കാനാകുന്നത്.

ജെ) ഓഡിറ്റ് വർഷം വേക്കൻസി റമിഷൻ അംഗീകരിച്ച് നികുതി ഒഴിവാക്കി നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കി നൽകിയിട്ടുള്ള വിമുക്തഭടൻമാരുടെ കെട്ടിടങ്ങളുടെ വിവരം, നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 60 ച.മീ. താഴെ വരുന്ന കെട്ടിടങ്ങൾ എന്നിവയുടെ വിവരം എന്നിവ ഓഡിറ്റർ ലോഗിനിലൂടെ കെ-സ്മാർട്ടിൽ നിന്നും ലഭ്യമാകുന്നില്ല.

3) രസീത് പരിശോധന

Receipt Cancelled Report ൽ ഒരു ദിവസത്തെ മാത്രവും ഒരു കൗണ്ടർ മാത്രവും സെലക്ട് ചെയ്താണ് സെർച്ച് ചെയ്യാനാകുന്നത്. ഒരു സാമ്പത്തിക വർഷം ക്യാൻസൽ ചെയ്ത എല്ലാ കൗണ്ടറുകളിലേയും രസീതുകളുടെ വിവരം പരിശോധിക്കാൻ സെർച്ച് ഓപ്ഷൻ ഇല്ല.

4) കെട്ടിട നിർമ്മാണ പെർമ്മിറ്റ്

ചില കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫയലുകളിൽ പാർക്കിംഗ് പ്ലാൻ അപ്‌ലോഡ് ചെയ്തിട്ടില്ല. നഗരസഭയിൽ പ്ലാൻ ലഭ്യവുമല്ല. ആയതിനാൽ നിയമാനുസൃതമായ പാർക്കിംഗ് സൗകര്യം കെട്ടിടത്തിനുണ്ടോ എന്ന് പരിശോധിക്കാനാകുന്നില്ല. ചില വസ്തുനികുതി നിർണ്ണയ ഫയലുകളിലും കംപ്ലീഷൻ പ്ലാനോടൊപ്പം പാർക്കിംഗ് പ്ലാൻ അപ്‌ലോഡ് ചെയ്തിട്ടില്ല.

കെ-സ്മാർട്ടിൽ സഞ്ചയയിൽ ലഭ്യമായിരുന്നതുപോലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ലഭിക്കുന്നതിനും ഓഡിറ്റർ ലോഗിനിൽ കൂടുതൽ പ്രിവിലേജുകൾ ലഭ്യമാക്കുന്നതിനും വിഷയം IKM -ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 ധനകാര്യ കമ്മീഷൻ ഗ്രാന്റിനങ്ങളിലെ ട്രഷറി വരവ് തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് താഴെ പറയുന്ന ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിൽ ബാങ്ക് മുഖാന്തിരം ലഭ്യമായ തുകകൾ മാത്രമാണ് വരവിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ട്രഷറി മുഖേന ലഭ്യമായ തുകകൾ കണക്കിൽ ഉൾപ്പെടുത്തിയതായി വാർഷിക ധനകാര്യ പത്രിക കെ-സ്മാർട്ട് അലോട്ട്മെന്റ് ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	അലോട്ട്മെന്റ് നം. തീയതി	ഫണ്ടിനം	തുക
1	G.O (R T) 5445/2024/Fin/11.07.24	KSWMP	2472539
2	G.O (R T) 6392/2024/Fin/21.08.24	CFC- Un Tied Basic	9296530
3	G.O (R T) 6392/2024/Fin/21.08.24	CFC- Tied	13945304
4	G.O (R T) 4802/2024/Fin/18.06.24	CFC- Un Tied Basic- Treasury	377875
5	G.O (R T) 4802/2024/Fin/18.06.24	CFC- Tied Treasury	1874558
6	G.O (R T) 2075/2025/Fin/04.03.25	CFC- Un Tied Basic- Treasury	377875
7	G.O (R T) 2075/2025/Fin/04.03.25	CFC- Tied Treasury	1874557
8	G.O (R T) 3217/2025/Fin/27.03.25	CFC- Un Tied Basic- Treasury	*85756293

*ജി.ഒ.(ആർ.ടി.)3217/2025/ഫിൻ/ 27.03.2025 -ാം നമ്പർ ഉത്തരവ് പ്രകാരം 14- ാം ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 719.15 കോടി രൂപ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 30.09.2024 വരെ അടക്കുവാനുള്ള കുടിവെള്ളചാർജ്ജ് കുടിശ്ശികയിനത്തിൽ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ആയതിൻ പ്രകാരം അങ്കമാലി നഗരസഭയുടെ കുടിവെള്ളചാർജ്ജ് കുടിശ്ശികയായി 85756293രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ചെലവ് വിവരം Income And Expenditure Schedule ൽ Revenue Grants, Contributions And Subsidies (160) - I – 6 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ പത്രിക പ്രകാരമുള്ള വിവരങ്ങൾ ആണ് ഫണ്ട് വിനിയോഗം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ട്രഷറി മുഖേന ലഭിക്കുന്ന അലോട്ട്മെന്റ് തുകകൾ അതത് വർഷം തന്നെ ചെലവഴിച്ചിട്ടില്ലെങ്കിൽ തുക ലാപ്സാകുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

സാമ്പത്തിക വർഷം ലഭ്യമാകുന്ന എല്ലാ ഗ്രാന്റിനങ്ങളും അതത് ശീർഷകത്തിൽ വരവ് ബുക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും, തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്, ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-15 നമ്പറിംഗിനു ശേഷം കെട്ടിടത്തിൽ അനധികൃത നിർമ്മാണങ്ങൾ നടത്തി

ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ 25/163, 25/163 A എന്നീ നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രാജഗിരി മെഡിക്കൽ സെന്റർ എന്ന സ്ഥാപനത്തിന് ലൈസൻസ് (ഫയൽ നമ്പർ : 304915-2024) അനുവദിച്ചതായി കാണുന്നു. ടി കെട്ടിട നമ്പറുകൾ K-SMART -ൽ പരിശോധിച്ചതിൽ 25/163 നമ്പർ കെട്ടിടം മാത്രമാണ് ആശുപത്രി എന്ന ഉപയോഗ ഗണത്തിലുള്ളത്. 25/163 A എന്ന കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായാണ് അസസ്സ്മെന്റ് നടത്തിയിട്ടുള്ളത്. രണ്ട് കെട്ടിട നമ്പറിലും പാരാ മെഡിക്കൽ ലൈസൻസും (688898-2025) നഗരസഭ അനുവദിച്ചിട്ടുണ്ട്.

K-SMART പ്രകാരം കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് നം/ കെട്ടിട നം	നില	ഏരിയ (ച.മീ.)	ഉപയോഗക്രമം	Building Description
25/163	താഴത്തെ നില	355.71	ആശുപത്രി	B A 325/04-05 DATED 27/05/2009, G F: PORCH, SITOUT CUM WAITING ROOM, 3 CONSULTING ROOM, DRAWING, DINING, STORE, KITCHEN, FAMILY LIVING, STORE, PANTRY, SERVANTS ROOM. F F: BALCONY, 4 BEDROOMS, 4 STUDY ROOMS, LIBRARY, LIVING.
	ഒന്നാം നില	335.55		
25/163 A	രണ്ടാം നില	363.35	വാണിജ്യാവശ്യത്തിനുള്ളവ – 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ	S F: OPERATION THEATRE, VISITING ROOMS (10 ROOMS). T F: 11 ROOMS WITH TOILET, COMMON TOILET (ROOMS 301 TO 311) FOURTH F: 11 ROOMS WITH TOILET, COMMON TOILET (ROOMS 401 TO 411)
	മൂന്നാം നില	336.55		
	നാലാം നില	336.55		
	അഞ്ചാം നില	46.62		

ടി കെട്ടിടത്തിനെതിരെ നഗരസഭയിൽ ലഭിച്ച പരാതിയുടെ(ഫയൽ നം : 4758440-2025) അടിസ്ഥാനത്തിൽ നഗരസഭ പബ്ലിക് വർക്സ് ഓവർസിയർ അന്വേഷണം നടത്തുകയും ടി കെട്ടിടത്തിൽ താഴെ ചേർക്കുന്ന

അപാകതകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1) പ്രസ്തുത ബിൽഡിംഗിന്റെ Side Yard & Back Yard, Sheet Roofing പ്രവർത്തി Occupancy ആയി ഉപയോഗിച്ച വരുന്നു. ടി നിർമ്മാണ പ്രവർത്തി 2019 KMBR Rule 23 & 26 (1999 KMBR Rule -24) പ്രകാരം ബിൽഡിംഗിന്റെ ഉയരത്തിന് ആനുപാതികമായ Set Back ലഭിക്കുന്നില്ല. കൂടാതെ Rule 4 (2) പ്രകാരം നിർമ്മാണാനുമതി ലഭ്യമായതായി കാണുന്നില്ല .

2) കെട്ടിട നമ്പർ - 25/163 -ന്റെ Ground Floor, First Floor ഒക്യൂപെൻസി Hospital And Others ആയി രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ Description ൽ രേഖപ്പെടുത്തിയതു പ്രകാരമുള്ള Occupancy -യിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല .

3) കെട്ടിട നമ്പർ - 25/163 A -ന്റെ Second Floor, Third Floor, Fourth Floor, Fifth Floor എന്നിവ Shop ബിൽഡിംഗ് ആയി Occupancy ആയി രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ Description ൽ രേഖപ്പെടുത്തിയതു പ്രകാരമുള്ള Occupancy -യിൽ വ്യത്യാസം കാണുന്നു. കൂടാതെ സൈറ്റിൽ ഹോസ്പിറ്റൽ ആയി പ്രവർത്തിക്കുന്നതായി കാണുന്നു.

4) Building Floor Area And Occupancy ക്ക് അനുസൃതമായ പാർക്കിംഗ് 2019 KMBR Rule 29 (1999 Rule -34) പ്രകാരം ലഭ്യമായി കാണുന്നില്ല.

5) കെട്ടിടത്തിന്റെ Terrace Floor (Sixth Floor) Roofing Work ചെയ്തിട്ടുള്ളതാണ്.

6) കെട്ടിടത്തിന് Occupancy അനുവദിച്ചതിലും കൂടുതൽ Built Up Area നിർമ്മാണം നടത്തിയിട്ടുള്ളതും Occupancy മാറ്റി ഉപയോഗിച്ച് വരുന്നതായും സൈറ്റ് പരിശോധനയിൽ കാണുന്നു. ടി നിർമ്മാണം KMBR Rule -4 (2) പാലിക്കുന്നില്ല, Rule 25/ (1999 KMBR Rule -30) പ്രകാരമുള്ള Occupancy തെറ്റായി രേഖപ്പെടുത്തിയും ഉപയോഗിച്ച് വരുന്നതുമായി കാണുന്നു.

അനധികൃത നിർമ്മാണങ്ങൾ ഉൾപ്പെടെയുള്ള ചട്ട ലംഘനങ്ങൾ നടത്തിയിട്ടുള്ള ടി കെട്ടിടത്തിനെതിരെ നഗരസഭ സ്വീകരച്ച നടപടി വിവരങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(32/23.01.2026) ടി കെട്ടിടത്തിലെ മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് വിശദീകരണം നൽകുന്നതിനായി 20.01.2026 -ൽ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും നോട്ടീസ് കാലാവധിക്ക് (15 ദിവസം) ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. നോട്ടീസ് കാലാവധിക്ക് ശേഷം സ്വീകരിച്ച തുടർനടപടി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 നഗരസഭ പരിധിയിലെ സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

എ) ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം.77/2023/LSGD തീയതി-22.03.2023 പ്രകാരവും 05.04.2023 -ലെ സ.ഉ (അച്ചടി) നം.26/2023/LSGD നമ്പർ ഉത്തരവു പ്രകാരം നഗരസഭയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തുനികുതി നിരക്കുകളുടെ പട്ടികയും പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരസഭയുടെ 30.09.2023 ലെ തീരുമാനം നം.2 പ്രകാരം മേൽ ഉത്തരവുകൾക്കനുസൃതമായി കെട്ടിടങ്ങളെ ഉപയോഗക്രമം/തറവിസ്തീർണ്ണം എന്നിവയ്ക്കനുസൃതമായി വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിക്കുകയും അന്തിമ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വിജ്ഞാപന പ്രകാരം നഗരസഭ പ്രദേശത്തുള്ള സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) തുടങ്ങിയവയ്ക്ക് ചതുരശ്ര മീറ്ററിന് 40/- രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം, മുനിസിപ്പൽ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ 22.01.2026 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ താഴെ ചേർക്കുന്ന ടർഫ് കോർട്ടുകൾ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ടർഫ് സ്ഥിതി ചെയ്യുന്ന ഭാഗം, അനുബന്ധ ഓഫീസ് കെട്ടിടം എന്നിവയുടെ തറ വിസ്തീർണ്ണവും അളന്ന് തിട്ടപ്പെടുത്തി ബോധ്യപ്പെട്ടു.

ക്രമ നം	ടർഫ് കോർട്ടിന്റെ പേര്	ടർഫ് കോർട്ടിന്റെ തറ വിസ്തീർണ്ണം (ച.മീ)	അനുബന്ധ ഓഫീസ് കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(ച.മീ)

1	Club De, Angamaly – 7S Football Turf	42.50 X 31 = 1317.50	ഇല്ല
2	Surabhi Turf Court	46 X 42 = 1932	12.80 X 9 = 115.20
3	Soccer Bay Football Arena	37.20 X 22.20 = 825.84	7.80 X 4.80 = 37.44

1. Club De, Angamaly – 7S Football Turf

2. Surabhi Turf Court

3. Soccer Bay Football Arena

എന്നാൽ 2024-25 വർഷത്തെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ K-Smart സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളെയും നമ്പർ ഇടുകയോ വസ്തു നികുതിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതായി കാണുന്നു.

നാളിതുവരെ ഈ വിഭാഗത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നികുതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/22.01.2026) നഗരസഭ റെവന്യൂ വിഭാഗം നിയമാനുസൃതം വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ ടർഫുകൾ നിയമാനുസൃത നിർമ്മാണങ്ങളാണോ എന്ന് പരിശോധിച്ച് ചട്ട പ്രകാരമുള്ള വസ്തു നികുതി കണക്കാക്കി പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദമായ പരിശോധന നടത്തി നഗരസഭ പരിധിയിലെ ചട്ടപ്രകാരമുള്ള മുഴുവൻ ടർഫുകളുടെയും, സ്വിമ്മിങ് പൂളുകളുടെയും, ജിംനേഷ്യങ്ങളുടെയും നിർമ്മാണം ക്രമവൽക്കരിച്ച് ഒക്കുപ്പൻസി അനുവദിച്ച് വസ്തു നികുതി ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ഒറ്റ തവണ കെട്ടിട നികുതി - സർക്കാർ ഉത്തരവിനു വിരുദ്ധമായി കെട്ടിടനമ്പർ അനുവദിച്ചു

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന്

തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അങ്കമാലി നഗരസഭ, അങ്കമാലി വില്ലേജ്, ബ്ലോക്ക് 12 റീസർവ്വേ 342/45, 342/46, 343/2, 343/3, 343/4, 343/5, 343/6, 343/8 Pt, 343/11 Pt -ൽ ഉൾപ്പെട്ട 125.48 ആർ വസ്തുവിൽ പണി പൂർത്തീകരിച്ച (BF+G.F+6 Floors + Terrace Floor) 17979.27m2 ഏരിയ ഉള്ള Special Residential (Hotel Complex) കെട്ടിടം 12.12.2024 തീയതിയിലെ RO/6358/2024 നടപടിക്രമം പ്രകാരം റഗുലറൈസ് ചെയ്ത 12.12.2024 തീയതിയിൽ OC/6513/2024 നമ്പറായി ഒക്യുപ്പൻസി അനുവദിച്ചിട്ടുണ്ട്(കെട്ടിട നമ്പർ : 15/103 D & ഫയൽ നം : 2209185-2024) എന്നാൽ K-Smart പരിശോധിച്ചതിൽ മേൽ കെട്ടിട ഉടമയിൽ നിന്ന് മേൽ ഉത്തരവ് പ്രാകരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. ഒറ്റ തവണ കെട്ടിട നികുതി അടവാക്കിയതിന്റെ രസീതോ ആയതുമായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ കത്തോ ലഭ്യമാണെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതും അല്ലാത്തപക്ഷം സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/22.01.2026) മറുപടി ലഭ്യമാക്കിയില്ല.

1-18 റവന്യൂ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

മുനിസിപ്പാലിറ്റി ഓഡിറ്റിനായി സമർപ്പിച്ച 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ആസ്തി ബാദ്ധ്യത കണക്കുകൾ പ്രകാരം നികുതി-നികുതിയേതര ഇനത്തിൽ 9.54 കോടി രൂപയുടെ റവന്യൂ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക (₹)
4311001	വസ്തുനികുതി (തൻവർഷം)	5,23,307,28
4311002	വസ്തുനികുതി (മുൻവർഷം)	3,36,95,435
4312003	സർവീസ് സെസ്സ് (തൻവർഷം)	52,77,269
4311901	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ് (തൻവർഷം)	3,38,469
4311902	തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ് (മുൻവർഷം)	3,79,742
4313003	ലൈസൻസ് ഫീസ് (തൻവർഷം)	11,52,000
4313004	ലൈസൻസ് ഫീസ് (മുൻവർഷം)	1,14,834
4314001	കെട്ടിട വാടക (തൻവർഷം)	11,55,934
4314002	കെട്ടിട വാടക (മുൻവർഷം)	10,38,785
ആകെ		9,54,83,196

മേൽ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നും ടി കുടിശ്ശികയിൽ നാളിതുവരെ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ അറിയിക്കുവാനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/17.01.2026) നൽകിയ മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് പരാമർശം താഴെ ചേർക്കുന്നു.

<u>വസ്തുനികുതി</u>

2025-26-ൽ കുടിശ്ശിക ഇനത്തിൽ 41.5 ലക്ഷം രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉള്ളതിനാൽ 15-ാം വാർഡിൽ എയർപോർട്ടിലേയും മറ്റു കെട്ടിടങ്ങളുടേയും നികുതി ഇനത്തിൽ 2 കോടിയിലധികം രൂപയും വ്യവസായ മേഖലയിലെ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കുവാൻ ബഹു.സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ആറ് കോടിയോളം രൂപയും കെ-സ്മാർട്ടിൽ കോർട്ട്, സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് കറക്റ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശിക പിരിക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും ക്യാമ്പ് കളക്ഷനുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നും കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടി നൽകി. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി- സ്ഥാപനങ്ങൾ /ട്രേഡേഴ്സ്

ഡി സി ബി തയ്യാറാക്കിയപ്പോൾ കറന്റ് ബാലൻസ് 6,02,719/- രൂപയും അരിയർ ബാലൻസ് 3,79,441/- രൂപയും ചേർത്ത് 2025-26 ൽ 9,82,160/- രൂപ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുണ്ടായിരുന്നു. ആയതിൽ 08.01.2026 വരെ തൊഴിൽനികുതി അരിയർ ഇനത്തിൽ 6,32,200/- രൂപ നോട്ടീസ് നൽകിയും അല്ലാതെയും പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി നിൽക്കുന്ന 3,49,960/- രൂപ ഈ സാമ്പത്തിക വർഷത്തിൽ നോട്ടിസ് നൽകിയും കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്ന സമയത്തുമായി പിരിച്ചെടുക്കുന്നതാണെന്ന് മറുപടി നൽകി. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. എന്നാൽ മറുപടിയിൽ ചേർത്തിരിക്കുന്ന കുടിശ്ശിക (9,82,160/-) 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയുമായി(7,18,211/-) പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ്

ലൈസൻസ് ഫീസ്

2024-25 വർഷത്തെ ഡിമാന്റ് 2926500/- രൂപയും കളക്ഷൻ 2866500/- രൂപയും ബാലൻസ് കിട്ടാനുള്ളത് 60000/- രൂപയുമാണെന്ന് മറുപടി നൽകി. എന്നാൽ പ്രസ്തുത ഡി.സി.ബി 2024-25 വർഷത്തെ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസിനത്തിൽ (മുൻവർഷം) പിരിച്ചെടുക്കാനുള്ള 1,14,834/- രൂപയിൽ ഓഡിറ്റ് തീയതിവരെ ഈടാക്കിയ തുകയുടെ വിവരം അറിയിക്കേണ്ടതാണ്.

1-19 കെട്ടിടത്തിലെ അനധികൃത നിർമ്മാണം WP(C)No.768/2024 കേസിന്റെ സ്ഥിതി വിവരം അറിയിക്കേണ്ടതാണ്

അങ്കമാലി നഗരസഭയിൽ നിന്നും ശ്രീ.ഷാജു അഗസ്റ്റിൻ, പടയാട്ടിൽ എന്ന വ്യക്തിക്ക് 29.09.2021 -ൽ അനുവദിച്ച PW2-2127/2021 (BA-316/20-21) നമ്പർ പെർമിറ്റ് പ്രകാരം പണികഴിപ്പിച്ച കെട്ടിടത്തിന് 25.10.2023 -ൽ ഒക്യുപെൻസി സർട്ടിഫിക്കറ്റിന് അപേക്ഷിച്ചപ്പോൾ താഴെ ചേർക്കുന്ന അപാകതകൾ കാണിച്ച് നൽകിയ നോട്ടീസിനെതിരെ ടിയാൻ ഹൈക്കോടതിയിൽ WP(C)No.768/2024 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്.

എ) ഒക്യുപൻസി സർട്ടിഫിക്കറ്റിനായി സമർപ്പിച്ചിരിക്കുന്ന അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കുന്ന Tax Receipt -ലെയും പെർമിറ്റ് അപേക്ഷയിലെ Tax Receipt -ലെയും സർവ്വേ നമ്പറുകളിലും വിസ്തീർണ്ണത്തിലും വ്യത്യാസം.

ബി) ടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള വസ്തുവിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ള കെട്ടിടങ്ങൾ നിലനിൽക്കുന്നതിനാൽ നഗരസഭാ റവന്യു വിഭാഗത്തിൽ നിന്നും ടി കെട്ടിടങ്ങൾക്കെതിരെയുള്ള നടപടികൾ പൂർത്തീകരിച്ചതിനു ശേഷമേ ഒക്യുപെൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ പരിഗണിക്കുകയൊള്ളു.

മേൽ പെർമിറ്റ് പ്രകാരം അങ്കമാലി വില്ലേജ്, ബ്ലോക്ക് നമ്പർ 12 റീസർവ്വേ നമ്പർ 115/2-2, 115/3-1, 115/3-4, 115/3-7, 115/3-2, 115/3-3, 115/3-31, 115/6-1, 115/3-14, 115/3-6, 115/3-30, 115/3-15, 115/3-5 എന്നിവയിൽ ഉൾപ്പെടുന്ന 8929 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സ്ഥലത്ത് 3564 ചതുരശ്ര മീറ്റർ ബിൽഡ് അപ് വിസ്തീർണ്ണമുള്ള സ്റ്റോറേജ് & കൊമേഴ്സൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പെർമിറ്റിന് സമർപ്പിച്ചിരുന്ന സൈറ്റ് പ്ലാനിലും, സമർപ്പിച്ചിരുന്ന രേഖകളിലും നിലവിലുള്ള കെട്ടിടത്തിന്റെ X/4 (665.53 ച.മീ), X/5 (199.66 ച.മീ), X/6 (720.66 ച.മീ), X/7(216.2 ച.മീ) എന്നീ കെട്ടിട നമ്പറുകൾ മാത്രമാണ് രേഖപ്പെടുത്തിയിരുന്നതെന്നും എന്നാൽ ഈ കെട്ടിടത്തിന്റെ മുകളിൽ അനധികൃതമായി നിർമ്മിച്ച നിലകൾക്ക് നഗരസഭയിൽ നിന്നും അനധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും X/8A (UA) (461.22 ച.മീ) എന്ന അൺഓതറൈസ്ഡ് നമ്പർ നൽകിയിരിക്കുന്നതായ വിവരം മറച്ചുവച്ചുകൊണ്ട് നഗരസഭയെ കബളിപ്പിച്ചാണ് കക്ഷി പെർമിറ്റ് നേടിയിട്ടുള്ളത് എന്ന് 2020-21 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് പ്രകാരമുള്ള നിർമ്മാണം നിർത്തിവയ്ക്കുന്നതിനും അനധികൃത കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കുന്നതിനും അല്ലാത്തപക്ഷം നടപടികൾ സ്വീകരിക്കുന്നതുമാണെന്നറിയിച്ച് 14.06.2022, 14.10.2022, 01.12.2022, 31.12.2022 തീയതിയിൽ കക്ഷിക്ക് നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുള്ളതുമാണെന്നും ഫയലിൽ കാണുന്നു. 24.01.2023 -ൽ അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിന് പ്ലാൻ സമർപ്പിച്ചെങ്കിലും ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് പ്ലാൻ പുന:സമർപ്പിക്കണമെന്ന് അറിയിച്ചെങ്കിലും ആയത് സമർപ്പിച്ചിട്ടില്ലെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെ-

സ്മാർട്ട് പരിശോധിച്ചതിൽ ശ്രീ.ഷാജു അഗസ്റ്റിൻ, പടയാട്ടിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ 7/C (UA) (720.66 ച.മീ), 7/B (UA) (720.66 ച.മീ) എന്നീ നമ്പർ അനധികൃത കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു.

കേസ് പരിഗണിക്കുന്ന 22.01.2024 വരെ കക്ഷിക്കെതിരെ നടപടികൾ സ്വീകരിക്കരുത് എന്ന് 09.01.2024 തീയതിയിൽ ബഹു.ഹൈക്കോടതി വിധിച്ചിട്ടുണ്ട്. ടി കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും 7/C (UA), 7/B (UA) എന്നീ അനധികൃത നിർമ്മാണങ്ങൾ X/4, X/5, X/6, X/7 എന്നീ നമ്പർ ബിൽഡിംഗിൽ തന്നെയാണോ എന്ന വിവരം സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(49/27.01.2026) മറുപടി ലഭ്യമാക്കിയില്ല.

WP(C)No.768/2024 -ന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങളും 7/C (UA), 7/B (UA) എന്നീ അനധികൃത നിർമ്മാണങ്ങൾ മേൽ സർവ്വേനമ്പറുകളിലെ പ്ലോട്ടിലാണോ അതോ പ്ലോട്ടിലെ നിലവിലുള്ള കെട്ടിടത്തിലാണോ (Existing Building) എന്നത് വ്യക്തത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി കേസിന്മേൽ ഹൈക്കോടതിയുടെ അന്തിമവിധി വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിനെ അറിയിക്കേണ്ടതാണ്.

1-20 ആംബുലൻസ് വാടക വൈകി അടവാക്കി

അങ്കമാലി നഗരസഭയുടെ 2024-25 ലെ റസീപ്റ്റ്സ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം 'Hire Charges For Vehicle' എന്ന ഹെഡിൽ 26,460/-വരവ് ഉണ്ട്. ആയതിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയ നഗരസഭയുടെ ആംബുലൻസ് രജിസ്റ്റർ, രസീതുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. 06.12.2024 ലെ 389/38888 നം. രസീതു പ്രകാരം 610/ - രൂപയാണ് വരവുള്ളത്. എന്നാൽ ആംബുലൻസ് രജിസ്റ്ററിൽ 510/ -രൂപയാണ് ചേർത്തിട്ടുള്ളത്. ടി തുക മാത്രമാണ് 09.01.2025 ലെ 24013588 രസീത് പ്രകാരം നഗരസഭയിലേക്ക് അടവാക്കിയിട്ടുള്ളത്.

2. കെ.എഫ്.സി. വാല്യം 1 ആർട്ടിക്കിൾ 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്ക്/ട്രഷറി യിൽ ഒടുക്കേണ്ടതാണ്. ദൂരക്കൂടുതലോ മറ്റേതെങ്കിലും കാരണത്താലോ തുക ഒടുക്കുവാൻ സാധിക്കാതെ വന്നാൽ ആഴ്ച്ചയിലൊരിക്കൽ അവസാന പ്രവൃത്തി ദിവസം അടവാക്കേണ്ടതാണ്. എന്നാൽ ആംബുലൻസ് വാടകയ്ക്ക് കൊടുത്ത ഇനത്തിൽ, 13.01.2024 മുതൽ 22.04.2024 വരെയുള്ള കാലയളവിലെ വരവ് 11160/- രൂപ 15.11.2024 (രസീത് നം. 24012024) ലും, 05.05 2024 മുതൽ 24.12.2024 വരെയുള്ള കാലയളവിലെ വരവ് 15300/- രൂപ 09.01.2025 (രസീത് നം. 24013588) ലും, 06.01 2025 മുതൽ 17.03.2025 വരെയുള്ള കാലയളവിലെ വരവ് 9820/- രൂപ 18.0182025 (രസീത് നം. 25006164) ലും ആണ് നഗരസഭയിലേക്ക് അടവാക്കിയിട്ടുള്ളത്.

അപാകതകൾ സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19, തീയതി 21.01.2026) ലഭ്യമാക്കിയ മറുപടിയിൽ, ക്രമ നം. 1 ൽ പരാമർശിച്ചിട്ടുള്ള തുക 22.01.2026 തീയതിയിൽ 25016797 നം. രസീതു പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രസീതിന്റെ പകർപ്പും മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം. 2 നുള്ള മറുപടിയിൽ, നഗരസഭ ആംബുലൻസ് വാടകയ്ക്ക് പോകുന്നത് പൊതുവെ നഗരസഭ കൗൺസിലർമാരുടെ ശുപാർശ മുഖേന അടിയന്തിര സാഹചര്യത്തിലാണെന്നും, വളരെ പ്രാധാന്യവും ഗൗരവവുമായ ആശുപത്രി കേസുകളോ മൃതദേഹം മറവു ചെയ്യുന്നതിനോ ആണ് വാഹനം ഉപയോഗിക്കുന്നതെന്നും, ആയതിനാൽ തുക ആവശ്യപ്പെടുമ്പോൾ സമയബന്ധിതമായി കക്ഷികളിൽ നിന്ന് ലഭ്യമാകാറില്ലെന്നും, പൊതുവെ ആംബുലൻസ് ഉപഭോക്താക്കൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായതിനാൽ സമയബന്ധിതമായി വാടക തുക ലഭിക്കാത്തതാണ് നഗരസഭയിലേക്ക് തുക അടവാക്കാൻ വൈകുന്നത് എന്നും ആംബുലൻസ് ഡ്രൈവർ വിശദീകരിച്ചതായി മറുപടിയിൽ അറിയിച്ചു.

ഭാവിയിൽ ആംബുലൻസ് വാടകയിനത്തിൽ ലഭ്യമാകുന്ന തുക കൃത്യമായി നഗരസഭ ഫണ്ടിലേക്ക് അടവാക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

1-21 വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 11.11.2019 ലെ 88/2019/ധന നമ്പർ ഉപരിപത്രം പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ Www.Veels.Kerala.Gov.In ൽ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020 ലെ 59/2020/ധന നമ്പർ പരിപത്രം പ്രകാരം VEELS പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ധനകാര്യ (ഐ.ടി - സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 02.11.2021 ലെ 103/2021/ധന ഉപരിപത്രം പ്രകാരം ഇതു സംബന്ധിച്ചുള്ള തുടർനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. അങ്കമാലി നഗരസഭയിലെ വാഹനങ്ങൾ Www.Veels.Kerala.Gov.In ൽ രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ 28.1.26 – ലെ 52-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല.

വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നോ അവയുടെ അവസ്ഥയോ സംബന്ധിച്ച വിവരങ്ങൾ ഇല്ല. വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുകയും അവയുടെ തുടർച്ച ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

1-22 വിവിധ സ്കൂളുകളുടെ നവീകരണം

പ്രവൃത്തി	വിവിധ സ്കൂളുകളുടെ നവീകരണം
എസ്റ്റിമേറ്റ്	₹25,00,000
പ്രോജക്ട് നം.	82/25
കരാറുകാരൻ	കെ എം ബാബു.
ചെലവായ തുക	₹23,96,469/-
നിർവ്വഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ
ഫണ്ട്	മെയിന്റനൻസ് നോൺ റോഡിതരം

പ്രോജക്ട് പ്രകാരം വിവിധ സ്കൂളുകളുടെ മെയിന്റനൻസ് നടത്തുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം വിവിധ സ്കൂളുകളുടെ, മരം ഉപയോഗിച്ച് പണിത റൂഫിംഗ് പൊളിച്ച് മാറ്റി സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം മരം ഉപയോഗിച്ച പണിത ഫ്രെയിം പൊളിച്ച് മാറ്റുന്നതിന് 6.106 M^3 X 3938.43 = 24,048/- രൂപയും മരത്തിന്റെ പർലിംഗ്സ് 248 മീറ്റർ പൊളിച്ച് മാറ്റുന്നതിന് 243.80 M X 15.76 *M = 3842.88/-* രൂപയും വകയിരിത്തിയിട്ടുണ്ട്. കൂടാതെ 604.59 M^2 റൂഫിംഗ് ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – Steel Work In Builtup Section പ്രകാരം 2127.804 KG X 168.82/KG = 359215.87/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

എം ബുക്ക് പ്രകാരം മരം ഉപയോഗിച്ച് പണിത റൂഫിംഗ് പൊളിച്ച് മാറ്റിയതിന് 6.106 M^3 X 3781/M^3 = 23,087 രൂപയും മരത്തിന്റെ പർലിംഗ്സ് 248 മീറ്റർ പൊളിച്ച് മാറ്റിയതിന് 243.80 M X 15/M = 3657/- രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 507.097 M^2 (744/M^2 = 3,77,280) റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്തതിന് - ഇനം 10.16.1 – പ്രകാരം 2349.001 KG X 162/KG = ₹3,80,538.16 ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് പരാമർശം

പൊളിച്ചെടുത്ത മരത്തിന്റെ വിനിയോഗം ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി 26/22-1-26 – ന് ലഭ്യമാക്കിയ മറുപടിയിൽ പൊളിച്ചെടുത്ത മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്ത് വാല്യുവേഷൻ തയ്യാറാക്കി കൗൺസിൽ തീരുമാന പ്രകാരം ലേല നടപടികൾ പൂർത്തീകരിച്ച് സൈറ്റിൽ നിന്നും നീക്കം ചെയ്തു എന്ന് പറയുന്നു.

ഇത് ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ആറ് സെന്റ് കോളനി ഡ്രെയിൻ കവർ സ്ലാബ്- കമ്പി അധികം ഉപയോഗിച്ചത്

പ്രവൃത്തി	വാർഡ് 9- ആറ് സെന്റ് കോളനി ഡ്രെയിൻ കവർ സ്ലാബ്
പ്രൊജക്ട്	186/25
എസ്റ്റിമേറ്റ്	₹9,00,000
കരാറുകാരൻ	കെ എം ബാബു
നിർവ്വഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ
ആകെ ചെലവ്	₹9,54,854
ഫണ്ട്	മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ഈ പ്രവൃത്തിയടെ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ 140 മീറ്റർ കാന നിർമ്മിക്കുകയും കാനയുടെ മുകളിൽ കവറിംഗ് സ്ലാബ് ഇടുകയും ആണ് പ്രവൃത്തി.

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി താഴെ കൊടുക്കുന്നു.

സ്ലാബ് പണിയുന്നത് (11.4.4.) - Side Drain – 280 Nos X 0.70 X 0.50 X 0.15 = 14.7 M^3

സ്ലാബിന് ആവശ്യമായ കമ്പി കണക്കാക്കിയത് - 14.70 M3 X 0.09 Tonne/M3 = 1.323 Tonne (Estimate Rate – 87981.22/Tonne)

എംബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി

ആകെ സ്ലാബ് പണിതത് - 9.12 M3 (Rs 86011)

ഇതിന് ഉപയോഗിച്ച കമ്പിയുടെ തൂക്കം - 1153 കിലോ - നൽകിയ തുക (1153 കിലോ X 96.603/Kg = 1,11,383)

ഓഡിറ്റ് പരാമർശം

എസ്റ്റിമേറ്റ് പ്രകാരം ഒരു എം^{3} – ന് 90കിലോ കമ്പി കണക്കാക്കുകയും എന്നാൽ എംബുക്ക് പ്രകാരം 126.43 കിലോ കമ്പി ഉപയോഗിക്കുകയും ചെയ്തിരിക്കുന്നു. ഇത്രയും അധികം കമ്പി ഉപയോഗിച്ചത് അന്വേഷിക്കേണ്ടതാണ്. അധികം നൽകിയ കമ്പി കണക്കാക്കി ആയതിന്റെ തുക ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 23/22-1-26 – ന് ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവൃത്തിയിൽ Double Layer Reinforcement ആണ് നൽകിയിട്ടുള്ളത്. ആയതിനാൽ എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ സ്റ്റീൽ ആവശ്യമായി വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറുപടി അംഗീകാരയോഗ്യമല്ല. എസ്റ്റിമേറ്റിലേക്കാൾ വളരെ കുറച്ച് സ്ലാബ് പണിയുകയും എന്നാൽ അതിന് ആവശ്യമായ സ്റ്റീൽ അധികമായി നൽകുകയും ചെയ്തു എന്ന് കാണുന്നു. ഈ പ്രവൃത്തിയിലെ കമ്പിയുടെ ഉപയോഗം സംബന്ധിച്ച് വിശദമായി പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

1-24 വയോമിത്രം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

അങ്കമാലി നഗരസഭാ പരിധിയിലെ 65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് ചികിത്സാസൗകര്യം എത്തിക്കുന്നതിനായി ആവിഷ്കരിച്ച നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ട് നമ്പറിലേക്ക് (ട്രഷറി ടിഎസ്ബി. അക്കൗണ്ട് നം -799011400007770) 1000000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ വിശദവിവരം ചുവടെചേർക്കുന്നു.

പ്രൊജക്ട് നം./ പേര്	04/25, വയോമിത്രം പദ്ധതിക്ക് പ്രവർത്തനഫണ്ട് നൽകൽ
അടങ്കൽ	₹1000000 (വികസനഫണ്ട് - ജനറൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

ചെലവ്	₹1000000
ബിൽ നമ്പർ / തീയതി	J-M070300-24000503/31.08.2024 ₹1000000

പ്രസ്തുത തുക ഉപയോഗിച്ച് വയോജനങ്ങൾക്കായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും, തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം14/20.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 1000000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ സമയ ബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

1-25 വീട് വാസയോഗ്യമാക്കൽ -സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ താഴെ പറയുന്ന പ്രകാരം വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്ട് നം	അടങ്കൽ	ചെലവ്
1	6/25 വീട് വാസയോഗ്യമാക്കൽ ജനറൽ2024-25	4500000	752000
2	273/25 വീട് വാസയോഗ്യമാക്കൽ 2023-24 (SCP) (സ്പിൽ ഓവർ)	450000	450000
3	277/25 വീട് വാസയോഗ്യമാക്കൽ ജനറൽ 2023-24 (സ്പിൽ ഓവർ)	3406500	2118500
4	75/25 വീട് വാസയോഗ്യമാക്കൽ 2024-25 (SCP)	1500000	375000
5	274/25 വീട് വാസയോഗ്യമാക്കൽ ജനറൽ 2022-23 (സ്പിൽ ഓവർ)	699800	280000
6	276/25 വീട് വാസയോഗ്യമാക്കൽ ജനറൽ 2020-21 (സ്പിൽ ഓവർ)	2182800	610500

പ്രസ്തുത പ്രോജക്ടുകളിൽ കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ രജിസ്റ്റർ എന്നിവ പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഒന്നാംഗഡു കൈപ്പറ്റി മുൻവർഷങ്ങളിൽ പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര് വിലാസം	കൈപ്പറ്റിയ തുക
1	കുട്ടപ്പൻ ചാത്തൻ, വടക്കുഭാഗം	75000
2	രത്നമ്മ ടി കെ പറമ്പത്തുകടി	75000
3	ചിന്നമ്മ വർഗ്ഗീസ് ചക്കിച്ചേരി	15000
4	എൽസി വർഗ്ഗീസ് പാനിക്കുളങ്ങര	17000
5	ശ്രീദേവി ചന്ദ്രൻ മൂത്താട്ടുപറമ്പിൽ	30000
6	മറിയംകുട്ടി ജോസഫ് കരുമത്തി	10000
7	മിനി ഉല്ലാസ് തൈക്കൂട്ടത്തിൽ	12500
8	എൻ എം. സുരേന്ദ്രൻ	15000
9	സിന്ധു ബേബി മേനാച്ചേരി	15000

10	ജെസ്സി ചക്കിച്ചേരി	12500
11	എൽസി ആന്റണി ആട്ടോക്കാരൻ	15000
12	റീന ചാക്കോ കല്ലറയ്ക്കൽ	12500
13	അനീസ് ദേവസ്സിക്കുട്ടി തച്ചിൽ	10000
14	മറിയാമ്മ തോമസ്സ് ആനാംതുരുത്തിൽ	15000
15	ടി കെ ഹരിദാസ് തലക്കുളം	25000
16	ടോമി കെ ടി കോളരിക്കൽ	12500
17	പി കെ അശോക് കുമാർ പറമ്പത്ത് പടി	15000
18	പോൾ കെ മാണി കോട്ടയ്ക്കൽ വീട്	10000
19	മേരി പോൾ പാലത്തിങ്കൽ	12500
20	മേരി തോമസ്സ് കാച്ചപ്പിള്ളി	15000
21	സാറമ്മ ഇട്ടൂപ്പ് കൈപ്രമ്പാടൻ	20000
22	സജിത ഉണ്ണി	20000
23	പ്രിൻസ് ഈരാളി	15000
24	മേരി ജോയി പാറേക്കാട്ടിൽ	15000
25	റീത്ത സേവ്യർ പുത്തൻപുരയ്ക്കൽ	15000
26	പ്രിൻസ് ഫ്രാൻസിസ് മുണ്ടാടൻ	20000

പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ എല്ലാവർഷവും സ്പിൽ ഓവർ ആയി തുടരുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം07/17.01.2026) പട്ടികയിലെ ക്രമ നം. 2, 15 എന്നീ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളിൽനിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വീട് വാസയോഗ്യമാക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

1-26 ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നില്ല

ആസ്തി ബാദ്ധ്യത കണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം മുൻവർഷങ്ങളിൽ ലഭിച്ച പല ഗ്രാന്റുകളും യഥാകാലം വിനിയോഗിക്കാതെ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ഹെഡ്	നീക്കിയിരുപ്പ്
3208099- Other Grants &Contributions For Specific Purpose	₹14461967
3201050- Grants Contributions For Specific Purposes - Central Government	₹21270929
3202024- Flood Relief Grant	₹200000
ആകെ	₹35932896

ഗ്രാന്റ് തുക വിനിയോഗിക്കാതെ തുടരുന്നതിന്റെ കാരണവും ഗ്രാന്റുകൾ ഏതേത് വർഷങ്ങളിൽ എന്ത് ആവശ്യങ്ങൾക്കായി ലഭിച്ചതെന്നും അതിൽ തുകകകൾ തൻവർഷം വിനിയോഗിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങളും *ലഭ്യമാക്കുന്നതിന്* നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 47/27.01.2026) മറുപടി

ലഭ്യമാക്കിയിട്ടില്ല. തുകകൾ ചെലവഴിക്കാത്തപക്ഷം ആയത് ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വികസന പ്രവർത്തനങ്ങൾക്ക് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-27 പി എം എ വൈ പദ്ധതിയുടെ പുരോഗതി

അങ്കമാലി നഗരസഭയിലെ പിഎംഎവൈ അർബൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (07/17.01.2026) ലഭ്യമാക്കിയ മറുപടിയുടെയും, വിവിധ ഡിപിആർ രജിസ്റ്ററുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 31.3.2025 തീയതി വരെ ആരംഭിച്ച DPR കളും അവയുടെ നിർമ്മാണ പുരോഗതിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

DPR നം	ആരംഭിച്ച വർഷം	ആകെ ഗുണഭോക്താക്കളുടെ എണ്ണം	വകയിരുത്തിയ വിഹിതം (ലക്ഷം രൂപയിൽ)			ലഭ്യമായ വിഹിതം (ലക്ഷം രൂപയിൽ)		കരാർ ചമച്ചത്	ഒന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം	രണ്ടാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം	മൂന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം	നാലാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം
			കേന്ദ്രം	സംസ്ഥാനം	തദ്ദേശം	കേന്ദ്രം	സംസ്ഥാനം					
I	21.3.17	23	34.5	11.5	46	45.75	15.25	23	23	23	23	22
11	30.10.17	60	90	30	120	82.80	27.60	60	60	60	60	59
111	29,11,17	13	19.50	6.50	26	16.80	5.60	13	13	13	12	11
FLOOD	-	11	-	-	-	---	-	11	11	11	11	11
IV	30.1.19	106	159	53	212	165	55	106	106	105	103	98
V	21.12.19	64	96	32	128	90	30	64	64	64	63	60
VI	16.8.21	15	22.5	7.5	30	20.10	6.70	15	15	14	14	10
VII	23.03.22	10	15	5	20	13.20	4.4	10	10	10	10	9
VIII	18.11.22	19	28.5	9.5	38	22.2	7.4	19	19	18	16	11
IX	18.10.23	10	15	5	20	13.5	4.5	10	10	10	10	4
X	4.3.24	2	3	1	4	3	1	2	2	2	2	1
TOTAL		333	483	161	644	472.35	157.45	333	333	330	324	296

2) 2024-25 സാമ്പത്തിക വർഷത്തിൽ പി എം എ വൈ അർബൻ പദ്ധതിക്കു വേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ ലഭിച്ച തുക (ലക്ഷം രൂപയിൽ)			ചെലവഴിച്ച തുക (ലക്ഷം രൂപയിൽ)			ഒന്നാം ഗഡു നൽകിയത്	രണ്ടാം ഗഡു നൽകിയത്	മൂന്നാം നൽകിയത്	നാലാം ഗഡു നൽകിയത്
കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	തദ്ദേശ വിഹിതം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം	തദ്ദേശ വിഹിതം				
24.30	8.10	33.20	24.30	8.10	33.20	3.20	29.60	29.60	3.20

1-28 മുൻകൂർ തുക നൽകിയത് - ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ക്രമ നം	ഹെഡ് കോഡ്	ഇനം	ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക
1	4601001	Festival Advance	112600
2	4601099	Other Loans And Advances	10000

3	4604001	Advance To Suppliers	162203
4	4604002	Advance To Contractors	481
5	4605002	Advance To Implementing Agencies	2515434
6	4605004	Temporary Advances For Official Purposes	1034571
7	4606001	Electricity Deposits	2474171
8	4606002	Telephone Deposits	10000
9	4606003	Water Deposits	9716970

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഒ(പി) നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 250 (3) പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് തുകകൾ അഞ്ച് തുല്യ ഗഡുക്കളായി തിരികെ ഈടാക്കണമെന്നും ആദ്യ ഗഡു ഒക്ടോബറിൽ നൽകുന്ന ശമ്പളത്തിൽ നിന്നും ഈടാക്കിത്തുടങ്ങണമെന്നും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസായി നൽകുന്ന തുക അതേ സാമ്പത്തിക വർഷം തന്നെ ക്രമീകരിക്കണമെന്നിരിക്കെ സമയബന്ധിതമായി ₹112600 തിരികെ ഈടാക്കി ക്രമീകരിക്കാത്തത് സംബന്ധിച്ചും ആയത് ഏതേത് ജീവനക്കാർക്ക് നൽകിയതാണെന്നും തുക ഈടാക്കുന്നതിന് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും, മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം14/20.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

മുൻകൂർ തുകകൾ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വിവിധ നിർവ്വഹണ ഏജൻസികൾക്ക് മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള തുകയുടെ വിവരവും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 പി.എം.എ.വൈ ഭവന നിർമ്മാണം- -സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ താഴെ പറയുന്ന പ്രകാരം പി.എം.എ.വൈ ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നം	പ്രോജക്ട് നം	അടങ്കൽ	ചെലവ്
1	159/25 പി. എം. എ. വൈ ഭവന നിർമ്മാണം ജനറൽ (സ്പിൽ ഓവർ)	4080000	80000
2	72/25പി. എം. എ,വൈ ഭവന നിർമ്മാണം ജനറൽ	9100000	5720000

പി.എം.എ.വൈ ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി തുക നൽകുകയും എന്നാൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായും കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഡി.പി.ആർ നം, & ക്രമ നം.	ഗുണഭോക്താവിന്റെ പേര്	ആദ്യ ഗഡു തുക/ കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക
1	4/114	നിമിഷ ഷിബു, വാർഡ് 28	40000/- തീയതി ലഭ്യമല്ല	2,80,000
2	5/7	മേഴ്സി പൗലോസ് തേലപ്പിള്ളി പീച്ചാനിക്കാട്, വാർഡ് 4	40000/23.12.2020	360000
3	5/25	സി ടി ഉണ്ണി ചെമ്പിക്കൽ, വാർഡ് 26	40000/11.11.2020	360000
4	3/13	ഷൈജു മാത്യു, വാർഡ് 26	1,20,000/16.04.2018	355000
5	5/58	ഷിജി ഷാജൻ ചെറിയാൻ പറമ്പിൽ	40000/26.11.21	200000
6	6/4	ലാലി സാബു പാറേക്കാട്ടിൽ, വാർഡ്8	40000/24.06.22	40000

7	7/3	വിനീത് കെ ടി വാർഡ് 7	40000/16.12.22	120000
8	8/8	കുമാരി സുകുമാരൻ വാർഡ് 29	40000/21.06.23	200000
9	8/9	ബിന്ദു ജയകുമാർ കല്ലപറമ്പിൽ, വാർഡ്17	40000/21.06.23	40000
10	8/23	ജോയ് എം എ മടത്തുംകുടി, വാർഡ് 22	40000/26.10.23	40000
11	3/11	മഞ്ജു സാജു, വാർഡ് 21	ലഭ്യമായില്ല	1,75,000
12	4/92	ലില്ലി മാണി, വാർഡ് 25	40000/29-048-2019	3,60,000

1. ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയ പി.എം.എ.വൈ ഭവന നിർമ്മാണം DPR പരിശോധിച്ചതിൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതായി കണ്ടു. ആദ്യ ഗഡു നൽകി 5 വർഷം ആയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ ഉണ്ട്.

2. ലിസ്റ്റിൽ ഉൾപ്പെട്ട് രജിസ്റ്ററിൽ ചേർത്തതിന് ശേഷം തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിക്കാത്ത ഗുണഭോക്താക്കളുമുണ്ട്.

3. കരാറിൽ ഏർപ്പെട്ടതിന് ശേഷം ഒരു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കണമെന്ന് കരാർ നിബന്ധനയിൽ ഉണ്ടെന്നിരിക്കെയാണ് 5 വർഷത്തിലധികം കാലതാമസം ഉണ്ടായിട്ടുള്ളത്.

പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ എല്ലാവർഷവും സ്പിൽ ഓവർ ആയി തുടരുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 6 പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.
ഗുണഭോക്താക്കൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും, അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/24.01.2026) ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിരന്തരം ഇടപെടൽ നടത്തി വരുകയും നേരിട്ടും അല്ലാതെയും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ടി വിഷയത്തിൽ സിഎസ്ആർ ഫണ്ട് ലഭ്യമാകുമോ എന്നത് ആലോചിച്ച് വരുന്നതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഭവന നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-30 കോക്ലീയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ റിപ്പയറിംഗ്- വിനിയോഗ സാക്ഷപത്രം ലഭ്യമാക്കേണ്ടതാണ്.

അങ്കമാലി നഗരസഭയിലെ അഭിനവ് രാജേഷ് എന്ന ഗുണഭോക്താവിന്റെ കോക്ലീയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ റിപ്പയറിംഗിനായി 50000 രൂപ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 3301005800000015, PNB TVM) നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

പ്രോജക്ട്	383/25 കോക്ലീയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ റിപ്പയർ
അടങ്കൽ	50000 രൂപ തനതു ഫണ്ട്
ചെലവ്	50000 രൂപ
ബിൽ നം.തീയതി	325/15.01.25- 50000 രൂപ (UTR FDRLH25056487264/16.01.25)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

പ്രസ്തുത തുക ഗുണഭോക്താവിന്റെ ചികിത്സ ആവശ്യത്തിന് ഉപയോഗിച്ചതിന്റെ ധന വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം14/20.01.2026) ധന വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 50000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 സ്ഥിര നിക്ഷേപങ്ങൾ നീക്കിയിരിപ്പ് തുക വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

A) നഗരസഭയിലെ സ്ഥിര നിക്ഷേപ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	96,574,834.00 (2023-24 വർഷത്തെ നീക്കിയിരിപ്പ് പ്രകാരം)
തൻവർഷം നിക്ഷേപിച്ച തുക	10000000.00
തൻവർഷം പിൻവലിച്ച തുക	ഇല്ല
ആകെ സ്ഥിര നിക്ഷേപം	106574834.00
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (AFS B-12 Schedule പ്രകാരം)	104074834.00
സ്ഥിര നിക്ഷേപ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം31.03.2025 ലെ നീക്കിയിരിപ്പ്	105521553.00

സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയിലും, സ്ഥിര നിക്ഷേപ രജിസ്റ്ററിലും വ്യത്യസ്ത തുകകൾ ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20/21.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥിര നിക്ഷേപ രജിസ്റ്റർ, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ഉള്ള വിവരങ്ങൾ ആണ് സ്ഥിര നിക്ഷേപങ്ങളുടെ കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

B) ഇക്വിറ്റി ഷെയർ

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 674000 രൂപയുടെ ഇക്വറ്റി ഷെയർ നിക്ഷേപം കാണുന്നു. എന്നാൽ അവയുടെ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സ്ഥിര നിക്ഷേപ രജിസ്റ്റർ കാലികമാക്കി, ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-32 പീച്ചാനിക്കാട് സ്ത്രീ വികസന കേന്ദ്രത്തിന് സ്ഥലം വാങ്ങൽ -സൊലേഷ്യം തുക അധികം നൽകി

പ്രോജക്ട്	149/25 പീച്ചാനിക്കാട് ഒന്നാം വാർഡിൽ സ്ത്രീ വികസന കേന്ദ്രത്തിന് സ്ഥലം വാങ്ങാൽ (സ്പിൽ ഓവർ)
അടങ്കൽ	1199544 രൂപ വികസന ഫണ്ട് ജനറൽ
നിർവ്വഹണം	സെക്രട്ടറി
ബിൽ നം. തീയതി	07/09.05.2024- 1174544/-
ചെലവ്	1174544/ രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ പീച്ചാനിക്കാട് ഒന്നാം വാർഡിൽ സ്ത്രീ വികസന കേന്ദ്രത്തിന് സ്ഥലം വാങ്ങുന്നതിനായി ജില്ലാ ആസൂത്രണ സമിതിയുടെ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആകെ 2000000 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയത്.

സ്ഥലം വാങ്ങലിന്റെ ഫയൽ(P1-1463/2022) പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 2023-24 വർഷം 248/23 നമ്പർ ആയി ഈ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിനായി സ്ഥലം ലഭ്യമാക്കുവാൻ തയ്യാറുള്ള ഉടമകളിൽ നിന്ന് പത്രപരസ്യം മുഖേന ഓഫർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. വർഗീസ് ടി പി, തേലപ്പിള്ളി, പുളിയനം പി.ഒ എന്നയാൾ 28.2.22 – ൽ ബ്ലോക്ക് 11 – ൽ റീസർവ്വേ നമ്പർ 32/81, 32/9 എന്നിവ പ്രകാരമുള്ള 7.66 സെന്റ് സ്ഥലം ഗവണ്മെന്റ് നിശ്ചയിക്കുന്ന വില പ്രകാരം തരുവാൻ താൽപ്പര്യപ്പെടുന്നു എന്നും സ്ഥലം എടുക്കണം എന്നും ആവശ്യപ്പെട്ട് 28.2.22- ൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇത്

പ്രകാരം സ്ഥലത്തിന്റെ വില നിശ്ചയിച്ച തരാൻ ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി 15.3.22 – ൽ പി1-1468/11 നമ്പർ ആയി ഫോർട്ട് കൊച്ചി ആർഡിഒ ക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത ഓഫീസിൽനിന്നും ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആലുവ തഹസിൽദാർ 3.2.23-ൽ (കത്ത് നമ്പർ എച്ച് - 350/23) ഒരു ആർ സ്ഥലത്തിന് 5,80,878 രൂപയായി സ്ഥലവില നിശ്ചയിച്ച നൽകി. ഇതിനുശേഷം ശ്രീ. വർഗീസ് ഒരു സെന്റ് സ്ഥലത്തിന് 2.50 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് 21.6.23 -ൽ സെക്രട്ടറിക്ക് കത്ത് നൽകി. നിഗോഷിയേഷൻ നടത്തിയിട്ടും ടിയാൾ വില കുറക്കുന്നില്ലെന്ന് കാണിച്ച് ഒരു സെന്റ് സ്ഥലത്തിന് 2.50 ലക്ഷം രൂപ നിരക്കിൽ ടിയാൾക്ക് സ്ഥലവിലയായി നൽകാൻ 30.9.23 -ലെ 11 -ാം നമ്പർ പ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം. 115/2022 ത.സ്വ.ഭ.വ തീ 28.05.2023 ലെ ഖണ്ഡിക 8.1(4) പ്രകാരം ഉഭയ സമ്മത പ്രകാരം ഭൂമി ആർജ്ജിക്കുന്ന സംഗതിയിൽ റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂമി നൽകുവാൻ ഉടമസ്ഥൻ തയ്യാറായില്ലെങ്കിൽ, ഉടമസ്ഥൻ ആവശ്യപ്പെടുന്ന വിലയും റവന്യൂ വകുപ്പ് നിശ്ചയിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം പരമാവധി റവന്യൂ വകുപ്പ് നിശ്ചയിച്ച വിലയുടെ 30% വരെ നഷ്ടപരിഹാരം (സൊലേഷ്യം) നൽകാമെന്നും, എന്നാൽ ഇപ്രകാരം നഷ്ടപരിഹാരം നൽകേണ്ട സാഹചര്യം വിശദീകരിച്ചുകൊണ്ട് ഭരണസമിതി ഏകകണ്ഠമായി പ്രമേയം അംഗീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ നിശ്ചയിച്ച നൽകിയ നിരക്കിൽ സ്ഥലം വിട്ടുനൽകാമെന്ന് ശ്രീ വർഗീസ് തന്നെയാണ് നഗരസഭക്ക് കത്ത് നൽകിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ നഗരസഭ ലഭ്യമാക്കുകയും ലീഗൽ ഒപ്പീനിയനു വേണ്ടി 3000 രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായതിന് ശേഷം ഒരിക്കൽ നൽകിയ ഓഫറിൽനിന്നും കൂടിയ തുക ഉടമസ്ഥൻ ആവശ്യപ്പെട്ടപ്പോൾ നഷ്ടപരിഹാരം ഈടാക്കി ടിയാളെ ഒഴിവാക്കി വ്യാപക പരസ്യം നൽകി സ്ഥലം വാങ്ങുന്നതിനു പകരം ടിയാൾ ആവശ്യപ്പെട്ട അതേ വിലക്ക് തന്നെ സ്ഥലം വാങ്ങി ആയതിനാൽ പ്രസ്തുത ഉത്തരവ് പ്രകാരം സൊലേഷ്യം ഈ കാര്യത്തിൽ അനുവദിക്കാവുന്നതല്ല.

27.10.23 – ൽ പി1-1463/23 നമ്പർ സെന്റിന് 2.50 ലക്ഷം രൂപ നിരക്കിൽ 3ആർ 36 സ്ക്വയർ മീറ്റർ വസ്തുവിന് വില നിശ്ചയിച്ച നൽകാൻ വില്ലേജ് ഓഫീസറോട് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ നിർണ്ണയിച്ച നൽകിയ അളവായ 3.36 ആർ (റീ സർവ്വെയിൽ 8.30 സെന്റ് ആയി വർദ്ധിച്ച) വസ്തുവിന് 2.50 ലക്ഷം രൂപ നിരക്കിൽ 20,75,000 രൂപയും തഹസിൽദാർ നിശ്ചയിച്ച വില പ്രകാരം 19,51,750 രൂപയും വില വരുമെന്ന് വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

ഇതു പ്രകാരം 25.3.24 – ൽ ആകെ 20,75,000 രൂപക്ക് 3.36 ആർ (8.30 സെന്റ്) വസ്തു ആധാരം ചെയ്ത് വാങ്ങുകയും 2023-24 വർഷത്തിൽ 900456 രൂപ ചെക്ക് നമ്പർ 463299/27.3.24 പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി 1174544/ രൂപ തൻവർഷം നൽകിയിട്ടുണ്ട്.

ഈ വസ്തു മെയിൻ റോഡിൽ നിന്നും ഉൾപ്രദേശത്തുള്ളതാണ്. ടിയാൾ തന്നെയാണ് ഓഫർ നൽകിയത്. ഭൂമി അടിയന്തിരാവശ്യങ്ങൾക്കായി നഗരസഭ ഏറ്റെടുക്കുന്നതല്ല. ഒരിക്കൽ നൽകിയ ഓഫർ പ്രകാരം വില നൽകുന്നതിന് പകരം ടിയാൾ വീണ്ടും ഉയർന്ന വില ആവശ്യപ്പെട്ടത് നൽകിയത് അംഗീകരിക്കാനാവില്ല. 123250 രൂപ അധികമായാണ് നൽകിയത്.

അധികം തുക നൽകിയത് സംബന്ധിച്ച് വിശദീകരണം നൽകുന്നതിനും, അതോടൊപ്പം തന്നെ ഈ സ്ഥലത്ത് വനിതാ വികസന കേന്ദ്രം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഈ കേന്ദ്രത്തിൽ ഏതെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 04/16.01.2026) നെഗോസിയേഷൻ നടത്തിയിട്ടും ടിയാൻ വില കുറയ്ക്കാത്തതിനാലും, പീച്ചാനിക്കാട് പോലെ ഒരു പ്രദേശത്ത് സ്ഥല ലഭ്യത കുറവും, പുരയിടം പേലെ വികസന പ്രവർത്തനങ്ങൾക്ക് ടി വിലയ്ക്ക് ലഭിക്കുവാൻ പ്രയാസം നേരിടുമെന്ന് കണക്കിലെടുത്താണ് ഓഫർ നിരസിക്കാതെ സ്ഥലമുടമയുടെ ആവശ്യപ്രകാരം 2.50 ലക്ഷം രൂപ നിരക്കിൽ, സ.ഉ(കൈ)നം. 115/2022 ത.സ്വ.ഭ.വ തീയതി. 28.05.2023 ലെ ഖണ്ഡിക 8.1(4) പ്രകാരം അനുവദിനീയമായ സൊലേഷ്യത്തിനുള്ളിൽ നിന്നുകൊണ്ട് ഭൂമി വാങ്ങിയതെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി 2950000 രൂപയുടെ പ്രോജക്റ്റിന് അംഗീകാരം ലഭിക്കുകയും എഗ്രിമെന്റ് ചമച്ച് സൈറ്റ് കൈമാറിയിട്ടുണ്ടെന്നും അറിയിച്ചു.

സർക്കാർ നിശ്ചയിച്ച നൽകിയ നിരക്കിൽ സ്ഥലം വിട്ടുനൽകാമെന്ന് ശ്രീ വർഗീസ് തന്നെയാണ് നഗരസഭക്ക്

കത്ത് നൽകിയത് ആയതിനാൽ ഉഭയ സമ്മത പ്രകാരമുള്ള സ്ഥലം ഏറ്റെടുക്കലിന്റെ ഭാഗമായുള്ള സൊലേഷ്യം തുക ഈ കാര്യത്തിൽ അനുവദിനീയമല്ല – ഇതിലും കുറഞ്ഞ നിരക്കിൽ മറ്റു സ്ഥലങ്ങളിൽ ഭൂമി ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടില്ല. അധിക തുക നൽകിയതിന് സർക്കാരിൽനിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സൊലേഷ്യം ഇനത്തിൽ അധികം നൽകിയ 123250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-33 താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റിലേക്ക് ഫയർ എക്സ്റ്റിംഗ്ഗ്വൂഷറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ അപാകത

പ്രോജക്ടിന്റെ പേര്, നം .	താലൂക്ക് ആശുപത്രി ഡയാലിസിസ് യൂണിറ്റ് പ്രവർത്തന ഫണ്ട്. 117/24-25
നിർവഹണോദ്യോഗസ്ഥൻ	സൂപ്രണ്ട്, താലൂക്ക് ആശുപത്രി,അങ്കമാലി
അടങ്കൽ തുക	₹3000000/- (മെയ്ന്റനൻസ് ഫണ്ട് - റോഡിതരം)
ആകെ ചെലവ് തുക	₹1022583/- (മെയ്ന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ് ബിൽ നം/തീയതി/തുക	148/27.09.2024 ₹22420/-

അങ്കമാലി നഗരസഭ 2024-25 സാമ്പത്തിക വർഷത്തിൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി, അങ്കമാലി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടിലുൾപ്പെടുത്തി വിവിധ ചെലവുകൾ നടത്തിയതിൽ താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റിലേക്ക് ഫയർ എക്സ്റ്റിംഗ്ഗ്വൂഷറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയ വകയിൽ 2.09.2024 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ മൂന്ന് ക്വട്ടേഷൻ ലഭിക്കുകയുണ്ടായി. ആയതിൽ ഏറ്റവും കുറവ് തുക (₹12350/-) ക്വാട്ട് ചെയ്ത് സമർപ്പിച്ചത് നവീൻ ഫയർ സേഫ്റ്റി സിസ്റ്റംസ് ആണ്. എന്നാൽ ഏറ്റവും കൂടുതൽ തുക(₹22700/-) ക്വാട്ട് ചെയ്ത് സമർപ്പിച്ച അപക്സ് ഫയർ പ്രൊട്ടക്ഷൻ ആണ് ഫയർ എക്സ്റ്റിംഗ്ഗ്വൂഷറും മറ്റ് അനുബന്ധ ഉപകരണങ്ങളും ₹10350/- അധിക നിരക്കിൽ വിതരണം ചെയ്തിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/21.01.2026) മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച കൗൺസിൽ തീരുമാനവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹22420/- തടസ്സപ്പെടുത്തുന്നു.

1-34 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം വ്യക്തിഗതം -അപാകത

പ്രോജക്ടിന്റെ പേര്, നം.	വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം വ്യക്തിഗതം, 97/24-25
നിർവഹണോദ്യോഗസ്ഥൻ	ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ
അടങ്കൽ തുക	₹480000/- 1.₹360000/-(വികസന ഫണ്ട് ജനറൽ) 2.₹120000/-(മറ്റുള്ളവ)
ആകെ ചെലവ് തുക	₹345000/- (വികസന ഫണ്ട് ജനറൽ)
ചെലവ് ബിൽ നം/തീയതി/തുക	1.480/25 തീയതി 10.03.2025/180000/- 2.533/25 തീയതി 17.03.2025/75000/- 3.582/25 തീയതി 24.03.2025/90000/-

അങ്കമാലി നഗരസഭയുടെ 2024-25 സാമ്പത്തിക വർഷത്തിലെ വ്യവസായ വികസന ഓഫീസർ 4 വനിതകൾക്ക് സ്വയംതൊഴിലിനായി ₹345000/- രൂപ

(1. 90000*3=270000, 2. 75000*1=75000) നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ പദ്ധതി ചെലവിന്റെ 75% പരാമാവധി 90000/- ആണ് സബ്സിഡി ആയി നൽകാവൂ.

2. തുക ബാങ്ക് ലോൺ അല്ലെങ്കിൽ സ്വന്തം രീതിയിലോ കണ്ടെത്താവുന്നതാണ്.

3. വായ്പ ആണെങ്കിൽ തുക ബാക്ക് എൻഡഡ് സബ്സിഡി ആയേ ബാങ്കിലേക്ക് നൽകാവൂ.അല്ലാത്ത പക്ഷം യൂണിറ്റിന്റെ മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തിയ ശേഷം സബ്സിഡി ബാങ്ക് അക്കൌണ്ടിലേക്ക് നൽകും.

ക്രമ	ഗുണഭോക്താവ്/സംരംഭത്തിന്റെ പേര്	സബ്സിഡി

നം.		അനുവദിച്ച തുക(₹)
1	അനില.എസ്, വള്ളത്തേരി വീട്, വാർഡ് -3 (അനുഗ്രഹ ഡിസൈൻ അങ്കമാലി)	90,000/-
2	ബീന മാർട്ടിൻ പള്ളിപ്പാട് വീട് വാർഡ് -6), (സ്വീബീ ഗാർമെന്റസ്)	750,000/-
3	സിജി ജോർജ്ജ്,തുലാപ്പിള്ളിൽ വീട്, വാർഡ് -29, (വിർഗോ ഫാഷൻസ്).	90,000/-
4	ജാൻസി ജിജോ, അരീക്കൽ വീട്. വാർഡ് -18(ജെ.ജെ ടെയിലറിംഗ്)	90,000/-

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സിജി ജോർജ്ജ്,തുലാപ്പിള്ളിൽ വീട് എന്ന ഗുണഭോക്താവിന്റെ ആധാർ, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ തുലാപ്പള്ളിൽ, കുമം, തൃക്കലങ്ങോട് മലപ്പുറം, പിൻ 676123 എന്ന അഡ്രസ്സ് ആണ്. അങ്കമാലി നഗരസഭയുടെ ഗുണഭോക്തൃ ലിസ്റ്റിൽ സിജി ജോർജ്ജ്, തുലാപ്പിള്ളിൽ വീട് (ക്രമ നം. 23) എന്ന പേരിൽ ആണ്. മലപ്പുറം ജില്ലയിൽപ്പെട്ട ആൾ അങ്കമാലി നഗരസഭ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാൻ ഇടയായ സാഹചര്യം വിശദീകരിക്കാൻ താല്പര്യപ്പെടുന്നു. അതോടൊപ്പം സിജി ജോർജ്ജ് അങ്കമാലി നഗരസഭയിൽ ഉൾപ്പെട്ട ആളാണെന്നുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. ശ്രീമതി സിജി ജോർജ്ജ്, ശ്രീമതി അനില.എസ് എന്നിവർ ബാങ്ക് ലോൺ മുഖേനയാണോ അതോ സ്വന്തം രീതിയിലാണോ തുക കണ്ടെത്തിയതെന്ന് വ്യക്തമല്ല. ബാങ്ക് ലോൺ മുഖേനയാണെങ്കിൽ ഗുണഭോക്താവിന് ബാങ്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ, സബ്സിഡി ബാങ്കിലേക്ക് അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. ശ്രീമതി ജാൻസി ജിജോ ഒഴികെ മറ്റ് ഗുണഭോക്താക്കൾക്ക് സബ്സിഡി ബാങ്കിലേക്ക് അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

4. ഗുണഭോക്താക്കൾ സംരംഭം ആരംഭിക്കുന്നതിലേക്കായി നഗരസഭയിൽ നിന്നുള്ള ലൈസൻസ്, സ്ഥാപന തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഇവ ഫയലിൽ ലഭ്യമല്ല.

5. സ്ഥാപനം പ്രവർത്തിക്കുന്നത് സ്വന്തം സ്ഥാപനത്തിലാണോ അതോ വാടകയ്ക്കാണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. വാടകയ്ക്കാണെങ്കിൽ ഉടമസ്ഥനുമായുള്ള വാടക കരാർ, സ്വന്തമാണേൽ ആയത് തെളിയിക്കുന്ന രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല.

6. 24.06.24 ൽ പ്രോജക്ടിനു ഡി.പി.സി അംഗീകരം ലഭിച്ച്, ഗുണഭോക്തൃ ലിസ്റ്റിനു ഭരണ സമിതിയുടെ അംഗീകാരം ലഭിച്ചത് 12.11.2024 ലെ 17/1 നമ്പർ തീരുമാന പ്രകാരമാണ് ആയതിന്റെ അടിസ്ഥാനത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർക്ക് P1-12140/23 Dt.16/12/24 പ്രകാരമാണ് മുനിസിപ്പൽ സെക്രട്ടറി ഗുണഭോക്തൃ ലിസ്റ്റ് കൈമാറിയിട്ടുള്ളത് എന്നാൽ, ശ്രീമതി സിജി ജോർജ്ജും, ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസറും തമ്മിൽ 25.02.2024 ലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് ലഭിക്കുന്നതിന് മുൻപ് തന്നെ ഗുണഭോക്താവുമായി കരാറിൽ ഏർപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു. കരാർ ചമച്ചതിന് സാക്ഷികളുടെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല.

7. ശ്രീമതി ജാൻസി ജിജോയുമായുള്ള കരാറിൽ മുദ്ര പത്രത്തിൽ ഒന്നാം കക്ഷി (ശ്രീമതി ജാൻസി ജിജോ) ഒപ്പ് വച്ചിട്ടില്ല. ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടുമ്പോൾ കരാർ ചമയ്ക്കുമ്പോൾ പാലിക്കേണ്ട നിയമാവലി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

8. സ്ഥാപനങ്ങളുടെ പ്രവർത്തനം, ഫണ്ടിന്റെ വിനിയോഗം എന്നിവ വിലയിരുത്തി തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സംരംഭ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. (സ.ഉ(കൈ) 115/22ത.സ്വ.ഭ.വ തീയതി 28.05.22, 6.5.3).

9. സംരംഭങ്ങളുടെ നിലവിലെ സ്ഥിതി വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 9/19.01.2026) ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക ₹345000/- തടസ്സത്തിൽ വയ്ക്കുന്നു.

1-35 സ്റ്റാറ്റ്യൂട്ടറി പെൻഷൻ -അവലോകനം

അങ്കമാലി നഗരസഭയിൽ നിന്നും 2024-25 വർഷം 37 റഗുലർ പെൻഷൻകാർക്കും 26 കണ്ടിൻജന്റ് പെൻഷൻകാർക്കുമാണ് പെൻഷൻ വിതരണം നടത്തിയിട്ടുള്ളത്. 01.07.2019 ന് മുമ്പ് വിരമിച്ച റഗുലർ വിഭാഗം

പെൻഷൻകാരുടെ പെൻഷൻ സ.ഉ(അ)നം.30/2021/ധന തീയതി 12.02.2021, സ.ഉ(അ)നം.35/2021/ധന തീയതി 23.02.2021 എന്നീ ഉത്തരവുകൾ പ്രകാരവും, കണ്ടിൻജന്റ് വിഭാഗം പെൻഷൻകാരുടെ പെൻഷൻ സ.ഉ(അ)നം.168/2021/ധന തീയതി 08.12.2021 ഉത്തരവ് പ്രകാരവും പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കിലുള്ള പെൻഷൻ വിതരണം നടത്തുന്നുണ്ടെങ്കിലും, പരിഷ്കരിച്ച പെൻഷന്റെ വിശദാംശങ്ങൾ പെൻഷൻ ബുക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2024-25 വർഷത്തെ പെൻഷൻ വിതരണം സംബന്ധിച്ച അപാകതകൾ പ്രത്യേക ഖണ്ഡികകളായി ചേർത്തിരിക്കുന്നു.

1-35-1 റഗുലർ പെൻഷൻ

എ) റഗുലർ പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E (A+b+c+d)
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	27	5	2	-	34
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	2	2			4
C.	തൻവർഷം മരണപ്പെട്ടവർ / ഒഴിവാക്കപ്പെട്ടവർ	1				1
D.	വർഷാവസാനം ഉള്ള പെൻഷൻകാർ (A+b) - (C)	28	7	2		37

ബി) പെൻഷൻ തുക വിതരണവിവരം (2024-25)

മാസം	വൗച്ചർ നം., തീയതി	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക / തീയതി *
04/2024	463332/3.4.24	715236	82871	18986	-	817093	801093
05/2024	463371/2.5.24	719236	82871	18986		821093	805093
06/2024	489184/1.6..24	717236	82871	18986		819093	803093
07/2024	489213/1.7.24	717236	82871	18986		819093	803093
08/2024	539457/1.8.24	717236	82871	18986		819093	803093
09/2024	539486/2.9.24	695286	82871	18986		797143	781643
10/2024	588788/1.10.24	695286	82871	18986		797143	781643
11/2024	588814/1.11.24	718418	85410	19480		823308	807808
12/2024	588856/2.12.24	718418	85410	19480		823308	807808
01/2025	6587164/1.1.25	718418	85410	19480		823308	807808
02/2025	658790/1.2.25	757517	104961	19480		881958	855458
03/2025	658810/1.3.25	757517	104961	19480		881958	864958
ആകെ		8647040	1046249	230302		9923591	9722591

*മെഡിസെപ്പ് വിഹിതം കിഴിച്ചുള്ള തുകയാണ് ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുള്ളത്.

സി) 2024-25 ലെ പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം

മാസം	അടവാക്കേണ്ടത്	അടവാക്കിയത്	വൗച്ചർ /ചെക്ക് നം., തീയതി	അടവാക്കാൻ ബാക്കി
04/2024	189664	189664	489149/7.5.24	

05/2024	182661	182661	489194/10.6.24	
06/2024	172432	172432	489237/4.7.24	
07/2024	173122	173122	083131/14.8.24	
08/2024	173692	173692	083137/10.9.24	
09/2024	167553	167553	083140/8.10.24	
10/2024	187938	187938	083143/5.11.24	
11/2024	187938	187938	117551/10.12.24	
12/2024	183357	183357	117553/9.1.25	
01/2025	188216	188216	117559/11.2.25	
02/2025	199935	199935	117563/4.3.25	
03/2025	199627	199627	117575/21.4.25	
ആകെ	2206135	2206135		

ഡി) സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വിവരം

മാസം	തുക	ഉത്തരവ് നം / ചെക്ക് നം.	മുതൽക്കൂട്ടിയ ബാങ്ക് അക്കൗണ്ട് നം.
2024-25 വർഷം തുകയൊന്നും ലഭിച്ചിട്ടില്ല			

ഇ) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം (2024-25)

2024-25 വർഷം വിതരണം നടത്തിയ പെൻഷൻ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു. രണ്ട് ഗുണഭോക്താക്കൾക്കായാണ് തുക നൽകിയിട്ടുള്ളത്. തനതുഫണ്ടിൽ നിന്നുമാണ് ഇത് വിതരണം ചെയ്തിട്ടുള്ളത്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ഈ ആവശ്യത്തിലേക്കായി തുകയൊന്നും ലഭിച്ചിട്ടില്ല.

ഇനം	പെൻഷണറുടെ പേര്	തുക	വൗച്ചർ നം.
പെൻഷൻ കമ്മ്യൂട്ടേഷൻ	സേതുമാധവൻ എം.പി	1053080	MB 117570/17.03.25
DCRG	ടി പി പരമേശ്വരൻ	613752	MB 117571/21.03.25
ആകെ		1666832	

എഫ്) വാർഷിക കണക്ക് പ്രകാരം പെൻഷൻ ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെ വിവരം

2024-25 ലെ വാർഷിക ധനകാര്യ പത്രിക പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് ലഭിക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	തുക
4315101 Pensio Allotment റിസീവബിൾസ്	109309139

ജി) പെൻഷൻ വിതരണത്തിലെ അപാകതകൾ

പെൻഷൻ ഫണ്ട് പണമിടപാട് നടത്തുന്നതിനായി അങ്കമാലി സബ്ട്രഷറിയിൽ 71109020000074 എന്ന അക്കൗണ്ട് നമ്പറായി ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും നിലവിൽ അത് പ്രവർത്തനരഹിതമാണ്. എസ്.ബി.ഐ, ഫെഡറൽബാങ്ക് എന്നീ ബാങ്കുകളിൽ തുടങ്ങിയിട്ടുള്ള തനത് ഫണ്ട് അക്കൗണ്ടുകൾ വഴിയാണ് പെൻഷൻ വിതരണം നടത്തുന്നത്. പെൻഷൻതുകയുടെ വിതരണത്തിന് മാത്രമായി ചെക്ക് എഴുതാതെ മറ്റു വിവിധ ചെലവുകൾക്കുള്ള തുക കൂടി ഉൾപ്പെടുത്തി ഒറ്റ ചെക്കായാണ് പലപ്പോഴും തുക പിൻവലിച്ചിട്ടുള്ളത്. പെൻഷൻ വിതരണത്തിന് മാത്രം ആവശ്യമായ തുകക്കുള്ള ചെക്കെഴുതി അത് പെൻഷൻ അക്കൗണ്ടിലേക്ക് മാറ്റി ആ അക്കൗണ്ടിൽ നിനിനും പെൻഷൻ വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. പെൻഷൻ സംബന്ധമായ കൃത്യമായ കണക്ക് ലഭിക്കുവാൻ ഇതിലൂടെ എളുപ്പം സാധിക്കും. പെൻഷൻ അക്കൗണ്ട് ട്രാൻസ്ഫർ വഴിയാണ് ഓരോ ഗുണഭോക്താക്കളിലുമെത്തുന്നത്.

എച്ച്) പെൻഷൻ കോൺട്രിബ്യൂഷൻ തുകയുടെ വിവരം

സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ള ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ തുക കണക്കാക്കി ചുവടെ ചേർക്കും പ്രകാരം എല്ലാ മാസവും ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സിന്റെ 799011400007305 നമ്പർ അക്കൗണ്ടിലേക്ക് അടവാക്കുന്നുണ്ട്. എന്നാൽ മേൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പെൻഷൻ

വിതരണത്തിനുള്ള തുക യഥാസമയം നഗരസഭക്ക് ലഭ്യമാവുന്നില്ല. ഏറ്റവും ഒടുവിൽ നഗരസഭക്ക് തുക ലഭിച്ചത് 2022 ലാണ്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.06.2024 ലെ LSGD/PD/20410/ 2024/ PENA6 നമ്പർ കത്ത് പ്രകാരം മാർച്ച് 2024 വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അങ്കമാലി നഗരസഭക്ക് ലഭിക്കേണ്ട തുക ₹6,12,63,613/- ആണ്. പെൻഷൻ വിതരണത്തിനായി നഗരസഭ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച ₹2,12,64,877/- യും, തനതുഫണ്ടിൽ നിന്നും ചെലവഴിച്ച ₹3,99,98,736/- യും ഉൾപ്പെടെയുള്ള തുകയാണിത്. ഇതിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക തിരികെ നൽകേണ്ടതില്ലെന്ന് സർക്കാർ നിർദ്ദേശമുള്ളതിനാൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച ₹3,99,98,736/-ക്ക് നഗരസഭക്ക് ലഭിക്കാൻ അർഹതയുള്ളതാണ്. തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തൻവർഷത്തിൽ ചെലവഴിച്ച 9929591 രൂപ റിസീവബിൾസിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പെൻഷൻ വിതരണം പ്രത്യേക അക്കൗണ്ട് വഴി നടത്തേണ്ടതാണ്.

2. പെൻഷണറുടെ യഥാർത്ഥ അക്കൗണ്ടിലേക്ക് തന്നെയാണ് തുക കൈമാറുന്നതെന്ന് ഇടക്കിടെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3. പെൻഷൻ വിഹിതത്തിന് മാത്രമായി പ്രത്യേകം ചെക്ക് എഴുതി തുക പിൻവലിക്കേണ്ടതാണ്.

4. എല്ലാ പെൻഷൻകാരുടേയും ലൈഫ് സർട്ടിഫിക്കറ്റ് ഓരോ വർഷവും നിശ്ചിത സമയത്ത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

5. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ട തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, തുക യഥാസമയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

6. പെൻഷൻ റിവിഷൻ സംബന്ധിച്ച വിവരം പെൻഷൻ ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, ഓരോ മാസവും നൽകുന്ന തുക കൃത്യമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

7. പെൻഷൻ കുടിശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവ നൽകിയതിന്റെ വിവരങ്ങൾ ഓരോ പെൻഷൻകാരന്റേയും ഫയലിൽ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. ഫാമിലി പെൻഷൻകാരുടെ ഹയർ പെൻഷൻ യഥാസമയം നോർമ്മൽ പെൻഷൻ ആക്കി മാറ്റാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇവർ പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം ഓരോ വർഷവും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

9. പെൻഷണർ മരണപ്പെട്ട വിവരം ലഭിക്കുന്ന മുറക്ക് പെൻഷൻ വിതരണം നിർത്തിവയ്ക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-35-2 കണ്ടിജന്റ് പെൻഷൻ

എ) കണ്ടിജന്റ് പെൻഷൻകാരുടെ എണ്ണം

		പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യ കുടുംബ പെൻഷൻ	ആകെ
		A	B	C	D	E (A+b+c+d)
A.	വർഷാരംഭത്തിൽ ഉണ്ടായിരുന്നവർ	15	10	0	0	25
B.	തൻവർഷം അനുവദിക്കപ്പെട്ടവർ	1	0	0	0	1
C.	തൻവർഷം മരണപ്പെട്ടവർ/ ഒഴിവാക്കപ്പെട്ടവർ	0	0	0	0	0

D.	വർഷാവസാനം ഉള്ള പെൻഷൻകാർ (A+b) - (C)	16	10	0	0	26

ബി) പെൻഷന് തുക വിതരണവിവരം (2024-25)

ഓഡിറ്റ് വർഷം കണ്ടിൻജന്റ് പെൻഷൻ ഇനത്തിൽ താഴെ ചേർക്കും പ്രകാരം ₹ 4500729 - വിതരണം ചെയ്തിട്ടുണ്ട്.

മാസം	വൗച്ചർ നം.	പെൻഷൻ	കുടുംബ പെൻഷൻ	എക്സ്ഗ്രേഷ്യ പെൻഷൻ	എക്സ്ഗ്രേഷ്യാ കുടുംബ പെൻഷൻ	ആകെ	ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക/ തീയതി
04/2024	463332/3.4.24	224207	143645	-	-	367852	355352
05/2024	463371/2.5.24	224206	143646	-	-	367852	355352
06/2024	489183/1.6.24	224206	143646	-	-	367852	355352
07/2024	489213/1.7.24	224206	143646	-	-	367852	355352
08/2024	539457/1.8.24	224206	143646	-	-	367852	355352
09/2024	539486/2.9.24	224206	143646	-	-	367852	355352
10/2024	588778/1.10.24	224206	143646	-	-	367852	355352
11/2024	588814/1.11.24	232026	147775	-	-	379801	367301
12/2024	588856/2.12.24	232026	147775	-	-	379801	367301
01/2025	658764/1.1.25	232026	147775	-	-	379801	367301
02/2025	658790/1.2.25	245406	147775	-	-	393181	380181
03/2025	658810/1.3.25	245406	147775	-	-	393181	380181
ആകെ		2756333	1744396	-	-	4500729	4349729

ഡി) കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. വിതരണവിവരം (2024-25)

ഇനം	തുക	വൗച്ചർ നം.
ഇല്ല		

സ.ഉ (എം എസ്) 49/2016/Lsgd/04.03.2016 പ്രകാരം വിരമിക്കുന്ന ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നഗരസഭകൾക്ക് അനുവദിക്കുന്ന ജനറൽ പർപ്പസ് ഫണ്ടിൽനിന്നും അനുവദിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പെൻഷൻ വിതരണം പ്രത്യേക അക്കൗണ്ട് വഴി നടത്തേണ്ടതാണ്.

2. പെൻഷണറുടെ യഥാർത്ഥ അക്കൗണ്ടിലേക്ക് തന്നെയാണ് തുക കൈമാറുന്നതെന്ന് ഇടക്കിടെ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3. പെൻഷൻ വിഹിതത്തിന് മാത്രമായി പ്രത്യേകം ചെക്ക് എഴുതി തുക പിൻവലിക്കേണ്ടതാണ്.

4. എല്ലാ പെൻഷൻകാരുടേയും ലൈഫ് സർട്ടിഫിക്കറ്റ് ഓരോ വർഷവും നിശ്ചിത സമയത്ത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

5. പെൻഷൻ റിവിഷൻ സംബന്ധിച്ച വിവരം പെൻഷൻ ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, ഓരോ മാസവും നൽകുന്ന തുക കൃത്യമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

6. പെൻഷൻ കുടിശിക, ക്ഷാമാശ്വാസ കുടിശ്ശിക എന്നിവ നൽകിയതിന്റെ വിവരങ്ങൾ ഓരോ പെൻഷൻകാരന്റെയും ഫയലിൽ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7. ഫാമിലി പെൻഷൻകാരുടെ ഹയർ പെൻഷൻ യഥാസമയം നോർമ്മൽ പെൻഷൻ ആക്കി മാറ്റാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇവർ പുനർ വിവാഹം ചെയ്തിട്ടില്ല എന്ന സാക്ഷ്യപത്രം ഓരോ വർഷവും വാങ്ങി സൂക്ഷിക്കേണ്ടതാണ്.

8. പെൻഷണർ മരണപ്പെട്ട വിവരം ലഭിക്കുന്ന മുറക്ക് പെൻഷൻ വിതരണം നിർത്തിവയ്ക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-36 മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടില്ല

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 94/25 പ്രകാരം 570000 രൂപ ചെലവിൽ ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. സൈഡ് വീലോടുകൂടി 125 സിസി ഹീറോ ഡെസ്റ്റിനി പ്രൈം എന്ന വാഹനം 5 എണ്ണം കെൽട്രോണിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. 40% ഭിന്നശേഷി ഉള്ള ശ്രീ. ജോർജ് എം ഒ, മേനാച്ചേരി എന്നയാളെ ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ടിയാൾക്ക് വാഹനം നൽകിയിട്ടില്ല. ടിയാൾ നിലവിൽ ഓട്ടോ ഓടിക്കുന്ന വ്യക്തിയാണ്. അതുകൊണ്ട് ടിയാൾക്ക് വാഹനം അനുവദിക്കാതെ നഗരസഭാ കോംപൗണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ശ്രീ. ഇ. എ. വർഗീസ് ഇടശ്ശേരി എന്നയാളെ പകരം ഗുണഭോക്താവായി തെരഞ്ഞെടുത്തിട്ടുണ്ട്. വാഹനം പുതിയ ഗുണഭോക്താവിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് കൈമാറി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-37 അമൃത് 2.0- ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതിക്ക് പകരം 7336920 രൂപ ചെലവിൽ അമ്പലക്കുളം പുനരുദ്ധാരണം നടത്തി.

ഫയൽ നമ്പർ Pw 4-8974/21

അമൃത് 2.0 പദ്ധതി പ്രകാരം അമ്പലക്കുളം പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് വേണ്ടി വാർഡ് 30 -ൽ നഗരസഭ 2024-25 വർഷം 5918981 രൂപ ചെലവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ താഴെ ചേർക്കുന്നു.
അമൃത് 2.0 പദ്ധതിക്കായി 50% കേന്ദ്ര വിഹിതം, 37.50% സ്റ്റേറ്റ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് 12.50% എന്നിങ്ങനെയാണ് ഫണ്ട് കണക്കാക്കുന്നത്. ഇതിൽ 12.50% തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട് അമൃത് മിഷന് കൈമാറുകയും അവർ ഈ തുക സ്ഥാപനത്തിന് നൽകുകയുമാണ് ചെയ്യുന്നത്.
നഗരസഭയിൽ ഈ പ്രവൃത്തി നടപ്പാക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രവൃത്തി നടപ്പാക്കാനുള്ള കരാറിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണ് ഒപ്പിട്ടിരിക്കുന്നത്.

അമൃത് 2.0 -State Level High Powered Steering Committee – യുടെ 2.3.23 ലെ അജണ്ട ഐറ്റം നമ്പർ 6 ക്രമ നമ്പർ 6 പ്രകാരം അങ്കമാലി നഗരസഭയിലെ വാർഡ് 30ലെ അമ്പലക്കുളം പുനരുദ്ധാരണം 0.927 കോടി രൂപ പ്രോജക്ട് കോസ്റ്റിൽ നടപ്പാക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് അനുമതി നൽകിയിട്ടുണ്ട്. എർത്ത് വർക്ക്, ചെളികോരൽ,വെള്ളം പമ്പ് ചെയ്തുകളയൽ, കരിങ്കൽകെട്ട്, ഇലക്ട്രിഫിക്കേഷൻ മുതലായ പ്രവൃത്തികളാണ് പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിരിക്കുന്നത്. 8770000 രൂപയാണ് എസ്റ്റിമേറ്റ് പ്രകാരം ചെലവ് കണക്കാക്കിയിരിക്കുന്നത്.
നടത്തിയിരിക്കുന്ന പ്രവൃത്തികൾ വെള്ളം പമ്പ് ചെയ്യൽ, മണ്ണ് നീക്കം ചെയ്യൽ, കരിങ്കൽ കെട്ട് (ഡി ആർ പാക്കിംഗ്), പടവ് കെട്ടൽ, പടവിൽ കൈവരി പിടിപ്പിക്കൽ, കുളത്തിനു ചുറ്റും ഗ്രിൽ പിടിപ്പിക്കൽ, കുളത്തിലേക്കുള്ള റോഡ് തുടങ്ങുന്നിടത്തുനിന്നു മുതലും കുളത്തിനു ചുറ്റും നടവഴി ടൈൽ ഇടൽ, ബോർഡ് സ്ഥാപിക്കൽ മുതലായവയാണ്. ഇതനുസരിച്ച് 1997.621 ക്യൂബിക് മീറ്റർ മണ്ണ് ഈ കുളത്തിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. ഈ മണ്ണ് സമീപ പറമ്പുകളിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ഫൈനൽ ബിൽ പ്രകാരം ആകെ 73,86,674 രൂപയാണ് ആകെ ചെലവ്. തൻവർഷം 5918981 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഈ പ്രവൃത്തി കഴിയുമ്പോൾ അമ്പലക്കുളത്തിലെ വെള്ളത്തിന്റെ ഗുണനിലവാരം ഉയരുമെന്നും അതിന്റെ ലൈറ്റിംഗ് ഉൾപ്പെടെയുള്ള സൗന്ദര്യവൽക്കരണം കഴിയുമ്പോൾ മൊത്തം കാഴ്ചക്ക് മാറ്റം വരുമെന്നും പൊതുജനങ്ങളെ ആകർഷിക്കുമെന്നും ഇതിന്റെ ഡി പി ആർ തയ്യാറാക്കിയിരിക്കുന്നതിന്റെ കൺക്ലൂഷനിൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ പ്രവൃത്തിക്കായി നഗരസഭ അസിസ്റ്റന്റ് എകസിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ വാർഡ് 30 - ലെ ഐക്കാട്ട് നരസിംഹ മഹാ ദേവ ക്ഷേത്രം ഭരണ സമിതിക്കുവേണ്ടി പ്രസിഡന്റ് ശ്രീ എം എസ് രവി, മൂലംകുടി വീട്, പീച്ചാനിക്കാട് എന്നയാളും സെക്രട്ടറി ശ്രീ. സുരേഷ് കുമാർ കെ ബി, കളങ്ങര വീട്, പീച്ചാനിക്കാട് എന്നയാളും കൂടി ഈ ക്ഷേത്രക്കുളം അമൃത് 2.0 റീജുവനേഷൻ ഓഫ് വാട്ടർ ബോഡീസ് എന്ന പദ്ധതിയിൽപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിനും, ടി കുളം പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനും സമ്മതമാണെന്ന് 1.6.2023 – ൽ സമ്മത പത്രം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പ്രവൃത്തി നഗരസഭ നടപ്പിലാക്കുകയും ചെയ്തു.

ഈ വർക്കിന്റെ കരാറുകാരൻ ശ്രീ. സാനിയോ സേവ്യർ കെ എന്നയാൾ ആണ്. തൻ വർഷം ഈയിനത്തിൽ ഇന്ത്യൻ ബാങ്ക്, അങ്കമാലി അക്കൗണ്ട് നമ്പർ – 7280185148 പാസ്സ് ബുക്ക് പ്രകാരം താഴെപ്പറയുന്ന പ്രകാരമാണ് തുകകൾ ചെലവഴിച്ചിട്ടുള്ളത്.

നടത്തിയ പ്രവൃത്തി വൗച്ചർ നമ്പർ/തീയതി	തുക
ബി പി -2024-25-3/6.8.24	3579530
ബി പി 2024-25-4/30.9.24	2339451
ആകെ നടത്തിയ പ്രവൃത്തി	5918981

ഇതു കൂടാതെ ഫൈനൽ ബിൽ പ്രകാരം നികുതി ഉൾപ്പെടെ ഇനിയും 1417939 രൂപ നൽകാൻ ബാക്കിയുണ്ട്.

നഗരങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം നൽകുന്നതിനായിട്ടാണ് കേന്ദ്ര സർക്കാർ അമൃത് 2.0 പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. അമൃത് 2.0 പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ഖണ്ഡിക 2 പ്രകാരം നഗരങ്ങളിൽ ജല സുരക്ഷ ഉറപ്പ് വരുത്തുന്നതിനും എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ടാപ്പ് കണക്ഷൻ നൽകുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് നടപ്പാക്കുന്നത് ജലത്തിന്റെ ഉറവിടം പരിപാലിച്ചും കിണറുകളും കുളങ്ങളും പുനരുദ്ധരിച്ചും മഴവെള്ളം സംഭരണം മുഖേനയും ആണ്. മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 3.1 പ്രകാരം നഗരസഭ ഇതിനായി, കൂടുതൽ ജലദൗർലഭ്യമുള്ള പ്രദേശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം പ്ലാൻ തയ്യാറാക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങളിലാണ് മുൻഗണന നൽകേണ്ടത്.

1 എല്ലായിടത്തും വെള്ളം ലഭ്യമാക്കുക

2. ജലം പുനരുപയോഗം നടത്തുക

3. ജലാശയങ്ങൾ പുനരുദ്ധരിക്കുകയും പച്ചപ്പ് സൃഷ്ടിക്കുകയും ചെയ്യുക

ഖണ്ഡിക 4 .1 (3) പ്രകാരം ശുദ്ധജല ലഭ്യത ഉയർത്തുന്നതിനുവേണ്ടിയാണ് ജലാശയങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പ്രോജക്റ്റുകൾ ഏറ്റെടുക്കാവുന്നത്. ഈ പ്രവർത്തനങ്ങളുടെ അനുബന്ധ ഘടകങ്ങളായിട്ടാണ് ചതുപ്പ് നിലം പുനരുദ്ധാരണം, ജലാശയങ്ങളിലെ ചെളി കളയൽ, ജലാശയങ്ങളുടെ അരികുകൾ ശക്തിപ്പെടുത്തൽ, കരിങ്കല്ല് കൊണ്ട് കെട്ടുക മുതലായവ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തികൾ നടത്താൻ നിർദ്ദേശിച്ചിരിക്കുന്നത് നഗരസഭാപ്രദേശങ്ങളിൽ എല്ലായിടത്തും ജല ലഭ്യത ഉയർത്തുക എന്ന ലക്ഷ്യം നിറവേറ്റുന്നതിനു വേണ്ടിയാണ്. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽപ്പെടുത്തിയാണ് അമ്പലക്കുളം പുനരുദ്ധാരണം, ചെളി കളയൽ, മണ്ണ് നീക്കം ചെയ്യൽ, കരിങ്കല്ല് കൊണ്ട് കെട്ടുക മുതലായ പ്രവൃത്തികൾ നഗരസഭയിൽനിന്നും നടപ്പാക്കിയിരിക്കുന്നത്.

അമൃത് 2.0 പദ്ധതിയുടെ ലക്ഷ്യം നഗരസഭാപ്രദേശങ്ങളിൽ മുടക്കമില്ലാതെ ജലം ലഭ്യമാക്കുക എന്നതാണ്. എന്നാൽ ഈ കുളം ഇപ്രകാരം വൻതുക ചെലവഴിച്ച് കെട്ടി ബലപ്പെടുത്തിയെങ്കിലും ഇതിൽനിന്ന് നിലവിൽ ജലവിതരണം നടത്തുന്നില്ല. മോട്ടോർ, ജലവിതരണ പൈപ്പ് മുതലായവ സ്ഥാപിച്ച് ജല ദൗർലഭ്യമുള്ള മേഖലകളിലേക്ക് ജലം നൽകുന്നില്ല. ഈ കുളം പൊതു ജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് സമ്മതമാണെന്ന് ഐക്കാട്ട് നരസിംഹ മഹാദേവക്ഷേത്രം ഭരണസമിതിക്കുവേണ്ടി പ്രസിഡന്റ് ശ്രീ. എം എസ് രവി മൂലംകടി വീട്, പീച്ചാനിക്കാട് എന്നയാളും സെക്രട്ടറി ശ്രീ സുരേഷ് കുമാർ കെ ബി, കളങ്ങര വീട് എന്നയാളും ചേർന്ന് നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമ്മതപത്രം നൽകിയിട്ടുണ്ട്. എന്നാൽ ക്ഷേത്രത്തിനോട് തൊട്ടുചേർന്ന് പൂട്ടിയിട്ടിരിക്കുന്ന മതിൽക്കെട്ടിനകത്താണ് കുളം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ നിലവിൽ കുളത്തിലെ വെള്ളം നഗരസഭാ പരിധിയിലെ ജനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുന്ന അവസ്ഥയിലല്ല. ക്ഷേത്രക്കുളം ആയതിനാൽ ഭാവിയിലും ഇത് സാദ്ധ്യമല്ല. ക്ഷേത്ര കമ്മിറ്റി സ്ഥാപിച്ചിരിക്കുന്ന ബോർഡിൽ അയ്ക്കാട്ട് ക്ഷേത്രക്കുളം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഫോട്ടോ കാണുക). ഇവിടെ നഗരസഭ സ്ഥാപിച്ചിരിക്കുന്ന ബോർഡിൽ കുളത്തിന് 6 മീറ്റർ ആഴമുള്ളതായും കുളം ഉപയോഗിക്കുന്നതിനു മുൻപ് ആവശ്യമായ മുൻ കരുതലുകൾ സ്വീകരിക്കണം എന്നും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പടവ് കെട്ടി കൈവരി പിടിപ്പിച്ച് ഇറങ്ങാൻ സൗകര്യം ഒരുക്കിയിട്ടുള്ളതിൽനിന്നും ഇത് കുളിക്കാനും മറ്റ് ക്ഷേത്ര ആവശ്യങ്ങൾക്കുള്ള ഉപയോഗത്തിനുമായുള്ള കുളം ആണെന്നതാണ് വ്യക്തമാകുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.3.2023 – ലെ ജി ഒ (ആർ ടി) 771/2023/തസ്വഭവ ഉത്തരവിൽ ക്ഷേത്രക്കുളം ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാനാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനം ഉറപ്പ്

വരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രവൃത്തി നടത്തിയിരിക്കുന്നതിന്റെ ചിത്രങ്ങൾ താഴെകൊടുക്കുന്നു.

1)

2)

3)

ഈ കുളം സ്ഥിതി ചെയ്യുന്നത് നഗരസഭാ പരിധിക്കുള്ളിൽകൂടി വർഷം മുഴുവൻ വെള്ളം ഒഴുകുന്ന മാഞ്ഞാലി

തോടിനരികിൽ ഏതാനും മീറ്ററുകൾ മാത്രം ദൂരത്തിലാണ്. ഇത്രയും തൊട്ടടുത്ത് ജലം ഉള്ളതിനാൽ തന്നെ ഈ കുളം മുഖേന ജലവിതരണത്തിന്റെ ആവശ്യവുമില്ല. ഇതേ തോടിനരികിൽ നഗരസഭ വക കരിങ്കല്ല് കൊണ്ട് കെട്ടി സംരക്ഷിച്ചിട്ടുള്ള കുളവും മോട്ടോറുമുണ്ടെങ്കിലും ഇതിൽ നിന്നുംകൂടുതലായി ശുദ്ധ ജലവിതരണം നടത്തി ജലദൗർലഭ്യം കുറക്കാനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. തന്നെയുമല്ല മാഞ്ഞാലി തോട് ചുറ്റും ഒഴുകുന്നതിനാൽ ഈ പ്രദേശങ്ങളിൽ യാതൊരു ജലദൗർലഭ്യവുമില്ല.

നഗരസഭയിലെ വാർഡ് 30, വാർഡ് 1 എന്നിവിടങ്ങളിലെ വെള്ളിലപൊങ്ങ്, എടപ്പാറക്കവല, പരുമല കുരിശിനുസമീപം എന്നിവിടങ്ങളിലെ ഒട്ടേറെ വീടുകളിൽ കിണറുകൾ ഇല്ലായെന്നും വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ ഉണ്ടെങ്കിലും തിങ്കൾ, വ്യാഴം ദിവസങ്ങളിൽ മാത്രമാണ് കുടിവെള്ളം ലഭ്യമാകുന്നത് എന്നും 22.10.24 -ൽ 30-ാം വാർഡ് കൗൺസിലറും വാർഡ് 1 – ലെ കൗൺസിലറും നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകുകയും അതനുസരിച്ച് ബഹു. കളക്ടർക്ക് കത്ത് അയച്ച് അനുമതി വാങ്ങി ജല വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഉയരക്കൂടുതൽ മൂലം ഈ പ്രദേശങ്ങളിൽ വാട്ടർ അതോറിറ്റിയുടെ ജലം ലഭിക്കുന്നില്ലായെന്നും ആയതിനാൽ ഈ ഭാഗങ്ങളിലുള്ളവർക്ക് എല്ലാ സമയങ്ങളിലും കുടിവെള്ളം ലഭ്യമാക്കണമെന്നും 9.6.2025 – ലും ഈ കൗൺസിലർമാർ കത്ത് നൽകുകയും ജല വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം മഴക്കാലങ്ങളിലുൾപ്പെടെ വർഷം മുഴുവൻ ജലവിതരണം നടത്തുന്നതിന് നഗരസഭ തുകകൾ ചെലവാക്കുന്നുണ്ട്.

അമൃത് പദ്ധതി പ്രകാരം വൻതുകകൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും ജലദൗർലഭ്യമുള്ള മേഖലകളിൽ ഇപ്പോഴും മേൽപ്പറഞ്ഞ പ്രകാരം വീണ്ടും തുകകൾ ചെലവാക്കി ലോറികളിൽ ജലവിതരണം നടത്തുന്ന അവസ്ഥയാണ് നഗരസഭയിലുള്ളത്.

മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 4.2 പ്രകാരം നഗര പ്രദേശങ്ങളിൽ ആദ്യ മുൻഗണന നൽകേണ്ടത് എല്ലായിടത്തും വെള്ളം എത്തിക്കുക എന്നതാണ്. ഇതു പ്രകാരം എല്ലായിടത്തും വെള്ളം ലഭ്യമാക്കി ജലദൗർലഭ്യം പരിഹരിച്ചതിനുശേഷം മാത്രമേ മറ്റ് ഘടകങ്ങൾ ഏറ്റെടുത്തു നടത്താൻ സാധിക്കൂ.

നഗരസഭയിലെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കേണ്ടതിനു പകരം നഗരപരിധിയിലെ ജനങ്ങൾക്ക് ഉപയോഗിക്കാനാവാത്ത, അമ്പലക്കുളം പുനരുദ്ധാരണം എന്ന പ്രവൃത്തിയിൽ അമൃത് 2.0 പദ്ധതിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഭീമമായ തുക ചെലവഴിച്ചതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 20.1.2026 -ൽ 17-ാം നമ്പറായി നൽകിയ എൻക്വയറിക്ക് മറുപടിയായി പ്രകൃതിദത്ത ജല സ്രോതസ്സുകളിലെ ചെളി നീക്കം ചെയ്ത് അവയുടെ ജല സംഭരണ ശേഷി വർദ്ധിപ്പിക്കുക എന്ന അമൃത് 2.0 പദ്ധതിയുടെ ലക്ഷ്യത്തിൽ ഉൾപ്പെടുത്തിയാണ് ഈ വേല ചെയ്തതെന്നാണ് നഗരസഭ വ്യക്തമാക്കിയത്. എന്നാൽ കുളത്തിൽ നിന്നും നോക്കിയാൽ കാണുന്ന മാഞ്ഞാലി തോടിനോടു തൊട്ടു ചേർന്നുള്ള ഈ കുളത്തിൽ വർഷം മുഴുവനും ജലം ഉണ്ടാകുമെന്നതിനാലും ഈ പ്രൊജക്ട് കൊണ്ട് നഗരസഭയിലെ ജല ദൗർലഭ്യം പരിഹരിക്കാൻ സാധിച്ചിട്ടില്ല എന്നതിനാലും ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അമൃത് 2.0 മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ജല ദൗർലഭ്യം പരിഹരിക്കേണ്ട ആവശ്യത്തിനായിട്ടാണ് ഇത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തി നടപ്പാക്കേണ്ടത്.

കൂടാതെ 1997.621 ക്യൂബിക് മീറ്റർ മണ്ണ് ഈ കുളത്തിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. ആയത് അമ്പലത്തിന് തൊട്ടുചേർന്ന പറമ്പുകൾ നികത്തുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത് (ചിത്രം കാണുക).

നഗരസഭയിലെ ജല ദൗർലഭ്യം പരിഹരിച്ച് എല്ലായിടത്തും ശുദ്ധജലം എത്തിക്കുക എന്ന അമൃത് 2.0 പദ്ധതിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് നഗരസഭ തുക ചെലവഴിച്ചിരിക്കുന്നത്.

1-38 അമൃത് 2.0 പദ്ധതിയിൽ 20889126 രൂപ വാട്ടർ അതോറിറ്റിക്ക് നൽകി- പ്രവൃത്തികൾ നടത്തിയ രേഖകൾ ഇല്ല

ഫയൽ നമ്പർ – PW3 (P W4) 8974/21

അമൃത് 2.0 പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തൻവർഷം 20889126 രൂപ നഗരസഭയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഈ ചെലവിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. ഈ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

അമൃത് 2.0 പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 4.1 (1) പ്രകാരം വീട്ടുകളിലേക്ക് ടാപ്പ് കണക്ഷൻ നൽകിക്കൊണ്ട് പൈപ്പ് വഴി എല്ലായിടത്തും ശുദ്ധജലവിതരണം നടത്തുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായി നഗരസഭപ്രദേശത്ത് ജല ലഭ്യത ഉയർത്തുക, ജല ലഭ്യത ഇല്ലാത്ത സ്ഥലങ്ങളിൽ ജലവിതരണ സംവിധാനം നടപ്പാക്കുക, നിലവിലെ ജലവിതരണ സംവിധാനം കൂട്ടുക, എല്ലാ ദിവസവും 24 മണിക്കൂറും വെള്ളം ലഭ്യമാക്കുക, ഒരു വീടിന് 3000 രൂപ നിരക്കിൽ ടാപ്പ് കണക്ഷൻ ഇല്ലാത്ത വീട്ടുകളിലേക്ക് കണക്ഷൻ നൽകുക എന്നിവയാണ് ഇതിൽ മുൻഗണനയായി ഉൾപ്പെടുത്തേണ്ടത്.

വാട്ടർ അതോറിറ്റി 2022 – ൽ തയ്യാറാക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം ആദ്യ ഘട്ടത്തിൽ വീട്ടുകളിലേക്ക് ടാപ്പ് കണക്ഷൻ നൽകുക, വാട്ടർ അതോറിറ്റിയുടെ തകരാർ വന്ന പഴയ ജല വിതരണ പൈപ്പുകൾ പുനസ്ഥാപിക്കുക, റൈഡർ ലൈനുകൾ സ്ഥാപിക്കുക, പൈപ്പ് ലൈൻ നീട്ടുക മുതലായ പ്രവൃത്തികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 16 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് അങ്കമാലി നഗരസഭ പരിധിയിലുള്ള കുന്ന് പ്രദേശത്ത് നേരത്തേ തന്നെ സ്ഥിതി ചെയ്യുന്നുണ്ട്. ഇതിൽനിന്നും 110 കിലോമീറ്റർ അളവിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് 33391 വീട്ടുകളിലേക്ക് നിലവിൽ വെള്ളം നൽകിക്കൊണ്ടിരിക്കുന്നതാണ്. പൈപ്പ് ലൈനുകൾ പഴയതായതിനാൽ ആയത് പുതുക്കി സ്ഥാപിച്ച് ഇതിൽ നിന്നും 1000 വീട്ടുകളിലേക്ക് കണക്ഷൻ നൽകുന്നതിനായി 4,76,10,000 രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

അമൃത് 2.0 പദ്ധതിക്കായി നഗരസഭയിൽനിന്നും കേരള വാട്ടർ അതോറിറ്റിക്ക് ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നമ്പർ – 7280185148ൽ നിന്നാണ് തുക നൽകിയിരിക്കുന്നത്. 2023-24 മുതൽ 17.11.2025 വരെ താഴെപ്പറയുന്ന പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

തീയതി	തുക	റിമാർക്സ്/PFMS

29.12.2023	1794210	-
30.3.24	4632921	-
13.6.24	3555993	PM07030025000809/31.3.25
13.6.24	3632532	PM07030025000809/31.3.25
30.9.24	1488070	CO2443913681/28.9.24
30.9.24	2007239	CO2443914745/28.9.24
4.2.25	5095481	PM07030024001163/31.3.25
28.3.25	5109811 (ട്രഷറി)	24110947001301726260/28.3.25
ആകെ	27316257	

അമൃത് 2.0 പദ്ധതി ഇനത്തിൽ തൻവർഷം ആകെ 20889126 രൂപയടക്കം 2022-23 മുതൽ 2024-25 വരെ ആകെ 27316257 രൂപ നഗരസഭയിൽനിന്നും ഇതു വരെ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ റോഡ് റിസ്റ്റോറേഷൻ ഇനത്തിൽ 3632532 രൂപ R-M 07030024003874 നമ്പർ രസീതു പ്രകാരം നഗരസഭയിൽ തിരികെ അടവാക്കിയിട്ടുണ്ട്.

നഗരസഭ പരിധിയിൽ വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ നിലവിൽ സ്ഥിതിചെയ്യുന്ന ടാങ്കിൽ നിന്നുമാണ് പുതിയതായി 1000 കണക്ഷനുകൾ കൂടി നൽകുന്നത് എന്നാണ് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിലവിലുള്ള ടാങ്കിൽ നിന്നും വീണ്ടും ഇത്രയും കണക്ഷനുകൾ നൽകാൻ സാധിക്കുമോ എന്നത് വ്യക്തമല്ല. അതുകൂടാതെ കേടു വന്ന പൈപ്പ് ലൈനുകൾ പുതുക്കി സ്ഥാപിക്കുക എന്നതും റോഡ് റിസ്റ്റോറേഷനുമാണ് ഈ പദ്ധതിയിൽ നടപ്പാക്കുന്നത്.

ഈ പദ്ധതി നടപ്പാക്കുന്നതിനായി നഗരസഭാ സെക്രട്ടറി, അമൃത് മിഷൻ ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്നിവർ ചേർന്ന് 12.9.2023 -ൽ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം 2021-22 മുതൽ 2025-26 വരെ 5 വർഷമാണ് പ്രോജക്ട് കാലഘട്ടം. ഈ കരാർ പ്രകാരം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിന്റെ റോഡ് മാപ് തയ്യാറാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം റോഡ് മാപ് തയ്യാറാക്കിയിട്ടുള്ളതും നടത്തിയ പ്രവൃത്തികളുടെ സ്കെച്ചും നിലവിൽ എത്ര വ്യക്തിഗത ടാപ്പ് കണക്ഷൻ നൽകിയെന്നതും പ്രവൃത്തികൾ പൂർത്തിയായോ എന്നത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/20.01.2026) മറുപടി ലഭ്യമാക്കിയില്ല.

നഗരസഭയിലെ വാർഡ് 30, വാർഡ് 1 എന്നിവിടങ്ങളിലെ വെള്ളിലപൊങ്ങ്, എടപ്പാറക്കവല, പരുമല കുരിശിനുസമീപം എന്നിവിടങ്ങളിലെ ഒട്ടേറെ വീടുകളിൽ കിണറുകൾ ഇല്ലായെന്നും വാട്ടർ അതോറിറ്റിയുടെ പൈപ്പ് കണക്ഷൻ ഉണ്ടെങ്കിലും തിങ്കൾ, വ്യാഴം ദിവസങ്ങളിൽ മാത്രമാണ് കുടിവെള്ളം ലഭ്യമാകുന്നത് എന്നും 22.10.24 -ൽ 30-ാം വാർഡ് കൗൺസിലറും വാർഡ് 1 – ലെ കൗൺസിലറും നഗരസഭ സെക്രട്ടറിക്ക് കത്ത് നൽകുകയും അതനുസരിച്ച് ബഹു. കളക്ടർക്ക് കത്ത് അയച്ച് അനുമതി വാങ്ങി ജല വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഉയരക്കൂടുതൽ മൂലം വാട്ടർ അതോറിറ്റിയുടെ ജലം ലഭിക്കുന്നില്ലായെന്നും ആയതിനാൽ ഈ ഭാഗങ്ങളിലുള്ളവർക്ക് എല്ലാ സമയങ്ങളിലും കുടിവെള്ളം ലഭ്യമാക്കണമെന്നും 9.6.2025 – ലും ഈ കൗൺസിലർമാർ കത്ത് നൽകുകയും മഴക്കാലത്തുൾപ്പെടെ ജല വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിന് നഗരസഭ തുക ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

ഇവിടെയെല്ലാം വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ ഉണ്ടെങ്കിലും വിതരണം കാര്യക്ഷമമല്ല എന്നതും വാട്ടർ അതോറ്റിക്ക് മേൽപ്പറഞ്ഞ പ്രകാരം തുകകൾ കൈമാറിയെങ്കിലും ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ഇപ്പോഴും മഴക്കാലത്ത് പോലും വെള്ളം ലഭ്യമല്ല എന്നതുമാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

ഇപ്രകാരം വൻ തുകകൾ വാട്ടർ അതോറിറ്റിക്ക് കൈമാറിയെങ്കിലും ജലം ലഭ്യമായിട്ടില്ല എന്നതിൽനിന്നും അമൃത് പദ്ധതി പ്രകാരം വിഭാവനം ചെയ്ത പദ്ധതികൾ മുഴുവനായും ഫലവത്തായിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. നഗരസഭ വാട്ടർ അതോറിറ്റിക്ക് നൽകിയ തുകകൾ ഏതെല്ലാം വിധത്തിൽ ചെലവഴിച്ചു എന്നതു സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നഗരസഭയിൽ ഇല്ല.

വാട്ടർ അതോറിറ്റി നടത്തിയ പ്രവർത്തനങ്ങളുടെ ചെലവ് ബില്ലുകളും കരാർ പ്രകാരം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിന്റെ റോഡ് മാപ് തയ്യാറാക്കിയിട്ടുള്ളതും നടത്തിയ പ്രവൃത്തികളുടെ സ്കെച്ചും നഗരസഭ ലഭ്യമാക്കി

സൂക്ഷിക്കേണ്ടതും തുകകളുടെ വിനിമയം സംബന്ധിച്ച കൃത്യമായ മേൽനോട്ടം വഹിക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-39 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല-392550 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

2024-25 വർഷത്തിൽ താഴെപ്പറയുന്ന പ്രകാരം മുൻകൂർ തുകകൾ നൽകിയിട്ടുണ്ട്. ആയത് ഇതുവരെയും ക്രമീകരിച്ചിട്ടില്ല.

വൗച്ചർ നമ്പർ/ തീയതി	തുക	കൈപ്പറ്റിയത്	ഇനം
109-7/29.7.24	15000	നിത്യ സി എൻ, ജെ എച്ച് ഐ	ഡെങ്കു പ്രതിരോധം
33-9/ 4.9.24	15000	ഹർഷ സുരേഷ്, പി ഡബ്ല്യു 3	കമ്മ്യൂണിറ്റി ഹാളിൽ മോട്ടോർ സ്ഥാപിക്കൽ
39/6.9.24	50000	അരുൺകുമാർ കെ ആർ, പി ഡബ്ല്യു 3	കോതകുളങ്ങര സ്കൂൾ അറ്റകുറ്റപ്പണികൾ
46/10.9.24	40000	നിത്യ സി എൻ, ജെ എച്ച് ഐ	ആംപ്ലിഫയർ വാങ്ങുന്നതിന്
98/21.10.24	10000	സുധീഷ് എൻ എസ്, എൽ ഡി സി	ഡീലിമിറ്റേഷൻ
82/12.11.24	15000	അനില ഒ കെ, ജെ എച്ച് ഐ	ഹരിത സഭ ചെലവ്
60/6.12.24	75000	സന്തോഷ് കുമാർ എസ് പി, എച്ച് ഐ 2	കേരളോത്സവം
114/20.12.24	48000	മാഹിൻ ടി എ, ഓവർസിയർ	വാട്ടർ ലെവൽ ഇൻഡിക്കേറ്റർ സ്ഥാപിക്കൽ ചെലവ്
42/7.1.25	25000	ജയശ്രീ പി എം, പി എച്ച് ഐ 2	എസ് സി ഫ്ലാറ്റ് ഉദ്ഘാടനം
111/29.1.25	15000	രഞ്ജിത് ബി പി എച്ച് ഐ	റിപ്പബ്ലിക് ദിനാഘോഷം
129/31.1.25	20180	ജയശ്രീ ഒ വി, എച്ച് ഐ	ബൊലേറോ പിക് അപ് സർവ്വീസ്
103/24.2.25	3000	രഞ്ജിത് ബി പി എച്ച് ഐ	മരം മുറിക്കൽ
111/27.2.25	15000	,,	,,
90/18.3.25	10000	വിനയ കെ അരവിന്ദ്	ചെയർമാന്റെ മുറിയിലേക്ക് വാട്ടർ ഡിസ്പെൻസർ വാങ്ങൽ
182/31.3.25	20000	അനില ഒ കെ	മാലിന്യ മുക്തം നവകേരളം പ്രതിജ്ഞ
46/10.2.25	16370	ജയശ്രീ ഒ വി	ബൊലേറോ പിക് അപ് സർവീസിംഗ്
ആകെ	392550		

പല ചെലവുകളും പെട്ടെന്ന് തന്നെ ക്രമീകരിക്കാവുന്ന ഇനങ്ങളാണെങ്കിലും ഇതുവരെയും ക്രമീകരിച്ചിട്ടില്ല.

മേൽപ്പറഞ്ഞ തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 28.1.26 -ൽ 51-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കമ്മിറ്റി തീരുമാനങ്ങൾ ലഭിക്കുന്നതിന് കാലതാമസം വന്നതുകൊണ്ടാണ് ക്രമീകരിക്കാൻ വൈകിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജൂലൈ മാസം മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാറുണ്ട്. ഈ വർഷത്തിലുള്ള പല തുകകളും ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഖണ്ഡികയിലുൾപ്പെട്ടവയ്ക്ക് മാത്രം കമ്മിറ്റി തീരുമാനം വൈകിയതിന്റെ കാരണം വ്യക്തമല്ല. ഈ തുകകൾ ക്രമീകരിക്കുന്നതുവരെ ഈയിനത്തിൽ ചെലവാക്കിയ 392550 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-40 അമൃത് 2.0 പദ്ധതിയിൽ നൽകിയത് കൂടാതെ വീണ്ടും പൈപ്പ് ലൈനുകൾ നീട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് നൽകിയ 3591061 രൂപയുടെ ചെലവ് ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 248/25 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ വാർഡുകളിൽ പൈപ്പ് ലൈനുകൾ നീട്ടുന്നതിനായി 3591061 രൂപ ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട് (PFMS C032597987105/31.3.25, SBI).

അമൃത് 2.0 പദ്ധതിയുടെ ഭാഗമായി വാട്ടർ അതോറിറ്റി 2022 – ൽ തയ്യാറാക്കിയ എഞ്ചിനീയറിംഗ് റിപ്പോർട്ട് പ്രകാരം ആദ്യ ഘട്ടത്തിൽ വീടുകളിലേക്ക് ടാപ്പ് കണക്ഷൻ നൽകുക, വാട്ടർ അതോറിറ്റിയുടെ തകരാർ വന്ന

പഴയ ജല വിതരണ പൈപ്പുകൾ പുനസ്ഥാപിക്കുക, റൈഡർ ലൈനുകൾ സ്ഥാപിക്കുക, പൈപ്പ് ലൈൻ നീട്ടുക മുതലായ പ്രവൃത്തികളാണ് വിഭാവനം ചെയ്യുകയും ഈയിനത്തിൽ വൻതുക വാട്ടർ അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 16 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് അങ്കമാലി നഗരസഭ പരിധിയിലുള്ള കുന്ന് പ്രദേശത്ത് നേരത്തേ തന്നെ സ്ഥിതി ചെയ്യുന്നതിൽനിന്നും 110 കിലോമീറ്റർ അളവിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് 33391 വീടുകളിലേക്ക് നിലവിൽ വെള്ളം നൽകിക്കൊണ്ടിരിക്കുന്നതാണ്. പൈപ്പ് ലൈനുകൾ പഴയതായതിനാൽ ആയത് പുതുക്കി സ്ഥാപിച്ച് ഇതിൽ നിന്നും പുതിയതായി 1000 വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനായി 4,76,10,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ആകെ 2023 മുതൽ 2025 വർഷം വരെ ആകെ 27316257 രൂപ നഗരസഭ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം നഗരസഭാ പ്രദേശത്ത് പൂർണ്ണമായും ജലവിതരണം നടത്തുന്നതിന് പൈപ്പ് ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് അമൃത് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആയതിന് തുക കൈമാറുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം വൻതുക കൈമാറിയെങ്കിലും വീണ്ടും ഈയിനത്തിൽ ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് 20.1.26 – ൽ 16-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 28.1.26 -ൽ മറുപടിയായി നിലവിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടാത്ത കൂടുതൽ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ അത് പരിഹരിക്കുന്നതിന് ജല അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നതെന്നും അതിനാലാണ് ഡെപ്പോസിറ്റ് വർക്കായി തുക നൽകിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അമൃത് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതു തന്നെ ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ശുദ്ധജലം ആവശ്യത്തിന് എത്തിക്കുക എന്നതാണ്. അതുപ്രകാരം വൻ തുക ചെലവഴിക്കുകയും വീണ്ടും ഡെപ്പോസിറ്റ് വർക്കായി 3591061 രൂപ ഈയിനത്തിൽ തന്നെ അനുവദിക്കുകയും ചെയ്തത് അപാകതയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/20.2.2026) മറുപടിയായി നിലവിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടാത്ത കൂടുതൽ ജലദൗർലഭ്യം നേരിടുന്ന നഗരസഭപ്രദേശങ്ങളിൽ അത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരമാണ് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ തുക നൽകിയതെന്നും പ്രവൃത്തി പൂർത്തിയാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി പരിശോധനക്കായി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഇപ്രകാരം വാട്ടർ അതോറിറ്റി നൽകുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകളിൽ തുക ചെലവാക്കി എന്ന് മാത്രമാണ് രേഖപ്പെടുത്തുന്നത്. എവിടെയെല്ലാം എന്തൊക്കെ ഇനത്തിൽ ചെലവഴിച്ചു എന്ന വിവരങ്ങൾ ചേർക്കാറില്ല.

ഇപ്രകാരം വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളതും അതോറിറ്റി പരിപാലിക്കുകയും ചെയ്യുന്ന സംവിധാനങ്ങൾക്കുവേണ്ടി നഗരസഭയിൽ നിന്നും ഫണ്ട് ചെലവാക്കുന്നുണ്ടെങ്കിലും ഇതിന്റെ വാടക പൂർണ്ണമായും വാട്ടർ അതോറിറ്റി ഈടാക്കി എടുക്കുകയാണ് ചെയ്യുന്നത്. നഗരസഭയിൽനിന്നും ചെലവഴിക്കുന്ന തുകക്ക് ആനുപാതികമായ കിഴിവ് / ആനുകൂല്യം നഗരസഭ പരിധിയിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ല.

അമൃത് പദ്ധതിയിൽപ്പെടുത്തി വാട്ടർ അതോറിറ്റി നടത്തിയ പ്രവൃത്തികളുടെ കരാർ പ്രകാരം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിന്റെ റോഡ് മാപ് തയ്യാറാക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം റോഡ് മാപ് തയ്യാറാക്കിയതിന്റെ വിവരങ്ങളും നിലവിൽ ധനകാര്യ കമ്മീഷൻ അവാർഡ് തുക വഴി നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും ബില്ലും സ്കെച്ചും സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതും പ്രവൃത്തികളിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടില്ല എന്നും ഉറപ്പാക്കേണ്ടതുമാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച 3591061 രൂപ തടസ്സത്തിൽ വയ്ക്കുന്നു. നിലവിൽ നഗരസഭയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും വാട്ടർ അതോറിറ്റി വക പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ മേൽതുക ഈയിനത്തിൽ ചെലവാക്കാനാകാത്ത പക്ഷം വാട്ടർ അതോറിറ്റിയിൽനിന്നും ഈ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. അല്ലാത്ത പക്ഷം ഈ ചെലവ് നിരാകരിക്കുന്നതാണ്.

1-41 മിനി എം സി എഫ് നിർമ്മാണം - അപാകതകൾ

പ്രവൃത്തി	മിനി എം സി എഫ് മെയിന്റനൻസ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ

എസ്റ്റിമേറ്റ്	₹2,00,000.00
പ്രോജക്ട് നം	332/25
കരാറുകാരൻ	കെ പി സിബി
ചെലവായ തുക	₹1,87,888/-
ബില്ല് നം.	458/ 29-1-25
ഫണ്ട്	ഡെവലപ്പ്മെന്റ് ഫണ്ട്

പ്രോജക്ട് പ്രകാരം എം സി എഫ് മെയിന്റനൻസ് ചെയ്യുകയാണ് പ്രവൃത്തി

എസ്റ്റിമേറ്റ് പ്രകാരം ഇതിൽ കെട്ടിടത്തിന്റെ വശങ്ങളിൽ ജി.ഐ പൈപ്പ് ഉപയോഗിച്ച് സൈഡ് കെട്ടിയതിന് ഇനം 50.10.2 – Steel Work In Single Section With GI Pipes .... പ്രകാരം 606.144 KG X 152.35/KG = 92,346 രൂപ വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം ജി.ഐ പൈപ്പ് ഗ്രില്ല് പ്രവൃത്തി ചെയ്തതിന് - 606.144 Kg X 164.10 Kg = 99,468 രൂപയും ഇനം 13.61.1 പ്രകാരം ഇത് പെയിന്റ് ചെയ്തതിന് 371.668 M2 X 154.49/M2 = 57,419 രൂപയും ചെലവായിട്ടുണ്ട്.

ചെയ്ത പ്രവൃത്തി GI പൈപ്പ് തന്നെയാണോ എന്ന് വ്യക്തമല്ല. കൂടാതെ കേവലം 606.144 Kg പൈപ്പിന് പെയിന്റ് ചെയ്തത് അളവ് 371.668m^2 എന്ന് കണക്കാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികളുള്ള (25/22-1-26) മറുപടിയിൽ ഇവിടെ ഗ്രിൽ വർക്ക് ചെയ്യുകയും അത് പെയിന്റ് ചെയ്തതുകൊണ്ടാണ് പെയിന്റ് ചെയ്ത അളവിൽ വർദ്ധനവ് വന്നത് എന്നും വ്യക്തമാക്കുന്നു. മറുപടി പൂർണ്ണമല്ല. ഈ പ്രവൃത്തിയിൽ ജി.ഐ പൈപ്പ് ഉപയോഗിച്ചത് കൂടാതെ ഗ്രിൽ വർക്ക് ഒന്നും ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ ചെയ്ത പ്രവൃത്തി GI പൈപ്പ് തന്നെയാണോ എന്നതിന് മറുപടി നൽകിയിട്ടില്ല. ചെയ്ത പ്രവൃത്തി ജി.ഐ പൈപ്പ് തന്നെയാണോ എന്നും കൂടാതെ ഗ്രില്ല് പെയിന്റ് ചെയ്തത് സംബന്ധിച്ചും അന്വേഷണം നടത്തി വിശദീകരണം ഹാജരാക്കേണ്ടതാണ്.

1-42 നഗരസഞ്ചയ പ്രവർത്തനങ്ങൾ ഐക്കാട്ട് കടവ് ചിറ പുനരുദ്ധാരണം- അപാകതകൾ

പ്രോജക്ട് നം.	S0 393/25
പ്രവൃത്തി	നഗരസഞ്ചയ പ്രവർത്തനങ്ങൾ ഐക്കാട്ട് കടവ് ചിറ പുനരുദ്ധാരണം
കരാറുകാരൻ	എൽദോ ഏലിയാസ്
എസ്റ്റിമേറ്റ്	₹15,00,000
ചെലവ് തുക	₹15,00,000 (ബിൽ നം. 417/ 20-2-25 ₹3,75,000, ചെക്ക് നം. 463326 /30-3-24 ₹11,25,000)
ഫണ്ട്	തനത് ഫണ്ട്
നിർവഹണ ഉദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം നഗരസഞ്ചയ പ്രവർത്തനങ്ങൾ ഐക്കാട്ട് കടവ് ചിറ പുനരുദ്ധാരണം ചെയ്യുകയാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിയിൽ ഹാന്റ് റെയിൽ സ്ഥാപിക്കുന്നതിന് ഡാറ്റ 10.16.2 – Steel Work In Built Up Tubular For Truss Work - പ്രകാരം 1400 Kg X 185.37/Kg = 2,59,518/- രൂപ വകയിരുത്തിയിരുന്നു.

എം. ബുക്ക് പ്രകാരം ഹാന്റ് റെയിൽ സ്ഥാപിച്ചതിന് 1683.925 Kg X 202.98/Kg = 3,41,803 രൂപ നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് പരാമർശം</u>

1. ഹാന്റ് റെയിൽ സ്ഥാപിക്കുന്നത് സിംഗിൾ സെക്ഷൻ ആയതിനാൽ നൽകാവുന്ന തുക ഇനം 10.25.2 – Steel Work Built Up Tubular..... പ്രകാരം 1683 KG X 154.18/KG = 2,59,485 രൂപ മാത്രമാണ്. (50.10.2 –

Steel Work With Single Section With GI Pipe പ്രകാരം നൽകാവുന്ന നിരക്ക് Rs. 152.35/Kg മാത്രമാണ്). എന്നാൽ 202.98/Kg എന്ന അധിക നിരക്കാണ് നൽകിയിരിക്കുന്നത്. (GI Pipe ഉപയോഗിച്ച് ഈ പ്രവൃത്തി ചെയ്താൽ പോലും ഇതിന്റെ എസ്റ്റിമേറ്റ് ഇനം 10.26.3 – Providing & Fixing Hand Rail ... With GI Pipe.... പ്രകാരം ചെയ്യുന്നതിന് ഒരു കിലോക്ക് 186.80/KG മാത്രമാണ് നിരക്ക്).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (27/22-1-26) മറുപടിയിൽ ഈ പ്രവൃത്തിയിൽ കൂടുതൽ വെൽഡിംഗ് ചെയ്തിട്ടുണ്ടെന്നും ആയതിനാൽ നൽകിയ നിരക്ക് ശരിയാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാനാവില്ല. ഈ സ്ഥലം നേരിട്ട് കണ്ടത് പ്രകാരം ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് നൽകാവുന്ന നിരക്ക് സാധാരണ ഇനം 10.25.2 – Steel Work Built Up Tubular..... പ്രകാരം 154.18/KG മാത്രമാണ്. ആയതിനാൽ അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

1-43 വിവിധ ജലസേചന പദ്ധതികളുടെ നിർമ്മാണം - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രവൃത്തി	വിവിധ ജലസേചന പദ്ധതികളുടെ നിർമ്മാണം
കരാറുകാരൻ	എൽദോ ഏലിയാസ്
പ്രൊജക്ട്	338/25
എസ്റ്റിമേറ്റ്	₹30,00,000/-
ആകെ പ്രവൃത്തി	(1. ബിൽ നം. 414, 19/2/25 ₹11,99,783, 2. ബിൽ നം. 421, 24/02/25 ₹15,98,143)
ഫണ്ട്	തനത് ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ	അസ്സി. എൻജിനിയർ

ബില്ല് പ്രകാരം 100 Hp പമ്പ് സെറ്റ് സ്ഥാപിച്ചതിന് ആകെ 15,98,143/- രൂപ ചെലവ് വന്നിട്ടുണ്ട്. ഇതിൽ 100 Hp പമ്പ് സെറ്റിന്റെ വില 7,30,000/- രൂപ മാത്രമാണ്. ബാക്കി എല്ലാം അനുബന്ധ സാധനങ്ങളാണ്. നിലവിൽ ഇവിടെ മോട്ടോറും അനുബന്ധ സാധനങ്ങളും ഉണ്ടായിരുന്നതാണ്. ഇതിന്റെ വിനിയോഗം വ്യക്തമല്ല. നിലവിൽ ഉണ്ടായിരുന്ന പമ്പ് സെറ്റ് സംബന്ധിച്ച ഒരു വിവരവും ഫയലിൽ ലഭ്യമല്ല. മേൽ സൂചിപ്പിച്ച അപാതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/22-1-26) മറുപടി ലഭിച്ചില്ല. പഴയ മോട്ടോറിന്റെ വിനിയോഗം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-44 പ്ലാൻ ഫണ്ടുകൾ സമയ ബന്ധിതമായി ചെലവഴിച്ചില്ല 12237375 രൂപ നഷ്ടമായി

അങ്കമാലി നഗരസഭയ്ക്ക് 2024-25 വർഷത്തിൽ വിവിധ പ്ലാൻ ഫണ്ടുകളിൽ അലോട്ട് മെന്റ് ലഭിച്ച തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തതുമൂലം 12237375 രൂപ നഷ്ടമായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	അലോട്ട്മെന്റ് പ്രകാരം വരവ് (₹)	ചെലവ് (₹)	ചെലവഴിക്കാതെ ലാപ്സായ തുക (₹)
വികസന ഫണ്ട് (ജനറൽ)	25749409	20655371	5094038
സംരക്ഷണ ഗ്രാന്റ് (റോഡ്)	25616000	25270540	345460
സംരക്ഷണ ഗ്രാന്റ് (റോഡിതരം)	22565000	15767123	6797877
		ആകെ	12237375

പ്ലാൻ ഫണ്ടുകൾ അതേ സാമ്പത്തിക വർഷം തന്നെ ചെലവഴിച്ചില്ലെങ്കിൽ സാമ്പത്തിക വർഷാവസാനം സർക്കാർ തുക തിരിച്ചെടുക്കുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഉണ്ടായിരുന്നിട്ടും അവ സമയബന്ധിതമായി നടപ്പാക്കാതിരുന്നതിനും, തുക ചെലവഴിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 40/24.01.2026) പ്ലാൻഫണ്ടുകൾ സ്പിൽ ഓവർ ആകാതെ സമയബന്ധിതമായി ചെലവഴിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്നും, തൻ വർഷം സംസ്ഥാനത്ത് നഗരസഭ 7-ാം സ്ഥാനത്ത് ആയിരുന്നുവെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ലഭ്യമാകുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കേണ്ടതാണ്.

1-45 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി, അങ്കമാലി, കാലടി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലേക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	അടങ്കൽ	മുൻകൂർ നൽകിയ തുക/ വിശദാംശങ്ങൾ
KSEB	8/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും	₹600000(CFC ഗ്രാന്റ്) ₹400000(തനതുഫണ്ട്) ആകെ 1000000	BP-2024-25-125/27.03.25 ₹400000 BP-2024-25-141/31.03.25 ₹594104 ആകെ ₹994104/-
KSEB	170/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും (സ്പിൽ ഓവർ)	₹755750(CFC ഗ്രാന്റ്) ₹3899(തനതുഫണ്ട്) ആകെ ₹759649	BP-2024-25-72/03.02.25 ₹321719/-
		ആകെ	₹1315823

KSEB യുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 പ്രകാരമുള്ള 14-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 12.2.(5) ഡി.Ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല. നടപ്പിലാക്കേണ്ട പ്രവൃത്തി സംബന്ധിച്ച് കെ.എസ്.ഇ.ബി യിൽ നിന്നുള്ള സ്കെച്ച് ലഭ്യമാക്കിയിട്ടില്ല.

KSEB അങ്കമാലി ഇലക്ട്രിക്കൽ സെക്ഷൻ അസി എഞ്ചിനീയറുടെ 19.06.2024 ലെ 01/2024-25/AEE/ESD/ ANK നം എസ്റ്റിമേറ്റിന്റെയും, ഡിമാന്റ് നോട്ടീസിന്റെയും, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റേയും കത്തിന്റെയും അടിസ്ഥാനത്തിൽ ദേശീയ പാതയിൽ അങ്കമാലി ഫെഡറൽ ബാങ്ക് ജംഗ്ഷനിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യുന്നതിന് പ്രോജക്ടിൽ നിന്നും ₹75583 ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നഗരസഭയുടെ ചുമതലയിലോ, നിയന്ത്രണത്തിലോ ഉൾപ്പെടാത്ത പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് തുക നൽകിയതിനും, കരാർ ചമയ്ക്കാതെയും സ്കെച്ച് ലഭ്യമാക്കാതെയും തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12/20.01.2026) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ ₹1315823 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

1-46 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നഗര മേഖലയിലേക്ക് പ്രധാനമായും 2 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. മുനിസിപ്പാലിറ്റിക്ക് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം .

ക്രമ.	സ്കീം	2021-22	2022-23	2023-24	2024-25

നം.		(₹)	(₹)	(₹)	(₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs	-	28,16,000	0	0
2	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)	-	82,00,000	86,05,000	22,51,000 Int: 0.00

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs	-	-	5,60,996	22,55,004
2	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)	-	-	62,55,636	92,75,914

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs				
പ്രോജക്ട്	ചെലവ്			
	2021-22	2022-23	2023-24	2024-25
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (287/24)	-	-	*₹560996*	-
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (317/25)	-	-	-	*₹2255004*
ആകെ	-	-	*₹560996*	*₹2255004*
അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs)				
ഇ-കോളനി ഹെൽത്ത് & വെൽനെസ്സ് സെന്റർ - ഫർണിച്ചർ വാങ്ങൽ (252/24)	-	-	*₹487267*	-
ഇ-കോളനി ചമ്പന്നൂർ ഹെൽത്ത് & വെൽനെസ്സ് സെന്റർ - ഫർണിച്ചർ വാങ്ങൽ (263/24)	-	-	*₹487267*	-
ഇ-കോളനി ചമ്പന്നൂർ ഹെൽത്ത് & വെൽനെസ്സ് സെന്റർ - യൂണിഫോം വാങ്ങൽ (255/24)	-	-	*₹507165*	-
ഇ-കോളനി ചമ്പന്നൂർ ഹെൽത്ത് & വെൽനെസ്സ് സെന്റർ - വിവര സാങ്കേതിക വിദ്യാ ഉപകരണങ്ങൾ ബ്രാന്റിംഗ് (253/24)	-	-	*₹129190*	-
ക്യാൻസർ കെയർ പ്രോജക്ട്(289/24)	-	-	*₹177540*	-
പാലിയേറ്റീവ് കെയർ സാർവ്വത്രികമാക്കൽ (288/24)	-	-	*₹1194093*	-
ഇ-കോളനി എച്ച് ഡബ്ല്യൂ സി ഇൻഫ്രാസ്ട്രക്ച്ചർ (256/24)	-	-	*₹1473372*	-
ചെമ്പന്നൂർ എച്ച് ഡബ്ല്യൂ സി ഇൻഫ്രാസ്ട്രക്ച്ചർ(257/24)	-	-	*₹1799742*	-
ഇ-കോളനി ചെമ്പന്നൂർ എച്ച് ഡബ്ല്യൂ സി വിവരസാങ്കേതിക വിദ്യ ബ്രാന്റിംഗ് ദൈനംദിന പ്രവർത്തനങ്ങൾ(311/25)	-	-	-	*₹212669*
ഇ-കോളനി ചമ്പന്നൂർ ഹെൽത്ത് & വെൽനെസ്സ് സെന്റർ- / ഹോണറേറിയം വിതരണം (308/25)	-	-	-	*₹1829881*
പോളി ഡെന്റൽ ക്ലിനിക് സ്ഥാപിക്കൽ - (314/25)	-	-	-	*₹6000000*
ക്യാൻസർ കെയർ പ്രോജക്ട് (316/25)				*₹27460*
പാലിയേറ്റീവ് പ്രവർത്തനങ്ങൾ സാർവ്വത്രികമാക്കൽ (315/25)				*₹1205907*
ആകെ	-	-	*₹6255636*	*₹9275917*

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം .

വർഷം	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക	മറ്റ് പരാമർശങ്ങൾ
2023-24	ഇ-കോളനി എച്ച് ഡബ്ല്യൂ സി ഇൻഫ്രാസ്ട്രക്ച്ചർ	₹18,00,000	₹14,73,372	
2023-24	ചെമ്പന്നൂർ എച്ച് ഡബ്ല്യൂ സി ഇൻഫ്രാസ്ട്രക്ച്ചർ	₹20,00,000	₹17,99,742	

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി പി.എച്ച്.സി. ഫെസിലിറ്റീസ് ഇൻ അർബൻ PHCs (3201002) Canara Bank A/C No.110049992600	അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ് (HWCs) (3201001) Canara Bank A/C No. 110049992885
മുന്നിരുപ്പ്	₹22,74,245	₹39,08,926
വരവ് (പലിശ ഉൾപ്പെടെ)	₹63,997	₹23,89,743
ആകെ	₹23,38,242	₹62,98,669
ചെലവ്	₹23,33,407	₹21,70,615
നീക്കിയിരുപ്പ്	₹4835	₹41,28,054

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം/ അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ ഒഴികെ).

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
56(Regular+ Contingent)	365000	305000	59500	

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ ഇല്ല					

3. മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ ഇല്ല				

4. മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഓഫീസിൽ 01.08.2024 മുതൽ 31.03.25 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ ഇല്ല					

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25	ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്

4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവ്	നീക്കിയിരിപ്പ്
KSEB	8/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും	BP-2024-25-125/27.03.25 ₹400000 BP-2024-25-141/31.03.25 ₹594104 ആകെ ₹994104	0	₹994104
KSEB	170/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടലും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും (സ്പിൽ ഓവർ)	BP-2024-25-72/03.02.25 ₹321719	0	₹321719
KWA	156/25 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ	PPMS. 1032597987105/31.3.25 ₹3591061		₹3591061

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-6 വായ്പ / വായ്പാതിരിച്ചടവ്

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂളിൽ Secured Loans എന്ന ശീർഷകത്തിൽ Loan From Banks ഇനത്തിൽ 15000 രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-8 സ്ഥിര നിക്ഷേപങ്ങൾ.

എ) സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം		9,14,02,216
തൻവർഷം നിക്ഷേപിച്ച തുക	പുതിയ നിക്ഷേപം	10000000
	പലിശ നിക്ഷേപിച്ചത്	4119337
ആകെ		105521553
തന്നാണ്ടിൽ പിൻവലിച്ച തുക		0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം		105521553

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമ നം.	ബാങ്ക്	സർട്ടിഫിക്കറ്റ് സ്റ്റേഷനറി നമ്പർ	ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് നമ്പർ	നിക്ഷേപിച്ച തീയതികളും കാലവധിയും	നിക്ഷേപിച്ച തുക
1	എറണാകുളം ജില്ലാ സഹകരണ ബാങ്ക്	290863	3385000000010	16.11.24 (6 മാസം)	13993281
2	കേരള ഗ്രാമീൺ ബാങ്ക് (1)2023-24	1635200	40539142300261 (പുതിയ അക്കൗണ്ട് നം. നം.40539202400170)	26.06.2024 (555 ദിവസം	9219717
3	കേരള ഗ്രാമീൺ ബാങ്ക്(2) 2023-24	1314827	40539202200133 (പുതിയ അക്കൗണ്ട് നം. 40539202400194)	29.7.24 555 ദിവസം	6727359
4	കേരള ഗ്രാമീൺ ബാങ്ക്(3) 2023-24	1314826	40539202200136 (പുതിയ അക്കൗണ്ട് നം. 40539202400197)	29.7.24 555 ദിവസം	6727359
5	കേരള ഗ്രാമീൺ ബാങ്ക്(4) 2023-24	1314824	40539202200134 (പുതിയ അക്കൗണ്ട് നം. 40539202400195)	29.7.24 555 ദിവസം	6727359
6	കേരള ഗ്രാമീൺ ബാങ്ക്(5) 2023-24	1314825	40539202200135 പുതിയ അക്കൗ. നം 40539202400196	29.7.24 555 ദിവസം	6727359
7	കേരള ഗ്രാമീൺ ബാങ്ക്(6) 2023-24	1045162	4053201900233 പുതിയ അക്കൗ. നം 40539202400198	29.7.24 555 ദിവസം	6727358
8	കേരള ഗ്രാമീൺ ബാങ്ക്(7) 2023-24	1045163	40539201900234 പുതിയ അക്കൗ. നം 40539202400199	29.7.24 555 ദിവസം	6727358
9	സൗത്ത് ഇന്ത്യൻ ബാങ്ക്-1		331100000000965	(26.01.2025ൽ 101ദിവസത്തേയ്ക്ക് നിക്ഷേപിച്ചത്)	75000
10	സൗത്ത് ഇന്ത്യൻ ബാങ്ക്-2		331100000905	26.01.2025 ൽ 101 ദിവസത്തേയ്ക്ക്	5000000

				നിക്ഷേപിച്ചത്	
11	ഫെഡറൽ ബാങ്ക്-1		10020300279185	10.06.2024 (400 ദിവസം)	2899925
12	ഫെഡറൽ ബാങ്ക്-2		100020300498074	(30.06.2024ൽ 15 മാസത്തേയ്ക്ക് നിക്ഷേപിച്ചത്)	5419245
13	ഫെഡറൽ ബാങ്ക്-3		10020300515646	17.1.2024 (16 മാസം, 14 ദിവസം)	2500000
14	ഫെഡറൽ ബാങ്ക്-4		10020300515638	17.01.2024 (16 മാസം, 14 ദിവസം)	2500000
15	ഫെഡറൽ ബാങ്ക്-5		10020300515620	17.01.2024 (16 മാസം, 14 ദിവസം)	2327457
16	ഫെഡറൽ ബാങ്ക്-6		10020300515612	17.01.2024 (16 മാസം, 14 ദിവസം)	2500000
17	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ		36943969352	9.06.2024 (6 മാസം)	8722776
18	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ		43776550305 പുതിയ നിക്ഷേപം	31.01.2025 (1 വർഷത്തേക്ക്)	10000000
				ആകെ	105521553

സ്ഥിര നിക്ഷേപം നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല, ബാലൻസ് ഷീറ്റ് Schedule B12: Investments പ്രകാരം 104074834 രൂപയാണ് സ്ഥിര നിക്ഷേപം നീക്കിയിരിപ്പ്.

സ്ഥിര നിക്ഷേപങ്ങളുടെ അപാകത സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 1- 31ൽ ചേർത്തിട്ടുണ്ട്.

ബി) ഇക്വിറ്റി ഷെയർ

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 674000 രൂപയുടെ ഇക്വറ്റി ഷെയർ നിക്ഷേപം കാണുന്നു. എന്നാൽ അവയുടെ സർട്ടിഫിക്കറ്റ് ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	2-7	2006-07	4 (16)	നായത്തോട് MGM HSS +2 കെട്ടിട നിർമ്മാണം -1,38,150/- രൂപ - നിരാകരണം	നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം റിവൈസ്ഡ് എസ്റ്റിമേറ്റ് സംബന്ധിച്ച് മുനിസിപ്പൽ എഞ്ചിനീയർക്ക് 19.05.2016 ൽ കത്തയച്ചിട്ടുണ്ട്. കേസും നിലവിലുണ്ട്.
2006-07	2-6	2009-10	3.1.5(1)	മാർക്കറ്റ് കോംപ്ലക്സ് - വൻ- വാടക കുടിശ്ശിക സംബന്ധിച്ച്	8.1.2024-ലെ എ2-11015/23 നമ്പർ പ്രകാരം മറുപടി നൽകിയതിനു ശേഷം ഈ വിഷയത്തിൽ മറ്റ് നടപടികൾ ഉണ്ടായിട്ടില്ല.

4-10 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹221602670.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹200327341.00
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹6840104

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ഒന്നുമില്ല	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	1000000	ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി
1-30	50000	ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി
1-32	123250	ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി
1-33	22420	ഡോ. സുനിൽ ജെ. ഇളംതട്ട് സൂപ്രണ്ട്, താലൂക്ക് ആശുപത്രി
1-34	345000	ശ്രീ. ജോബി ടി വൈ, വ്യവസായ വികസന ഓഫീസർ
1-39	392550	ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി
1-40	3591061	ശ്രീ. പ്രസാദ് വി.എസ്. അസിസ്റ്റന്റ് എഞ്ചിനിയർ
1-45	1315823	ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി
ആകെ	6840104/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി	സെക്രട്ടറി അങ്കമാലി നഗരസഭ	കളപറമ്പത്ത് പാത്താടൻ വീട് അന്നമനട പി.ഒ, തൃശ്ശൂർ ജില്ല

ഡോ. സുനിൽ ജെ. ഇളംതട്ട് സൂപ്രണ്ട്, താലൂക്ക് ആശുപത്രി	മെഡിക്കൽ സൂപ്രണ്ട്, താലൂക്ക് ആശുപത്രി അങ്കമാലി	ഇളം തട്ട് വീട്, പുത്തൻകാവ് റോഡ്, കാലടി, എറണാകുളം ജില്ല
ശ്രീ. ജോബി ടി വൈ, വ്യവസായ വികസന ഓഫീസർ	വ്യവസായ വികസന ഓഫീസർ, അങ്കമാലി നഗരസഭ	തോട്ടപ്പിള്ളി വീട്, യോർദ്ദനാപുരം പി.ഒ, തോട്ടകം, എറണാകുളം ജില്ല
ശ്രീ. പ്രസാദ് വി.എസ്. അസിസ്റ്റന്റ് എഞ്ചിനിയർ	അസിസ്റ്റന്റ് എഞ്ചിനിയർ അങ്കമാലി നഗരസഭ	വീക്കത്ത് വീട് വെസ്റ്റ് കൊരട്ടി പി ഒ, മാമ്പ്ര, തൃശ്ശൂർ ജില്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1966-67	എൽ.എഫ്.ഇ(ഇ3)4243/76 തീയതി. 25.11.1975
1969-70	എൽ.എഫ്.ഇ(ഇ3)4243/76 തീയതി. 25.11.1975
1970-71	എൽ.എഫ്.ഇ(ഇ3)4243/76 തീയതി. 25.11.1975
1971-72	എൽ.എഫ്.ഇ(ഇ3)4243/76 തീയതി. 25.11.1975
1973-74	എൽ.എഫ്.ഇ(എം2)1915/88 തീയതി. 08.09.1989
1974-75	എൽ.എഫ്.ഇ(എം2)1414/77 തീയതി. 18.08.1989
1975-76	എൽ.എഫ്.ഇ(എം2)1488/88 തീയതി. 18.08.1989
1976-77	എൽ.എഫ്.ഇ(എം2)1591/88 തീയതി. 09.09.1988
1977-78	എൽ.എഫ്.ഇ(എം2)1532/88 തീയതി. 09.09.1988
1978-79	എൽ.എഫ്.ഇ(എം2)1612/89 തീയതി. 16.08.1989
1979-80	എൽ.എഫ്.ഇ(എം2)2051/88 തീയതി. 06.09.1989
1980-81	എൽ.എഫ്.ഇ(എം1)1915/88 തീയതി. 08.09.1989
1981-82	എൽ.എഫ്.ഇ(എം1)1205(1)/94 തീയതി. 15.05.1995
1982-83	എൽ.എഫ്.ഇ(എം1)1205(1)/94 തീയതി. 15.05.1995
1983-84	എൽ.എഫ്.ഇ(എം1)1228(1)/93 തീയതി. 15.05.1995
1984-85	എൽ.എഫ്.ഇ(എം1)554/93 തീയതി. 24.12.1991
1985-86	എൽ.എഫ്.ഇ(എം1)147/87 തീയതി. 15.04.1992
1986-87	എൽ.എഫ്.ഇ(എം1)147/87 തീയതി. 15.04.1992
1987-88	എൽ.എഫ്.ഇ(ഇ3)1262/93 തീയതി. 01.10.1994
1988-89	എൽ.എഫ്.ഇ(ഇ3)548/96 തീയതി. 06.08.1996
1989-90	എൽ.എഫ്.ഇ(ഇ3)548/96 തീയതി. 06.08.1996
1990-91	എൽ.എഫ്.ഇ(ഇ3)549/96 തീയതി. 17.10.1996
1991-92, 1994-95	എൽ.എഫ്.ഇ(ഇ3)1214/97 തീയതി. 10.07.1997
1999-2000 (വരവ്)	എൽ.എഫ്.ഇ(ഇ)970/04 തീയതി. 12.11.2004
1999-2000 (ചെലവ്)	എൽ.എഫ്.ഇ(ഇ3)1223/06 തീയതി. 17.10.2007
2000-01 (ചെലവ്)	എൽ.എഫ്.ഇ(എം1)233/05 തീയതി. 04.11.2005
2001-02 (വരവ്)	എൽ.എഫ്.ഇ(എം1)1318/09 തീയതി. 11.10.2010/05.02.2011
2001-02(ചെലവ്)	എൽ.എഫ്.ഇ(എം1)113/04 തീയതി. 12.01.2007
2000-01 (വരവ്)	എൽ.എഫ്.ഇ(എം1)1317/09 തീയതി. 07.12.2010/05.02.2011
2002-03	എൽ.എഫ്.ഇ(എം1)1319/09 തീയതി. 11.10.2010/05.02.2011
2003-04	എൽ.എഫ്.ഇ(എം1)1320/09 തീയതി. 07.12.2010/02.04.2011
2004-05	എൽ.എഫ്.ഇ(എം1)907/11 തീയതി. 29.10.2011/03.01.2012
2005-06	എൽ.എഫ്.ഇ(എം1)908/11 തീയതി. 13.02.2011/10.02.2012
2006-07	എൽ.എഫ്.ഇ(എം1)793/08 തീയതി. 29.01.2009/12.04.2009

2008-09	എൽ.എഫ്.ഇ(എം1)1305/11 തീയതി. 04.05.2012/11.07.2012
2009-10, 2010-11	എൽ.എഫ്.ഇ(എം1)1478/13 തീയതി. 03.10.2013/11.11.2013
2011-12	എൽ.എഫ്.ഇ(എം1)1368/14 തീയതി. 08.10.2014/13.11.2014
2012-13	കെ.എസ്.എ-ഇ.കെ.എം(എം1) 924/2015/ 17.09.2015
2013-14&14-15	കെ.എസ്.എ-ഇ.കെ.എം(എം1) 1007/2016/ 05.07.2016
2015-16	കെ.എസ്.എ-ഇ.കെ.എം(എം1) 53/2017/ 07.02.2017
2016-17	കെ.എസ്.എ-ഇ.കെ.എം(എം1) 1774/2017/ 07.11.2017
2017-18	കെ.എസ്.എ-ഇ.കെ.എം(എം1) 150/2019/ 21.03.2019
2018-19	കെ.എസ്.എ-ഇ.കെ.എം(എം1) 1838/2019/ 10.01.2020
2019-20	കെ.എസ്.എ-ഇ.കെ.എം(എം1) 317/22/ 11.07.2022
2020-21	കെ.എസ്.എ.ഇ.കെ.എം(എം1) 961/2022/ 16.08.2022
2021-22	കെ.എസ്.എ.ഇ.കെ.എം(എം1) 2130/2022/ 17.04.2023
2022-23	കെ.എസ്.എ.ഇ.കെ.എം(എം1) 84/2024/ 20.03.2024
2023-24	കെ.എസ്.എ.ഇ.കെ.എം(എം1) 29/25/ 27.03.2025

റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 28-11-2025 and submitted on 30-11-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Angamaly Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Angamaly Municipality as on 31-03-2025

Date: 18/03/2026

Joint Director
District Office Ernakulam
Kerala State Audit Department

Audit Report appended to the Audit Certificate of Angamaly Municipality for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1) Notes to Accounts and Basic ratios to be included in the annual financial statements vide Kerala Municipality (Accounts) Rules 2007, rule 58(e) and 58(f) respectively are not included.

2) The expenditure pertaining to the C.F.C. Grant has not been accounted for under the head Revenue Grants, Contributions and Subsidies I-6 as required.

3) An amount of 3,25,74,566 incurred towards AMRUT projects has not been included under the head Revenue Grants, Contributions and Subsidies I-6 as required.

4) As the asset details have not been updated, the accuracy of the values reported under Balance Sheet Schedule B-9 (Fixed Assets), B-10 (Accumulated Depreciation), and B-11 (Capital Work in Progress) could not be ensured.

5) The expenditure amounts under the Development Fund (General) do not reconcile with the Sulekha expenditure statements.

6) The opening balance and closing balance under the head Excess of Income Over Expenditure show discrepancies.

7) The closing balance amounts of the Central Finance Commission Grant Health Grant do not reconcile as per Schedules B-4 and B-17.

8) The closing balance of Fixed Deposits does not reconcile with the annual accounts.

9) The expenditure relating to the Health Grant has not been accounted for under the head Revenue Grants, Contributions and Subsidies I-6 in the Income and Expenditure Schedule.

10) Details of Secured Loans are not available.

11) The expenditure relating to the PMAY allocation has not been included under the head Revenue Grants, Contributions and Subsidies I-6.

12) The closing balance of Outstanding Rent does not reconcile with the annual accounts.

13) The bank reconciliation statements do not contain complete information.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി മുനിസിപ്പാലിറ്റിയുടെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്